## അല്ലാഹുവിന്റെ വചനം

يَٰٓاَيُّهَا الَّذِيْنَ اٰمَنُوْٓا اِذَا لَقِيْتُمْ فِئَةً فَاثْبُتُوْا وَ اذْكُرُوا اللّٰهَ كَثِيْرًا لَّعَلَّكُمْ تُفْلِحُوْنَ ﴿٤٦﴾

വിശ്വസിച്ചവരേ! നിങ്ങൾ ഒരു സൈന്യത്തെ കണ്ടുമുട്ടിയാൽ ഉറച്ചു നിൽക്കുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുക;നിങ്ങൾ വിജയം പ്രാപിക്കുന്നതിനുവേണ്ടി.
.
(വിശുദ്ധ ഖുർആൻ 8:46)


بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 9

# ബദർ
വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 9

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 ഫെബ്രുവരി 29/ ഹി.ശം 1403 തബ്ലീഗ് 29/1445 ശഅബാൻ 18


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

### പണയംവച്ച മൃഗത്തിൽനിന്ന് ലാഭമെടുക്കുക

2511) അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:സവാരി ചെയ്യുന്ന മൃഗത്തെ ഒരാൾ പണയം വാങ്ങിയാൽ അതിന് തീറ്റക്കും മറ്റും ചെലവ് ചെയ്യേണ്ടി വരുന്നതുകൊണ്ട് അതിന്മേൽ സവാരി ചെയ്യാം. അപ്രകാരംതന്നെ പാൽ കറന്ന് കുടിക്കുകയും ചെയ്യാം.

2512)അബൂഹുറയ്റ(റ)നിവേദനം നബി(സ)തിരുമേനി പറഞ്ഞു:.......ആവർത്തനം (2511). സവാരി ചെയ്യുന്നവനും പാൽ കുടിക്കുന്നവനുമാണ് അവയുടെ ചെലവു വഹിക്കേണ്ടത്. (സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുർരഹൻ, പ്രസാധനം 2008 ഖാദിയാൻ)

### ദുആ ഔഷധമാകുന്നു

*താൻ ഇത്രയധികം പാപം ചെയ്തല്ലോ എന്നു ചിന്തിച്ച് പാപിയായ മനുഷ്യൻ ദുആയിൽനിന്ന് ഒരിക്കലും പിന്തിരിയരുത്. ദുആ ഔഷധമാണ്. പാപത്തോട് വിമുഖത തോന്നിത്തുടങ്ങിയത് എങ്ങനെയെന്ന് ഒടുവിൽ അയാൾ കാണുന്നതാണ്.*
(മൽഫൂദാത്ത് വാല്യം. 1 പേ. 4 )


THE WEEKLY
AL HAKAM
www.alhakam.org

mta INTERNATIONAL
WATCH LIVE
for children's classes, friday sermons, and more


### ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 2023 ജനുവരി 19 (സമ്പൂർണ തർജമ)

ജുമുഅ ഖുത്വ്ബ 2023 ജനുവരി 26 (സമ്പൂർണ തർജമ)

മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)


**അല്ലാഹുവിനെക്കൂടാതെ ജിവിക്കുന്നതും നരകമാണ്. ബലാകൾ മനഷ്യനുമേൽ വരുന്നത് അവൻ അല്ലാഹുവിൽനിന്ന് അകന്ന് ജീവിക്കുന്നതുകൊണ്ടാണ്. അവന്റെ തിരുസന്നിധിയിൽ പൊങ്ങച്ചവും ധൃഷ്ടതയും കാണിക്കുന്നതുകൊണ്ടാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

രണ്ടുവസ്തുക്കളുടെ പരസ്പര ബന്ധവും ഉരസലുംകൊണ്ട് ഒരു ചൂടുണ്ടാകുന്നു. ഇപ്രകാരം മനുഷ്യന്റെ സ്നേഹവും ദുൻയാവിനോടും ദുൻയാവിലെ വസ്തുക്കളോടുമുള്ള സ്നഹത്തിന്റെ ഉരസലുംകൊണ്ട് ദൈവിക സ്നേഹം കരിഞ്ഞുപോകുന്നു. മനസ്സ് ഇരുണ്ട് അല്ലാഹുവിൽനിന്ന് അകന്നുപോകുന്നു. അവൻ എല്ലാതരത്തിലുള്ള അസ്വസ്ഥതകളുടേയും ഇരയായിത്തീരുന്നു. പക്ഷേ, ഭൗതികവസ്തുക്കളോടുള്ള ബന്ധമുണ്ടല്ലോ, അത് അല്ലാഹുവിലായി ഒരു ബന്ധമുണ്ടാകുകയും അവരുടെ സ്നേഹം അല്ലാഹുവിന്റെ സ്നേഹത്തിലാകുകയും ആ സമയത്തുണ്ടാകുന്ന പരസ്പര ഉരസൽ കാരണത്താൽ മറ്റു ദൈവങ്ങളോടുള്ള സ്നേഹം കരിഞ്ഞുപോകുകയും ചെയ്യുന്നു. അതിന്റെ സ്ഥാനത്ത് ഒരു വെളിച്ചവും പ്രകാശവും നിറയ്ക്കപ്പെടുന്നു. പിന്നീട് അല്ലാഹുവിന്റെ തൃപ്തി അവന്റെ തൃപ്തിയും അവന്റെ തൃപ്തി ദൈവിക തൃപ്തിയുടെ ഉദ്ദേശ്യമാകുകയും ചെയ്യുന്നു. ഈ അവസ്ഥയിലെത്തിയിട്ട് അല്ലാഹുവിന്റെ സ്നേഹം അവന് ജീവന്റെ സ്ഥാനമായിത്തീരുന്നു. എപ്രകാരം ജീവിക്കുന്നതിന് ജീവിതസാധനസാമഗ്രികൾ നിർബന്ധമാണോ അവന്റെ ജീവിതത്തിന് അല്ലാഹു, വെറും അല്ലാഹുവിന്റെതന്നെ ആവശ്യമുണ്ടാകുന്നു. മറ്റു വാക്കുകളിൽ ഇങ്ങനെ പറയാവുന്നതാണ്, അവന്റെ സന്തോഷവും സൗഖ്യവും അല്ലാഹുവിലാകുന്നു. പിന്നീട് ഭൗതികചിന്താഗതിക്കാരുടെ പക്കൽ അവന് എന്തെങ്കിലും വിഷമമോ സങ്കടമോ ഉണ്ടായാൽ, യാഥാർഥ്യം ഇക്കാര്യംതന്നെയാണ് അതായത് ആ വിഷമത്തിലും ദുഃഖത്തിലും അവൻ ശാന്തിയും സമാധാനവുംകൊണ്ട് ദൈവിക രുചി അനുഭവിക്കുന്നു. അത് ഏതെങ്കിലും ഭൗതികന്റെ ദൃഷ്ടിയിൽ വലിയവനിൽ വലിയവനായ നല്ല അവസ്ഥയിലിരിക്കുന്നവനും ലഭിക്കുകയില്ല.

ഇതിന്നെതിരിൽ അവന്റേയും മറ്റുമനുഷ്യരുടേയും അവസ്ഥയെന്താണോ അത് ജഹന്നമാണ്.

പിന്നീട് പനിയും ജഹന്നമിന്റെ ചൂടുതന്നെയാണെന്ന് ഹദീഥ് ശരീഫിൽനിന്ന് അറിയാൻ കഴിയുന്നു. മനുഷ്യനുണ്ടാകുന്ന വിവിധ തരത്തിലുള്ള രോഗങ്ങളും വിപത്തുകളും നരകത്തിന്റെതന്നെ മാതൃകയാണ്. അടുത്ത ലോകത്ത് സാക്ഷിയാകാനാണിത്. രക്ഷാശിക്ഷയുടെ യാഥാർഥ്യത്തിന് തെളിവാകാനാണ്. കഫ്ഫാറ(പ്രായശ്ചിത്തം)തുടങ്ങിയ നിരർഥമായ കാര്യങ്ങളെ ഖണ്ഡിക്കാനാണിത്. ഉദാഹരണത്തിന് കുഷ്ഠരോഗംതന്നെനോക്കുക. അവയവങ്ങൾ അറ്റുപോകുന്നു. മൃദുവായ മൂലധാതു, അവയവങ്ങളിലൂടെ ഒഴുകുന്നു. ശബ്ദം അടഞ്ഞുപോയി. ഒന്ന് ഇതുതന്നെ നരകമാണ്. ആളുകളാണെങ്കിൽ വെറുക്കുകയും ഉപേക്ഷിച്ചുപോകുകയും ചെയ്യുന്നു. ഏറ്റവും പ്രിയപ്പെട്ട ഭാര്യയും, മക്കളും മാതാപിതാക്കൾവരെ മാറിപ്പോകുന്നു. ചിലർ അന്ധരും ബധിരരുമായിത്തീരുന്നു. ചിലർ വേറെ ഭയാനകമായ രോഗങ്ങളിൽ അകപ്പെടുന്നു. മുരടിച്ചുപോകുന്നു. വയറ്റിൽ മുഴകളുണ്ടാകുന്നു. ബലാകൾ മനഷ്യനുമേൽ വരുന്നത് അവൻ അല്ലാഹുവിൽനിന്ന് അകന്ന് ജീവിക്കുന്നതുകൊണ്ടാണ്. അവന്റെ തിരുസന്നിധയിൽ പൊങ്ങച്ചവും ധ്യഷ്ടതയും കാണിക്കുന്നതുകൊണ്ടാണ്. അല്ലാഹു പറയുന്ന കാര്യങ്ങളെ ആദരിക്കുകയോ വകവെക്കുകയോ ചെയ്യുന്നില്ല. ആ നേരത്ത് ഒരു ജഹന്നമുണ്ടാകുന്നു.(മൽഫൂദാത്ത് വാല്യം 1, പേജ് 503-504, പ്രസാധനം 2018 ഖാദിയാൻ)

**വിശുദ്ധ ഖുർആനിൽ *സാഅത്ത്* എന്ന പദം വെറും പാരത്രിക ഖിയാമത്തിനുവേണ്ടി ഉപയോഗിക്കപ്പെട്ടിട്ടില്ല. പ്രത്യുത നബിമാരുടെ ജമാഅത്തുകളുടെ അഭിവൃദ്ധിയും അവരുടെ ശത്രുക്കളുടെ നാശത്തിനും വേണ്ടിയും *സാഅത്ത്* എന്ന പദം ഉപയോഗിക്കപ്പെട്ടിരിക്കുന്നു.**

സയ്യിദുനാ ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്(റ)സൂറ അൽഹജ്ജിലെ 2,3 വചനങ്ങൾക്കു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: ഈ ആയത്തിൽ സൽസലത്തുസ്സാഅത്തി എന്ന പദങ്ങൾ ഉപയോഗിക്കപ്പെട്ടിരിക്കുന്നു. ഇതിൽനിന്ന് ബാഹ്യമായി നോക്കുമ്പോൾ അവിശ്വാസികൾക്കുവേണ്ടി വിധിക്കപ്പെട്ടിരിക്കുന്ന പരലോകത്തെ ശിക്ഷയാണ് പറയപ്പെട്ടിരിക്കുന്നതെന്ന സംശയമുണ്ടാകാം. എന്നാൽ, ഇതു ശരിയല്ല. വിശുദ്ധ ഖുർആൻ വായിക്കുന്നതിൽനിന്ന് മനസ്സിലാകുന്നത് ഇതിൽ വന്നിരിക്കുന്ന സാഅത്ത് എന്ന പദം വെറും പാരത്രിക ഖിയാമത്തിനുവേണ്ടി ഉപയോഗിക്കപ്പെട്ടിരിക്കുന്നതല്ലെന്നാണ്. പ്രത്യുത നബിമാരുടെ ജമാഅത്തുകളുടെ അഭിവൃദ്ധിയും അവരുടെ ശത്രുക്കളുടെ നാശത്തിനും വേണ്ടിയും സാഅത്ത്എന്ന പദം ഉപയോഗിക്കപ്പെട്ടിരിക്കുന്നു.

ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത് ഹുദയ്ബിയ സന്ധിക്കുശേഷം ഉടമ്പടി ലംഘിച്ചുകൊണ്ട് മക്ക ഖുറയ്ശികൾ ബനൂബക്റിനോടൊപ്പം ചേർന്ന് മുസ്‌ലിമീങ്ങളുടെ സഖ്യകക്ഷിയായ ഖുസാഅ ഗോത്രത്തിനുമേൽ ആക്രമണം നടത്തി. അവരുടെ ഒരുപാടാളുകളെ വധിച്ചു. അപ്പോൾ ഖുസാഅഗോത്രം ഉടൻതന്നെ പായുന്ന ഒട്ടകങ്ങളുടെമേൽ നാൽപത് ആളുകളെ ഇരുത്തി ആ ഉടമ്പടിലംഘനത്തെ കുറിച്ച് അറിയിക്കുന്നതിന് മദീനയിൽ അയച്ചു. നബി(സ)തിരുമേനിയോടു, പരസ്പരമുള്ള ഉടമ്പടിയനുസരിച്ച് ഞങ്ങളോടു അവർ ചെയ്തതിന് അങ്ങ് പകരം വീട്ടുക എന്ന് ആവശ്യപ്പെട്ടു;മക്കയുടെമേൽ ആക്രമണം നടത്തുക!ഈ സംഘം മദീനയിലെത്തുന്നതിനു മുമ്പേ അല്ലാഹു ജാഗ്രദർശനത്തിൽ നബി(സ)തിരുമേനിയെ മക്കക്കാരുടെ ഈ ഉടമ്പടി ലംഘനത്തെ കുറിച്ച് അറിയിച്ചിരുന്നു.

ഇതിന്നിടയിൽ നബി(സ)തിരുമേനി മക്കയുടെ മേൽ ആക്രമണം നടത്തുന്നതിന് പത്തായിരം പേരടങ്ങുന്ന ഒരു സൈന്യത്തെ തയ്യാറാക്കി. അവിടന്ന് ദീർഘയാത്ര ചെയ്ത് രാത്രി നേരത്ത് മക്കയുടെ അടുത്തെത്തുകയും എല്ലാ തമ്പിന്റേയും മുമ്പിൽ ദീപം തെളിക്കാൻ കൽപ്പിക്കുകയും ചെയ്തു. ഒരു കാട്ടിൽ രാത്രിനേരത്ത് പത്തായിരമാളുകളുടെ തമ്പുകൾക്കുമുന്നിൽ ആളിക്കത്തുന്ന അഗ്നി ഭയാനകമായ ദൃശ്യമാണ് സമർപിച്ചുകൊണ്ടിരുന്നത്. എന്നാൽ, അവിടന്ന് ഈ തയ്യാറെടുപ്പ് വളരെ രഹസ്യമായാണ് വെച്ചിരുന്നത്. അതുകൊണ്ട് മക്കക്കാർക്ക് ഇസ്‌ലാമിക സൈന്യം അവർക്കുമുമ്പിൽ താവളമടിച്ചിരിക്കുന്നുവെന്നതിനെ കുറിച്ച് ഒന്നും അറയില്ലായിരുന്നു.

അബൂസുഫിയാൻ തന്റെ കൂട്ടുകാരോടൊപ്പം മക്കയിൽനിന്ന് പുറത്തിറങ്ങിയപ്പോൾ കാടുമുഴുവൻ തീകൊണ്ടു വെളിച്ചമുള്ളതായി കണ്ടു. ഇതാരാണെന്ന് ഓർത്ത് അയാൾ അത്ഭുതപ്പെട്ടു. അങ്ങനെ അബൂസുഫിയാൻ തന്റെ കൂട്ടുകാരോടു ഇതെന്താണെന്ന് ചോദിച്ചു. ആകാശത്തുനിന്ന് വല്ല സൈന്യവും വന്നിറങ്ങിയതാണോ? അവർ വിവിധഗോത്രങ്ങളുടെ പേര് പറഞ്ഞു, എന്നാൽ, അബൂസുഫിയാൻ ഓരോ പേരു കേൾക്കുമ്പോഴും പറഞ്ഞു:ഈ

(ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- നബി(സ)തിരുമേനിയുടെ മുഖത്തുനിന്ന് രക്തം ഉറ്റുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി സ്വയംതന്നെ മുഖം തുടച്ചുകൊണ്ടിരുന്നു. അതോടൊപ്പം ഇങ്ങനെ പറയുന്നുണ്ടായിരുന്നു: കയ്ഫ യുഫ്‌ലിഹു ഖൗമുൻ ശജ്ജൂ നബിയ്യഹും വ കസറൂ റബായിയത്തഹൂ വഹുവ യദുഊഹും ഇലല്ലാഹി തങ്ങളുടെ നബി, അല്ലാഹുവിലേക്ക് വിളിക്കുമ്പോൾ അദ്ദേഹത്തിന് പരിക്കേൽപിക്കുകയും അദ്ദേഹത്തിന്റെ മുൻനിരയിലുള്ള പല്ല് പൊട്ടിക്കുകയും ചെയ്യുന്ന സമുദായം എങ്ങനെ വിജയം വരിക്കാനാണ്?
- ക്ഷണത്തിൽ നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റേയും ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടേയും ഇടയിൽ പ്രത്യക്ഷപ്പെട്ടു. ഞങ്ങൾ അവിടത്തെ നടത്തത്തിൽനിന്നാണ് നബി(സ)തിരുമേനിയെ തിരിച്ചറിഞ്ഞത്. ആ സമയത്ത് ഞങ്ങളുടെ സന്തോഷം നിയന്ത്രണാതീതമായിരുന്നു. ഞങ്ങൾ പരാജയമോ നഷ്ടമോ ഒന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിലായിരുന്നു. മുസ്‌ലിമീങ്ങൾ നബി(സ)തിരുമേനിയെ കാണുകയും തിരിച്ചറിയുകയും ചെയ്തപ്പോൾ അവർ ഈയാംപാറ്റകളെപോലെ നബി(സ)തിരുമേനിയുടെ ചുറ്റിലും ഒരുമിച്ചുകൂട്ടി.
- ഒരു വേള നബി(സ)തിരുമേനിയുടെ കൂടെ 3 പേർ മാത്രമാണുണ്ടായിരുന്നത്. കാഫിരീങ്ങൾ നബി(സ)തിരുമേനിയുടെ നേർക്ക് പ്രത്യേകമായും അമ്പെയ്യാൻ തുടങ്ങി. എന്നാൽ, ഇത്രയും സങ്കീർണാവസ്ഥയായിരുന്നിട്ടും നബി(സ)തിരുമേനി ശത്രുക്കളുടെ നേരെതന്നെ നിന്നു. തന്റെ സ്ഥലത്തുനിന്ന് അനങ്ങിയില്ല.
- ഹദ്റത്ത് ത്വൽഹ(റ)താഴെ ഇരിക്കുകയും നബി(സ)തിരുമേനി അദ്ദേഹത്തിന്റെമേൽ കാൽവെച്ച് പാറയിൽ കയറുകയും ചെയ്തു. ഹദ്റത്ത് സുബയ്ർ(റ)പറയുന്നു: ഞാൻ ആ നേരത്ത് നബി(സ)തിരുമേനി ഇങ്ങനെ പറയുന്നത് കേട്ടു. ത്വൽഹ തനിക്ക് സ്വർഗം നിർബന്ധമാക്കിയിരിക്കുന്നു.
- ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനിക്കേറ്റ വിഷമങ്ങളുടേയും സ്വഹാബാക്കളുടെ ജീവാർപ്പണത്തിന്റേയും ഈമാൻ ദൃഢീകരിക്കുന്ന ചർച്ച.
- ഫലസ്തീലെ പീഢിതർക്കുവേണ്ടി വീണ്ടും ദുആയ്ക്കാഹ്വാനം. മുസ്‌ലിമീങ്ങൾ ഒറ്റക്കെട്ടായി നിൽക്കാൻ ഉപദേശവും.
- ഇപ്പോൾ മുസ്‌ലിമീങ്ങളുടെ അവസ്ഥ അവരൊന്നിച്ചുനിന്ന് ഫലസ്തീനിനെ രക്ഷിക്കാൻ ചിന്തിക്കുന്നതിനു പകരം മുസ്‌ലിം രാഷ്ട്രങ്ങൾ പരസ്പരം പോരടിക്കാൻ തുടങ്ങിയിരിക്കുന്നു എന്നതാണ്. പാക്കിസ്താനും ഇറാനുമിടയിൽ അസ്വസ്ഥതകൾ ഉണ്ടായെന്നും പരസ്പരം അവർ ബോംബ് വർഷിക്കുന്നുവെന്നും കേൾക്കുന്നു. വളരെ ഭയാനകാവസ്ഥ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹുതന്നെ ഈ മുസ്‌ലിം നാടുകളിലെ നേതാക്കന്മാർക്ക് ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ. അവർക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് തങ്ങളുടെ ലക്ഷ്യം ശരിയായി മനസ്സിലാക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. അവർ ഒരൊറ്റ ഉമ്മത്തായി മാറട്ടെ.
- ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ദൗഹിത്രൻ സയ്യിദ് മൗലൂദ് അഹ്മദ് സാഹിബ് ഇബ്നു സയ്യിദ് ദാഊദ് മുള്വഫ്ഫർ ശാഹ് സാഹിബ്, സ്വദ്ർ ജമാഅത്ത് മഹ്ദിയാബാദ് ഡോറീ റീജ്യൻ ബുർക്കിനോ ഫാസോ അക്മീദ് ആഗ് മുഹമ്മദ് സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2024 ജനുവരി 19/1403 സ്വുൽഹ് 19**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഉഹുദ് യുദ്ധത്തെ കുറിച്ചാണ് പറഞ്ഞുവരുന്നത്. ഇതുസംബന്ധിച്ച് കുറേക്കൂടി കാര്യങ്ങൾ പറയുന്നതാണ്. പറഞ്ഞുവന്നതുപോലെ ശത്രുക്കൾ നബി(സ)തിരുമേനി ശഹീദായെന്ന് വിളംബരപ്പെടുത്തുകയുണ്ടായി. നബി(സ)തിരുമേനി ശഹീദായെന്ന ഈ വാർത്ത ശത്രുക്കൾ പ്രചരിപ്പിച്ചത് മുസ്‌ലിമീങ്ങൾ കേട്ടപ്പോൾ അവരുടെ അവസ്ഥയെന്തായിരുന്നു?

ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: ഇബ്നു ഖമിഅ, താൻ നബി(സ)തിരുമേനിയെ ശഹീദാക്കിയെന്ന് കരുതിക്കൊണ്ട് വിളിച്ചുപറഞ്ഞു: മുഹമ്മദ്(സ)ശഹീദായിരിക്കുന്നു! വിളിച്ചുപറഞ്ഞത് ശയ്ത്വാനാണെന്നും പറയപ്പെടുന്നു. അത് ജുആൽ അല്ലെങ്കിൽ ജുഅയിൽ ബിൻ സുറാഖയുടെ രൂപത്തിലായിരുന്നുവെന്നും പറയപ്പെടന്നുണ്ട്.

ജുആൽ ആദ്യകാല നവമുസ്‌ലിമീങ്ങളിൽപെട്ടയാളായിരുന്നു. അഹ്‌ലെ സ്വുഫ്ഫയിൽപെട്ട ആളുമായിരുന്നു. ഇദ്ദേഹത്തിന്റെ പേര് നബി(സ)തിരുമേനി ഖന്തക്ക്(യുദ്ധ)വേളയിൽ ഉമർ എന്ന് മാറ്റുകയുണ്ടായി. ഏതായാലും ഇതുകേട്ടപ്പോൾ ആളുകൾ ജുആലിനെ കൊല്ലാൻവേണ്ടി ആക്രമിച്ചു. എന്നാൽ, അദ്ദേഹം വിളംബരം നടത്തിയിട്ടില്ലെന്ന് പറഞ്ഞ് തന്റെ നിരപരാധിത്വം ഏറ്റു പറഞ്ഞു. അദ്ദേഹം പറഞ്ഞു: ഞാൻ ആ വിളംബരം നടത്തിയിട്ടില്ല.ഖവ്വാത്ത് ബിൻ ജുബയ്റും അബൂബുർദയും സാക്ഷ്യം നൽകിക്കൊണ്ട് പറഞ്ഞു: വിളംബരം നടക്കുന്ന സമയത്ത് ഇദ്ദേഹം എന്റെകൂടെനിന്ന് യുദ്ധം ചെയ്യുകയായിരുന്നു. അതായത് അദ്ദേഹം പറഞ്ഞു. ഇദ്ദേഹം ശത്രുക്കളുമായി എന്റെ കൂടെ യുദ്ധം ചെയ്യുകയായിരുന്നു. വിളംബരപ്പെടുത്തിയത് അസബ്ബുൽ അഖബയാണെന്നും പറയപ്പെടുന്നു. അയാൾ നബി(സ)തിരുമേനി ശഹീദായെന്ന് മൂന്നുതവണ വിളംബരപ്പെടുത്തുകയുണ്ടായി. ഏതായാലും ആരാണ് വിളംബരപ്പെടുത്തിയതെന്നത് സംബന്ധിച്ച് പല നിവേദനങ്ങളുമുണ്ട്. ഒരു പക്ഷേ, പലരും പലവിധത്തിൽ കണ്ടതായിരിക്കും. പലരും വിളംബരപ്പെടുത്തിയിട്ടുമുണ്ടാകും. ഇബ്നു ഖമിഅ, ഇബ്‌ലീസ്, അസബ്ബുൽ അഖബ ഇവരിൽനിന്ന് ഓരോരുത്തരും വിളംബരപ്പെടുത്തിയിട്ടുണ്ടാകും. സാത്താനിക പ്രകൃതമുള്ള ആർക്കും ഇങ്ങനെ വിളംബരം ചെയ്യാവുന്നതാണ്.

ഈ വാർത്ത പരന്നതും മുസ്‌ലിമീങ്ങളിൽ ചിലർ പറഞ്ഞു: നബി(സ)തിരുമേനി വഫാത്തായിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ജനതയുടെ അടുക്കൽ തിരിച്ചുപോകുവിൻ. അവർ നിങ്ങൾക്ക് സംരക്ഷണം നൽകുന്നതാണ്. അതുകേട്ടപ്പോൾ മറ്റുള്ളവർ പറഞ്ഞു: നബി(സ)തിരുമേനി ശഹീദായിട്ടില്ല. നിങ്ങൾ, നിങ്ങളുടെ നബിയുടെ ദീനിനും അദ്ദേഹത്തിന്റെ സന്ദേശത്തിനുംവേണ്ടി പോരാടുക. ഏതുവരെയെന്നാൽ അങ്ങനെ നിങ്ങൾ നിങ്ങളുടെ റബ്ബിന്റെ സവിധത്തിൽ ശഹീദായി ഹാജരാകുമല്ലോ?

അൻസ്വാറിനോടു ഹദ്റത്ത് ഥാബിത് ബിൻ വഹ്ദാഹ് പറഞ്ഞു: അൻസ്വാറിന്റെ സംഘമേ! നബി(സ)തിരുമേനി ശഹീദായെങ്കിൽ, അല്ലാഹു ജീവിച്ചിരിപ്പുള്ളവനാകുന്നു. അവന് മരണം വരുന്നതല്ല. തങ്ങളുടെ ദീനിനുവേണ്ടി പോരാടുവിൻ, അല്ലാഹു നിങ്ങൾക്ക് വിജയം നൽകുന്നവനാകുന്നു.

ഇതുകേട്ടപ്പോൾ അൻസ്വാർമുസ്‌ലിമീങ്ങളുടെ ഒരു സംഘം ഹദ്റത്ത് ഥാബിത്തിനോടൊപ്പം ചേർന്ന് മുശ്‌രിക്കീങ്ങളുടെ ഒരു സംഘത്തെ ആക്രമിച്ചു. അതിൽ ഖാലിദ് ബിൻ വലീദ്, ഇക്‌രിമ ബിൻ അബൂജഹ്ൽ, അംറ് ബിൻ ആസ്വ്, ളറാർ ബിൻ ഖത്വാബ് എന്നിവരുമുണ്ടായിരുന്നു. മുസ്‌ലിമീങ്ങളുടെ ഈ ചെറിയ സംഘം പൊരുതുന്നത് കണ്ടപ്പോൾ ഖാലിദ് ബിൻ വലീദ് ശക്തമായി തിരിച്ചടിച്ചു. ഥാബിത്ത് ബിൻ വഹ്ദാഹിനേയും അദ്ദേഹത്തിന്റെ അൻസ്വാരി സുഹൃത്തക്കളേയും ശഹീദാക്കി.**(അസ്സീറത്തുൽഹൽബിയ, വാല്യം 2, പേജ് 89-490, ദാറുൽമഅ്രിഫ, ബെയ്റുത്ത് ലബ്നാൻ 2012)**

പ്രക്ഷുബ്ധമായ ഈ അവസ്ഥയെപറ്റി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു:

ആ സമയത്ത് മുസ്‌ലിമീങ്ങൾ മൂന്ന് ഭാഗമായി പിരിഞ്ഞിട്ടുണ്ടായിരുന്നു. ഒരുകൂട്ടർ നബി(സ)തിരുമേനി ശഹീദായെന്ന വാർത്ത കേട്ട് യുദ്ധമൈതാനത്തുനിന്ന് ഓടിപ്പോയിരുന്നു. പക്ഷേ, ഇവർ വളരെ കുറച്ചുപേരേ ഉണ്ടായിരുന്നുള്ളൂ. ഇവരിൽ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫ്വാനുമുണ്ടായിരുന്നു. എന്നാൽ, വിശുദ്ധഖുർആനിൽ പറഞ്ഞതുപോലെ ആ നേരത്തെ പ്രത്യേക സാഹചര്യവും അവരുടെ ഹൃദയാത്മനായുള്ള വിശ്വാസവും ആത്മാർഥതയും കണക്കിലെടുത്ത് അല്ലാഹു അവർക്ക് പൊറുത്തുകൊടുത്തു. അവരിൽ പലരും മദീനവരെയെത്തി. അങ്ങനെ മദീനയിലും നബി(സ)തിരുമേനി ശഹീദായെന്ന കിംവദന്തിയും ഇസ്‌ലാമിക സൈന്യം പരാജയപ്പെട്ടെന്ന വാർത്തയുമെത്തി. അതേ തുടർന്ന് നാട്ടിലാകെ ഒരു അസ്വസ്ഥത പടർന്നു. മുസ്‌ലിം പുരുഷന്മാരും സ്ത്രീകളും കുട്ടികളും വൃദ്ധന്മാരും അസ്വസ്ഥഭരിതരായി പട്ടണത്തിൽനിന്ന് പുറത്തുവന്ന് ഉഹുദിലേക്ക് പുറപ്പെട്ടു. ചിലർ അതിവേഗം ഓടി യുദ്ധമൈതാനത്തെത്തി. അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് ശത്രുനിരയിലേക്ക് തള്ളിക്കയറി. അതായത് അവർ യുദ്ധം ആരംഭിച്ചു. ഇനിയൊരു വിഭാഗത്തിലുള്ളവർ ഓടിപ്പോയില്ലെങ്കിൽത്തന്നെയും നബി(സ)തിരുമേനിയുടെ ശഹാദത്ത് വാർത്ത കേട്ടപ്പോൾ അവരുടെ ധൈര്യം ചോർന്നുപോയി. അവർ ഇനി യുദ്ധം ചെയ്യുന്നത് വ്യർഥമാണെന്ന് കരുതി. അതുകൊണ്ട് അവർ യുദ്ധമൈതാനത്തുനിന്ന് മാറി തലതാഴ്ത്തിയിരുന്നു. മൂന്നാമത്തെ വിഭാഗം തുടർച്ചയായി യുദ്ധം ചെയ്തുകൊണ്ടിരുന്നു. അവരിൽ കുറച്ചുപേർ നബി(സ)തിരുമേനിയുടെ ചുറ്റിലും കൂടിയവരായിരുന്നു. അവർ അനിതരസാധാരണമായ നിലയിൽ ജീവത്യാഗത്തിന്റെ നൈപുണ്യം പ്രകടിപ്പിക്കുകയായിരുന്നു. അധികപേരും രണാങ്കണത്തിൽ ചിതറിപ്പിരിഞ്ഞ് പൊരുതുകയായിരുന്നു.

ഇവർക്കും രണ്ടാമതു പറഞ്ഞ വിഭാഗത്തിനും നബി(സ)തിരുമേനി ഉണ്ടെന്ന കാര്യം അറിഞ്ഞുകൊണ്ടിരുന്നതിനനുസരിച്ച് ഉന്മാദരെപ്പോലെ പൊരുതിക്കൊണ്ട് നബി(സ)തിരുമേനിക്കു ചുറ്റിലും വന്നുകൂടി.

ആ നേരത്ത് യുദ്ധാവസ്ഥ ഇതായിരുന്നു: ഖുറയ്ശികളുടെ സൈന്യം സമുദ്രത്തിലെ ഭയാനകമായ തിരകൾ കണക്കെ നാലുഭാഗത്തുനിന്ന് അലയടിച്ചുവന്നുകൊണ്ടിരുന്നു. യുദ്ധമൈതാനത്ത് നാലുഭാഗത്തുനിന്നും അമ്പുകളുടേയും കല്ലുകളുടേയും വർഷപാതമായിരുന്നു. ജീവത്യാഗസന്നദ്ധരായ സ്വഹാബാക്കൾ പ്രസ്തുത ഭയാനകമായ അവസ്ഥ കണ്ടപ്പോൾ നബി(സ)തിരുമേനിക്കു ചുറ്റും വലയം തീർത്ത് അവിടത്തെ പരിശുദ്ധമേനിയെ തങ്ങളുടെ ശരീരംകൊണ്ട് മറച്ചുപിടിച്ചു. എന്നിട്ടും ചില സമയത്ത് ആക്രമണം ശക്തമായിരുന്നതുകൊണ്ട് ഈ ഏതാനും പേരേയും തള്ളിമാറ്റിയിരുന്നു. അത്തരം വേളകളിൽ ചിലപ്പോൾ നബി(സ)തിരുമേനി ഒറ്റപ്പെട്ടുപോയിരുന്നു. അത്തരമൊരു സന്ദർഭത്തിലാണ് ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്വിന്റെ മുശ്രിക്കായ സഹോദരൻ ഉത്ബ ബിൻ അബീ വഖാസ്വ് എറിഞ്ഞ ഒരു കല്ല് നബി(സ)തിരുമേനിയുടെ പരിശുദ്ധ മുഖത്ത് പതിച്ചത്. അതുകൊണ്ട് നബി(സ)തിരുമേനിയുടെ ഒരു പല്ല് പൊട്ടുകയും ചുണ്ടിൽ മുറിവുണ്ടാകുകയും ചെയ്തു. അധികസമയം കഴിയുന്നതിനുമുമ്പേ അബ്ദുല്ലാഹ് ബിൻ ശിഹാബ് എറിഞ്ഞ കല്ല് നബി(സ)തിരുമേനിയുടെ നെറ്റിത്തടത്തിൽ മുറിവുണ്ടാക്കി. കുറച്ചു സമയത്തിനകം മൂന്നാമത്തെ കല്ല് ഇബ്നു ഖമിഅ എറിയുകയും അത് നബി(സ)തിരുമേനിയുടെ പരിശുദ്ധ കവിളിൽ പതിക്കുകയും ചെയ്തു. അതുകാരണം നബി(സ)തിരുമേനിയുടെ പടത്തൊപ്പിയുടെ രണ്ട് ആണികൾ അവിടത്തെ കവിളിൽ തറഞ്ഞുകയറി. സഅ്ദ് ബിൻ അബീവഖാസ്വിന് തന്റെ സഹോദരൻ ഉത്ബയുടെ ഈ പ്രവർത്തിയിൽ എത്രമാത്രം കോപമുണ്ടായെന്നാൽ അദ്ദേഹം പറയുന്നു: എനിക്ക് ഉത്ബയെ വധിക്കാനുണ്ടായത്ര ആവേശം മറ്റൊരു ശത്രുവിനേയും വധിക്കുന്നതിൽ ഇല്ലായിരുന്നു.

**(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 493-494)**

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ദുആ സ്വീകാര്യതയുടെ തത്ത്വം വിവരിക്കുകയായിരുന്നു. ദീർഘമായ ഈ വിവരണത്തിൽ അദ്ദേഹം ഉഹുദ് സംഭവവും പരാമർശിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു:

ഇംഗ്ലീഷ് ജനത സത്യഹൃദയത്തോടെ തൗഹീദിൽ ഉറച്ചുനിന്നുകൊണ്ട് എന്നോട് ദുആക്കുവേണ്ടി അഭ്യർഥിക്കുകയാണെങ്കിൽ അവർക്ക് വിജയം ലഭിക്കുന്നതായിരിക്കും. ഇത് 1940-ൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ കാലത്തുള്ള കാര്യമാണെന്ന് തോന്നുന്നു. ഏതായാലും അദ്ദേഹം പറയുന്നു: എന്നോടു അവർ ദുആക്കുവേണ്ടി അഭ്യർഥിച്ചാൽ അവർക്ക് വിജയം ലഭിക്കുന്നതായിരിക്കും.ഇത് ദൈവികപ്രവചനങ്ങളും അവന്റെ വചനങ്ങളും എന്റെ ദർശനങ്ങളുമനുസരിച്ചുള്ളതാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ സമൂഹത്തിനുവേണ്ടി വളരെയേറെ ദുആ ചെയ്തിട്ടുണ്ട്. പക്ഷേ, ഇവർ അല്ലാഹുവിന്റെ സിംഹാസനത്തിൽ ഒരു ദാസനെ പിടിച്ചിരുത്തിയിരിക്കുന്നു. അതുകൊണ്ട് അല്ലാഹു അവരെ പരീക്ഷണങ്ങളിൽ അകപ്പെടുത്തുന്നു. അതായത് അവർ ഹദ്റത്ത് ഈസാ(അ)യെ അല്ലാഹുവിന്റെ മകനാക്കിവെച്ചിരിക്കുന്നു. അതുകൊണ്ട് അവർ പരീക്ഷണങ്ങളിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നു. അവർക്കുവേണ്ടിയുള്ള ദുആകൾ കിടക്കുന്നുണ്ട്.

തുടർന്ന് അദ്ദേഹം പറയുന്നു:

പയ്ഗാമികൾ (അതായത് ലാഹോറികൾ) നിഷേധിക്കുന്നുവെങ്കിൽ നിഷേധിച്ചുകൊള്ളട്ടെ. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്ന വീക്ഷണത്തിൽനിന്ന് വ്യത്യസ്തമായിരുന്നു ലാഹോറികളുടെ നിലപാട്.

ഏതായാലും അദ്ദേഹം പറയുന്നു:

ഹദ്റത്ത് മസീഹ് മൗഊദ്(അ) അവർക്കുവേണ്ടി ചെയ്ത ദുആകൾ സ്വീകരിക്കപ്പെടാതിരിക്കാനുള്ള കാരണം അവരുടെ ശിർക്കാകുന്നു. ഈ തടസ്സം പൂർണമായോ ഭാഗികമായോ മാറിയാൽ പ്രസ്തുത ദുആകൾ ഉടൻതന്നെ സ്വീകരിക്കപ്പെടുന്നതാണ്. എന്റെ ദുആകൾകൊണ്ട് അവരുടെ പ്രയാസങ്ങൾ അകലുന്നതാണെന്ന് ഞാൻ നിരവധി ദർശനങ്ങൾ കണ്ടിട്ടുണ്ട്. അതിന്റെ അർഥം ഞാൻ ചെയ്യുന്ന എല്ലാ ദുആകളും സ്വീകരിക്കപ്പെടുമെന്നല്ല. ഇത് എന്റെ നിയന്ത്രണത്തിലായിരുന്നെങ്കിൽ നമുക്കുണ്ടാകുന്ന പ്രയാസങ്ങളെ തന്നെ മാറ്റുമായിരുന്നു. വിശുദ്ധഖുർആൻ പറയുന്നു: അവിശ്വാസികൾ നബി(സ) തിരുമേനിയോട് പറയുന്നു: നിങ്ങൾ ദൈവത്തിന്റെ ഇത്രമാത്രം പ്രിയങ്കരനാണെങ്കിൽ നിങ്ങളുടെ ഈ കാര്യം എന്തുകൊണ്ട് സാധ്യമാകുന്നില്ല. എന്നാൽ, അല്ലാഹു പറയുന്നു: അല്ലയോ മുഹമ്മദേ(സ)! അവരോട് പറയുക, ഇത് എന്റെ കഴിവിൽപെട്ടതായിരുന്നെങ്കിൽ ഞാൻ എല്ലാ നന്മകളും എനിക്കുവേണ്ടി മാത്രം സ്വരുക്കൂട്ടുമായിരുന്നില്ലേ?

ചുരുക്കത്തിൽ നബി(സ)തിരുമേനിയെ സംബന്ധിച്ചിടത്തോളം അവിടത്തെ സകല ദുആകളും സ്വീകരിക്കപ്പെടുമെന്നില്ലെന്നതാണ് നിയമമെന്നിരിക്കെ എനിക്ക് അതെങ്ങനെ സാധ്യമാകാനാണ്? അല്ലാഹു ദുആ സ്വീകരിക്കാൻ തയ്യാറാകുകയും ഏതെങ്കിലും അടയാളം മുഖേന നബി(സ)തിരുമേനിയുടെ അന്തസ് സ്ഥാപിക്കാൻ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ അവൻ ഏതാണ് ഉടനെ സ്വീകരിക്കുക എന്നതു തന്നെയാണ് നബി(സ)തിരുമേനിയെ സംബന്ധിച്ച നിയമം എന്നിരിക്കെ എനിക്കുവേണ്ടിയോ, അല്ലെങ്കിൽ മറ്റാർക്കെങ്കിലും വേണ്ടിയോ അതിനെതിരിൽ എങ്ങനെ സംഭവിക്കാനാണ്? ഇംഗ്ലീഷുകാർ അവർ ആഗ്രഹിക്കുകയാണെങ്കിൽ നമുക്ക് തൂക്ക് കയറോ കൽതുറുങ്കോ നൽകാൻ കഴിവുള്ളവരാണെന്ന് ഞാൻ അംഗീകരിക്കുന്നു. എങ്കിലും ഇപ്പോൾ അവർ അവരുടെ ശത്രുക്കളുടെ മുന്നിൽ ദുർബലരായി കാണപ്പെടുന്നു. ലോകമഹായുദ്ധത്തിൽ അവരുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. പക്ഷേ, ഇതൊക്കെയാണെങ്കിലും എന്റെ ദുആകൾ അവരുടെ പ്രയാസങ്ങൾ അകറ്റുമെന്നതാണ് എന്റെ വാദം. കാരണം ഇംഗ്ലീഷുകാർക്ക് നമുക്കുമേലുള്ള നിയന്ത്രണം ഒരു നിയമാനുസൃതമാകുന്നു. ഇവരെപറ്റി ദുആ സ്വീകാര്യത മറ്റൊരു നിയമത്തിന് വിധേയമായിട്ടാണുള്ളത്. നബി(സ)തിരുമേനിയെ പിടികൂടാൻ ഇറാൻ രാജാവ് ആഗ്രഹിച്ചിരുന്നു. അയാൾ പിടികൂടാൻ എത്തിയിരുന്നില്ല. സന്ദേശവുമായി യമനിലെ ഗവർണർ എത്തിയിരുന്നതേയുള്ളൂ. എന്നാൽ,നബി(സ)തിരുമേനി അയാളോട് പറഞ്ഞു: പോയി നിന്റെ യജമാനനോട് പറയുക, നാം വരുന്നതല്ല. നിങ്ങളുടെ ദൈവത്തെ നമ്മുടെ ദൈവം വധിച്ചിരിക്കുന്നു. അല്ലാഹു ആ രാജാവിന്റെ മകന്റെ ഉള്ളിൽ ചലനമുണ്ടാക്കുകയും ഇയാൾ തന്റെ പിതാവിനെ വധിക്കുകയും ചെയ്തു. എന്നാൽ, ഉഹുദ് യുദ്ധത്തിൽ ശത്രുക്കൾ നബി(സ)തിരുമേനിയെ ആക്രമിച്ചു. കല്ലെറിഞ്ഞു. അവിടത്തെ പല്ല് പൊട്ടുകയും തലയിൽ പരിക്കേൽക്കുകയും ചെയ്തു. പടത്തൊപ്പിയുടെ ആണികൾ തലയിൽ തുളച്ചുകയറി. നബി(സ)തിരുമേനി മോഹാലസ്യപ്പെട്ട് കുഴിയിൽ വീഴുകയും ആ മഹാത്മാവിന്റെ മേൽ പല സ്വഹാബാക്കളും വീഴുകയും ചെയ്തു. സ്വഹാബികൾ, നബി(സ)ശഹീദായെന്നുവരെ ധരിച്ചു.

അല്ലാഹുവിന് നബി(സ)തിരുമേനിയുടെ അന്തസ് കാത്തുസൂക്ഷിച്ചുകൊണ്ട് അദ്ദേഹത്തിനുവേണ്ടി ഇറാന്റെ രാജാവിനെ വളരെ ദൂരെയായിരുന്നെങ്കിലും കൊല്ലുകയുണ്ടായി, എന്നിരിക്കെ ഉഹുദ് യുദ്ധത്തിൽ എന്തുകൊണ്ടാണ് ശത്രുക്കൾക്ക് ഇങ്ങനെ കല്ലെറിയാൻ അവസരം കൊടുത്തതെന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ ഈ ആരോപണം ശരിയല്ല. ഇത് അല്ലാഹുവിന്റെ ഇംഗിതവും യുക്തിയുമാണ്. ഇതൊരു രഹസ്യമാകുന്നു. ചിലപ്പോൾ എന്തെങ്കിലും ചെറിയ കാര്യത്തിന് പിടിക്കപ്പെടുന്നതാണ്. ചിലപ്പോൾ എന്തെങ്കിലും ഇംഗിതം കാരണം സാവകാശം നൽകുന്നു. അതല്ലെങ്കിൽ മനുഷ്യന്റെ നിസ്സഹായതയും ഒന്നുമില്ലായ്മയേയും വെളിപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നു.

**(ഖുത്വ്ബാത്തെ മഹ്മൂദ്, വാല്യം 21, പേജ് 227-229, ഖുത്വ്ബ ജുമുഅ 5-7-1940)**

ഏതായാലും ചരിത്രം തുടരുകയാണ്. വധിച്ചുവെന്ന കിംവദന്തിക്കുശേഷം നബി(സ)തിരുമേനി പെട്ടെന്ന് സ്വഹാബാക്കൾക്ക് പ്രത്യക്ഷപ്പെട്ടു. അതിന്റെ വിശദീകരണത്തിൽ എഴുതുന്നു:

ഹദ്റത്ത് അബൂ ഉബയ്ദയാണ് ആ നേരത്ത് ഏറ്റവുമാദ്യം നബി(സ)തിരുമേനി ജീവനോടെ ഇരിപ്പുണ്ടെന്ന് തിരിച്ചറിഞ്ഞത്. ഹദ്റത്ത് അബൂ ഉബയ്ദ(റ) പറയുന്നു: ഞാൻ നബി(സ)തിരുമേനിയുടെ കണ്ണുകൾ കണ്ടപ്പോഴാണ് തിരിച്ചറിഞ്ഞത്. അത് ഇരുമ്പ് തൊപ്പിയുടെ അടിയിലൂടെ പ്രകാശപൂരിതമായി കാണപ്പെടുന്നുണ്ടായിരുന്നു.

യുദ്ധാവസരത്തിൽ സൈനികർ ശിരസും മുഖവും സംരക്ഷിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന തൊപ്പിയാകുന്നു ഇരുമ്പുതൊപ്പി. എനിക്ക് നബി(സ)തിരുമേനിയുടെ കണ്ണുകളിൽ നല്ല തിളക്കവും പ്രകാശവും കാണായിരുന്നു. അങ്ങനെ നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കി. ചുരുക്കത്തിൽ ഞാൻ നബി(സ)തിരുമേനിയെ തിരിച്ചറിഞ്ഞപ്പോൾ സകല ശക്തിയും സംഭരിച്ചുകൊണ്ട് ഉറക്കെ വിളിച്ചുപറഞ്ഞു: മുസ്ലിമീങ്ങളേ! നിങ്ങൾക്ക് സന്തോഷവാർത്തയായിരിക്കട്ടെ, നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നു. ആ സമയം നബി(സ)തിരുമേനി എന്നോടു ആംഗ്യം കാണിച്ചുകൊണ്ട് നിശബ്ദനായിരിക്കാൻ പറഞ്ഞു.

**(സീറത്തുൽഹൽബിയ,വാല്യം 2, പേജ് 320, ദാറുൽകുതുബുൽ ഇൽമിയ, ബെയ്റൂത്ത്)(സീറത്തുൽഹൽബിയ, മുത്തർറജിം, വാല്യം 2, പേജ് 179, പ്രസാധനം ദാറുൽ ഇശാഅത്ത് കറാച്ചി)**

മറ്റൊരു നിവേദനത്തിൽ ഏറ്റവുമാദ്യം നബി(സ)തിരുമേനിയെ തിരിച്ചറിഞ്ഞത് മറ്റൊരു സ്വഹാബിയാണെന്ന് പറയുന്നുണ്ട്. ഒരു ഗ്രന്ഥകാരൻ എഴുതുന്നു:

കുഴിയിൽ വീണശേഷം നബി(സ)തിരുമേനിയുടെ പരിശുദ്ധശരീരത്തിൽ മുഴുവനും രക്തമായിരുന്നു. അവിടന്ന് പുറത്തെത്തിയപ്പോൾ ഹദ്റത്ത് കഅ്ബ് ബിൻ മാലിക്(റ) ഇരുമ്പുതൊപ്പിയൂടെ വിടവിലൂടെതന്നെ നബി(സ)തിരുമേനിയുടെ കണ്ണുകൾ കണ്ടപ്പോൾ അങ്ങയെ തിരിച്ചറിഞ്ഞു. സന്തോഷംകൊണ്ട് വിളിച്ചുപറയാനും തുടങ്ങി. അല്ലയോ മുസ്ലിമീങ്ങളേ! സന്തോഷിക്കുവിൻ! നബി(സ)തിരുമേനി നമുക്കിടയിലുണ്ട്. അപ്പോൾ അവിടന്ന് അദ്ദേഹത്തോട് നിശബ്ദനായിരിക്കാൻ ആംഗ്യം കാണിക്കുകയുണ്ടായി. എന്നാൽ, മുസ്ലിമീങ്ങൾക്ക് അറിയിപ്പ് കിട്ടുന്നതിനനുസരിച്ച് അവരെല്ലാം അങ്ങയുടെ അടുക്കലേക്ക് കുതിച്ചുകൊണ്ടിരുന്നു. അവരിൽ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്, ഹദ്റത്ത് അലി ബിൻ അബീ ത്വാലിബ്, ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം, ഹദ്റത്ത് ഹാരിഥ് ബിൻ സ്വിമ്മ തുടങ്ങി മറ്റു മുസ്ലിമീങ്ങളുമുണ്ടായിരുന്നു. നബി(സ)തിരുമേനി തന്റെ ഈ സ്വഹാബാക്കളോടൊപ്പം ഉഹുദ് മലയുടെ ഒരു താഴ്വാരത്ത് അഭയം തേടി. വഴിയിൽ ശത്രുക്കൾ ചെയ്ത എല്ലാ അക്രമത്തിനും സ്വഹാബാക്കൾ ചുട്ടമറുപടി നൽകുകയുണ്ടായി.

**(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി (സ), വാല്യം 6, പേജ് 537, മക്തബ ദാറുൽമആരിഫ് ലാഹോർ)**

ചില ഗ്രന്ഥങ്ങളിൽ പറയുന്നത് യുദ്ധഗതി മാറിയതു കാരണം അവസ്ഥകൾ അത്യന്തം സങ്കീർണവും വിവരണാതീതവും ആയിക്കൊണ്ടിരുന്നുവെന്നാണ്.

ക്ഷണത്തിൽ നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റേയും ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടേയും ഇടയിൽ പ്രത്യക്ഷപ്പെട്ടു. ഞങ്ങൾ അവിടത്തെ നടത്തത്തിൽനിന്നാണ് നബി(സ)തിരുമേനിയെ തിരിച്ചറിഞ്ഞത്. ആ സമയത്ത് ഞങ്ങളുടെ സന്തോഷം നിയന്ത്രണാതീതമായിരുന്നു. ഞങ്ങൾ പരാജയമോ നഷ്ടമോ ഒന്നും സംഭവിച്ചിട്ടില്ലെന്ന അവസ്ഥയിലായിരുന്നു. മുസ്ലിമീങ്ങൾ നബി(സ)തിരുമേനിയെ കാണുകയും തിരിച്ചറിയുകയും ചെയ്തപ്പോൾ അവർ ഈയാംപാറ്റകളെ പോലെ നബി(സ)തിരുമേനിയുടെ ചുറ്റിലും ഒരുമിച്ചുകൂട്ടി. നബി(സ)തിരുമേനി അവരെയെല്ലാവരേയുംകൂട്ടി താഴ്വരയിലേക്ക് നീങ്ങി. ആ സമയത്ത് നബി(സ)തിരുമേനിയോടൊപ്പം ഹദ്റത്ത് അബൂബക്റും, ഹദ്റത്ത് ഉമറും ഹദ്റത്ത് അലിയും ഹദ്റത്ത് സുബയ്റും ഹദ്റത്ത് ഹാരിഥ് ബിൻ സ്വിമ്മയുമുണ്ടായിരുന്നു.**(സീറത്തുൽ ഹൽബിയ, വാല്യം 2, പേജ് 320, ദാറുൽകുതുബുൽഇൽമിയ ബെയ്റത്ത്)**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)വിവരിക്കുന്നു:

മുസ്ലിമീങ്ങളെ സംബന്ധിച്ചിടത്തോളം ഈ ആക്രമണം തികച്ചും അപ്രതീക്ഷിതമായിരുന്നു. അതുകൊണ്ട് അവർ വളരെയേറെ പരിഭ്രമിച്ചു. പലഭാഗത്ത് ചിതറിപ്പിരിഞ്ഞതുകൊണ്ട് ശത്രുക്കളെ ചെറുക്കാനും കഴിഞ്ഞില്ല. മൈതാനം കാഫിരീങ്ങൾ പിടിച്ചെടുത്തു. നിരവധി സ്വഹാബാക്കൾ നിസ്സഹായരായും പരിഭ്രാന്തരായും മദീനയിലേക്ക് ഓടിപ്പോകാൻ തുടങ്ങി. എത്രത്തോളമെന്നാൽ നബി(സ)തിരുമേനിക്ക് ചുറ്റും 12 സ്വഹാബാക്കൾ മാത്രമായി. ഒരുവേള 12 പേരും ഇല്ലായിരുന്നു. നബി(സ)തിരുമേനിയുടെ കൂടെ 3 പേർ മാത്രമാണുണ്ടായിരുന്നത്. കാഫിരീങ്ങൾനബി(സ)തിരുമേനിയുടെ നേർക്ക് പ്രത്യേകമായും അമ്പെയ്യാൻ തുടങ്ങി. എന്നാൽ, ഇത്രയും സങ്കീർണാവസ്ഥയായിരുന്നിട്ടും നബി(സ)തിരുമേനി ശത്രുക്കൾക്കു നേരെതന്നെ നിവർന്നുനിന്നു. തന്റെ സ്ഥലത്തുനിന്ന് അനങ്ങിയില്ല.

അവസാനം ശത്രുക്കൾ പെട്ടെന്ന് അണിയണിയായി നിൽക്കുകയും ഏതാനുംപേരെ ഉന്തുകയും ചെയ്തു. അങ്ങനെ നബി(സ)തിരുമേനിക്ക് പരിക്കുപറ്റി ഒരു കുഴി

യിൽ വീണുപോയി. നബി(സ)തിരുമേനിയെ സംരക്ഷിച്ചുകൊണ്ടിരുന്ന മറ്റു സ്വഹാബാക്കൾ ആ മഹാത്മാവിനുമേൽ ശഹീദായി വീഴുകയും ചെയ്തു. അങ്ങനെ നബി(സ) തിരുമേനി കുറച്ചു നേരത്തേക്ക് സ്വഹാബാക്കളുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞുപോയി. സൈന്യത്തിന്നിടയിൽ നബി(സ)തിരുമേനി ശഹീദായെന്ന കിംവദന്തി പരക്കുകയും ചെയ്തു. ഈ വാർത്ത സ്വഹാബാക്കളെ സംബന്ധിച്ചിടത്തോളം കുറേക്കൂടി പ്രയാസത്തിലാക്കി. അവരുടെ അവശേഷിച്ച ശക്തിയും ക്ഷയിച്ചുതുടങ്ങി. നബി(സ) തിരുമേനിക്കു ചുറ്റുമുണ്ടായിരുന്ന ജീവിച്ചിരിപ്പുള്ള സ്വഹാബാക്കൾ മൃതദേഹങ്ങൾ മാറ്റി ആ മഹാത്മാവിനെ കുഴിയിൽനിന്ന് പുറത്തെടുത്തു. കാവലിന് നബി(സ) തിരുമേനിക്കു ചുറ്റും നിലയുറപ്പിക്കുകയും ചെയ്തു.

**(തഫ്സീറെ കബീർ, വാള്യം 9, പേജ് 77)**

നബി(സ)തിരുമേനി മുശ്രികീങ്ങളുടെ ഇടയിൽനിന്ന് ജീവത്യാഗത്തിന് സന്നദ്ധരായ തന്റെ സ്വഹാബാക്കളോടൊപ്പം താഴ്വരയിലേക്ക് പോയികൊണ്ടിരിക്കുമ്പോൾ ഉഥ്മാൻ ബിൻ അബ്ദുല്ലാഹ് ബിൻ മുഗീറ ഒരു കറുത്ത കുതിരപ്പുറത്തേറി നബി(സ)തിരുമേനിയുടെ അടുത്തേക്ക് കുതിച്ചു. അയാൾ ആപാദചൂഢം പടച്ചട്ടയണിഞ്ഞിരുന്നു. നബി(സ)തിരുമേനി പോയ താഴ്വരയിലേക്ക് അയാളും നീങ്ങുകയായിരുന്നു. അയാളിങ്ങനെ പറയുന്നുണ്ടായിരുന്നു: ഒന്നുകിൽ അയാൾ ജീവനോടെ ഇരിക്കും അല്ലെങ്കിൽ ഞാൻ. നബി(സ)തിരുമേനി അയാളുടെ ശബ്ദം കേട്ടപ്പോൾ അവിടെ നിന്നു. അവിടെ ഉണ്ടായിരുന്ന ഒരു കുഴിയിൽ ഉഥ്മാന്റെ കുതിര കാലിടറിവീണു. അപ്പോൾ ഹദ്റത്ത് ഹാരിഥ്(റ) അയാളുടെ അടുത്ത് കുതിച്ചെത്തുകയും ഇരുവരും തമ്മിൽ കുറച്ചുനേരം വാൾപയറ്റ് നടക്കുകയും ചെയ്തു. ഓർക്കാപ്പുറത്ത് ഹദ്റത്ത് ഹാരിഥ് ബിൻ സ്വിമ്മ അയാളുടെ കാലിൽ വാളുകൊണ്ട് വെട്ടി. ഉഥ്മാൻ ആ വെട്ടിൽ തൽക്ഷണം വീണു. തുടർന്ന് ഹദ്റത്ത് ഹാരിഥ്(റ)അയാളുടെ കഥ കഴിക്കുകയും അയാളുടെ പടച്ചട്ടയും ഇരുമ്പുതൊപ്പിയും അഴിച്ചെടുക്കുകയും ചെയ്തു. നബി(സ) തിരുമേനി അത് കണ്ടപ്പോൾ പറഞ്ഞു: അയാളെ നശിപ്പിച്ച അല്ലാഹുവിന് സ്തുതി. അതേസമയത്തുതന്നെ ഉബയ്ദുല്ലാഹ് ബിൻ ജാബിർ ആമിരി ഹദ്റത്ത് ഹാരിഥിനെ ആക്രമിച്ചു. അദ്ദേഹത്തിന്റെ തോളിൽ ആക്രമണം തുടങ്ങി. അദ്ദേഹത്തിന് പരിക്കേറ്റു. ഹദ്റത്ത് ഹാരിഥിന്റെ സുഹൃത്തുക്കൾ അദ്ദേഹത്തെ എടുത്തുകൊണ്ടുപോയി. അപ്പോൾത്തന്നെ ഹദ്റത്ത് അബൂദുജാന, ഉബയ്ദുല്ലായെ കീഴ്പ്പെടുത്തുകയും തന്റെ വാൾകൊണ്ട് അയാളെ കൊന്നശേഷം നബി(സ)തിരുമേനിയുടെ അടുത്തെത്തുകയും ചെയ്തു.

**(സീറത്തുൽ ഹൽബിയ, വാള്യം 2, പേജ് 321, ദാറുൽ കുതുബുൽഇൽമിയ ബെയ്റുത്ത്)**

മക്കക്കാരുടെ ഒരു നേതാവായ ഉബയ്യ് ബിൻ ഖലഫ് നബി(സ) തിരുമേനിയെ ആക്രമിച്ച സംഭവവും കാണുന്നുണ്ട്.

നബി(സ)തിരുമേനി താഴ്വാരത്തേക്ക് പോകുമ്പോൾ ഉബയ് ബിൻ ഖലഫ് അവിടെയെത്തി. ഉബയ് ബിൻ ഖലഫ് ബദ്ർ യുദ്ധത്തിൽ ബന്ദിയായതിന്റെ ഫിദ്യ കൊടുത്തിട്ടുണ്ടായിരുന്നു. അയാൾ പറഞ്ഞു: എന്റെ പക്കൽ അവദ് കുതിരയാണുണ്ടായിരുന്നത്. അതിന് ഞാൻ ദിവസവും ഒരു ഫറഖ് അതായത് ഏഴര കിലോ ചോളം തീറ്റാറുണ്ട്. നല്ല ശക്തിയുള്ളതാണ്. നല്ല ആരോഗ്യവുമുണ്ട്. ഇതിന്മേൽ സവാരി ചെയ്തുകൊണ്ട് മുഹമ്മദ്(സ)നെ ഞാൻ വധിക്കുന്നതാണ്. അയാൾ പറഞ്ഞതിനെപറ്റി അറിഞ്ഞപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഇല്ല, മറിച്ച് ഞാൻ അയാളെ വധിക്കുന്നതായിരിക്കും.ഒരു മൊഴിയനുസരിച്ച് ഇത് അയാൾ ഹിജ്റക്ക് മുമ്പേ മക്കയിൽ വെച്ചാണ് നബി(സ)തിരുമേനിയോടു പറഞ്ഞത്. ഏതായാലും ഉഹുദ് യുദ്ധമുണ്ടായപ്പോൾ നബി(സ)തിരുമേനി തന്റെ സ്വഹാബാക്കളോടു പറഞ്ഞു: ഉബയ് ബിൻ ഖലഫ് എന്റെ പിന്നിലൂടെ വന്ന് എന്നെ ആക്രമിക്കുമോ എന്ന് എനിക്ക് ആശങ്കയുണ്ട്. നിങ്ങൾ അയാളെ കണ്ടാൽ എന്നോട് പറയണം. അയാൾ പടച്ചട്ടയണിഞ്ഞ് കുതിരയെ നൃത്തം ചിവിട്ടിച്ചുകൊണ്ട് വരുന്നുണ്ടായിരുന്നു. നബി(സ)തിരുമേനിയും അയാളെ കണ്ടിരുന്നു. അയാൾ ചോദിച്ചു: മുഹമ്മദ്(സ) എവിടെ? അഥവാ അയാൾ രക്ഷപെടുകയാണെങ്കിൽ ഞാൻ രക്ഷപെടുകയില്ല. ഹദ്റത്ത് മുസ്വ്അബ് ബിൻ ഉമയ്ർ(റ)അയാൾക്കു മുന്നിൽ വന്നു. അദ്ദേഹം അതായത് മുസ്വ്അബ് ബിൻ ഉമയ്ർ നബി(സ)തിരുമേനിയെ പ്രതിരോധിക്കുകയായിരുന്നു. അയാൾ മുസ്വ്അബ് ബിൻ ഉമയ്റിനെ ശഹീദാക്കി. സ്വഹാബാക്കൾ പറഞ്ഞു: യാ റസൂലല്ലാഹ്, ഉബയ് അങ്ങയുടെയടുത്തേക്ക് വരുന്നു. അങ്ങ് ഇഷ്ടപെടുകയാണെങ്കിൽ ഞങ്ങളിലാരെങ്കിലും അയാളുടെ കഥ കഴിക്കാം.മറ്റൊരു നിവേദനത്തിൽ പറയുന്നു: സ്വഹാബാക്കൾ അയാൾക്ക് മുന്നിൽവന്നു. നബി(സ)തിരുമേനി പറഞ്ഞു: അയാളെ വിടൂ. അയാളുടെ വഴിയിൽനിന്ന് മാറി നിൽക്കുവിൻ. അങ്ങനെ അയാൾ നബി(സ)തിരുമേനിയുടെ അടുത്തെത്തി. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: ഏ പെരുങ്കള്ളാ! എവിടേക്കാണ് ഓടിപ്പോകുന്നത്? നബി(സ)തിരുമേനി ഹദ്റത്ത് ഹാരിഥ് ബിൻ സ്വിമ്മയിൽനിന്ന് മറ്റൊരു നിവേദനത്തിൽ പറയുന്നത് സുബയ്ർ ബിൻ അവ്വാമിൽനിന്ന് അമ്പ് വാങ്ങി. നബി(സ)തിരുമേനി വില്ല് കുലച്ചു. സ്വഹാബാക്കൾ ഒട്ടകപ്പുറത്തുനിന്ന് ഈച്ചകൾ അകലുന്നതുപോലെ നബി(സ)തിരുമേനിയിൽനിന്ന് അകന്നുമാറി. നബി(സ)തിരുമേനി ഉബയ്യിന്റെ മുന്നിലെത്തി. അയാളുടെ കഴുത്തിലെ ഇരുമ്പു തൊപ്പിക്കും പടച്ചട്ടക്കുമിടയിൽ കാണാൻ കഴിയുന്ന ഭാഗത്തേക്ക് അമ്പെയ്തു. അതുകാരണം അയാൾ കുതിരപ്പുറത്തുനിന്ന് താഴെവീണു. പലതവണ ഉരുണ്ടു. അയാൾ കാളയെപോലെ മുക്രയിടാൻ തുടങ്ങി. അയാളുടെ കഴുത്തിൽ നിസ്സാര പരിക്കാണ് പറ്റിയത്. രക്തം വരുന്നത് നിലക്കുകയും ചെയ്തു. അയാളുടെ വാരിയെല്ലുകളിലൊന്ന് പൊട്ടിപ്പോയി. അയാൾ തന്റെ സമൂഹത്തിലേക്ക് തിരിച്ചുപോയി പറഞ്ഞു: ദൈവം സത്യം! എന്നെ മുഹമ്മദ് അറബി(സ) കൊന്നിരിക്കുന്നു. സമൂഹത്തിലുള്ളവർ പറഞ്ഞു: നിന്റെ മനക്കരുത്ത് നഷ്ടപ്പെട്ടുപോയതാണ്. ദൈവം സത്യം, നിനക്കൊന്നും പറ്റിയിട്ടില്ല. നിനക്ക് നിസ്സാരമായ പരിക്കേയുള്ളൂ. ഇത് ഞങ്ങളിലാരുടെയെങ്കിലും കണ്ണുകളിലാണ് പറ്റുന്നതെങ്കിൽപോലും അത് ഞങ്ങൾ ഗൗരവത്തിൽ എടുക്കുകയില്ല. അയാൾ പറഞ്ഞു: ലാത്തും ഉസ്സയുമാണ! എനിക്കുണ്ടായ പരിക്ക് ദുൽമജാസുൽക്കാർക്കോ, റബീഅ ഗോത്രത്തിനോ മുളർ ഗോത്രത്തിനോ പറ്റിയിരുന്നെങ്കിൽ അവരെല്ലാവരും മരണപ്പെടുമായിരുന്നു. അയാൾ അതായത് മുഹമ്മദ്(സ) ഞാൻ നിന്നെ കൊല്ലുമെന്ന് എന്നോട് മക്കയിൽവെച്ച് പറഞ്ഞിരുന്നതാണ്.

അല്ലാഹുവാണ, മുഹമ്മദ് എന്റെമേൽ തുപ്പുകയാണെങ്കിലും ഞാൻ മരിക്കുമായിരുന്നു. മുശ്രിക്കീങ്ങൾ തിരിച്ചുവരുന്ന വഴിക്ക് സ്വറഫ് എന്ന സ്ഥലത്ത് അയാൾ നരകത്തിലെത്തി. സ്വറഫ് വലിയൊരു താഴ്വരയാകുന്നു. ഇപ്പോൾ അത് നൂറാനിയ എന്നാണ് അറിയപ്പെടുന്നത്. ഹജ്ജത്തുൽ വിദാഅയിൽ മദീനയിൽനിന്ന് ഇത് നബി(സ)തിരുമേനിയുടെ ഏഴാമത്തെ മൻസിൽ(ഘട്ടം)ആയിരുന്നു. ഇത് തൻയീമിന്നടുത്ത് മക്കയിൽനിന്ന് ഒമ്പതോ പത്തോ മൈൽ ദൂരെയാണ്.

**(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 208, ദാറുൽകുതുബുൽ ഇൽമിയ ബെയ്റുത്ത്)(സീറത്ത് എൻസൈക്ലോപീഡിയ, വാള്യം 6, പേജ് 274, ദാറുസ്സലാം)(ഫർഹങ്കെ സീറത്ത് പേജ് 147, പ്രസാധനം സവാർ അക്കാഡമി കറാച്ചി)**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എഴുതുന്നു:

> ഖുറയ്ശികൾ അല്പം പിന്നോട്ടു മാറിയപ്പോൾ, യുദ്ധഭൂമിയിലുണ്ടായിരുന്ന മുസ്ലിമീങ്ങൾ നബി(സ)തിരുമേനിയെ തിരിച്ചറിയുകയും തിരുനബിക്ക് ചുറ്റും ഒത്തുകൂടുകയും ചെയ്തു. തുടർന്ന് നബി(സ)തിരുമേനി തന്റെ കൂടെയുണ്ടായിരുന്ന സ്വഹാബാക്കളുടെ സംഘത്തോടൊപ്പം മെല്ലെമെല്ലെ മലകളുടെ മുകളിൽ കയറി സുരക്ഷിതമായ മലയിടുക്കിലെത്തി. വഴിയിൽ മക്കയിലെ ഒരുനേതാവായ ഉബയ് ബിൻ ഖലഫ് നബി(സ)തിരുമേനിയെ കണ്ടു. അയാൾ കോപത്തിലും ശത്രുതയിലും അന്ധനായിക്കൊണ്ട് മുഹമ്മദ്(സ)രക്ഷപ്പെട്ടാൽ പിന്നെ ഞാൻ രക്ഷപ്പെടുകയില്ല എന്ന് പറഞ്ഞ്, നബി(സ)തിരുമേനിയുടെ അടുത്തേക്കോടി. സ്വഹാബാക്കൾ അയാളെ തടയാനാഗ്രഹിച്ചു. പക്ഷേ, നബി(സ)തിരുമേനി പറഞ്ഞു, അയാളെ വിടുക, എന്റെ അടുത്ത് വരട്ടെ. അയാൾ നബി(സ)തിരുമേനിയെ ആക്രമിക്കാനുള്ള ഉദ്ദേശ്യത്തോടെ അവിടത്തെ സമീപത്തെ ത്തിയപ്പോൾ അവിടന്ന് ഒരു അമ്പുകൊണ്ട് അയാളെ ആക്രമിച്ചു. അതുകാരണം അയാൾ മണ്ണിൽ ഉരുണ്ടുവീണു. പിന്നെ എഴുന്നേറ്റ് അലറിക്കരഞ്ഞുകൊണ്ട് പിന്തിരിഞ്ഞോടി. അയാൾക്ക് കാര്യമായ പരിക്കൊന്നും പറ്റിയില്ലെങ്കിൽക്കൂടി മക്കയിൽ എത്തുന്നതിനുമുമ്പേ അയാൾ മണ്ണോട് ചേരുകയുണ്ടായി.

**(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ), പേജ് 497)**

നബി(സ)തന്റെ സ്വഹാബിമാരോടൊപ്പം താഴ്വാരത്തെത്തി. ഇതു സംബന്ധമായി ഇബ്നു ഇസ്ഹാഖ് വിവരിക്കുന്നു: നബി(സ)തിരുമേനി ശഹീദായെന്ന വിളംബരവും, ചിലയാളുകൾ ചിതറിപ്പിരിഞ്ഞുപോകുകയും ചെയ്തശേഷം ഏറ്റവുമാദ്യം നബി(സ)തിരുമേനിയെ കണ്ടത് ഹദ്റത്ത് കഅ്ബ് ബിൻ മാലിക് ആയിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ ഇരുമ്പുതൊപ്പിക്കിടയിലൂടെ നബി(സ)തിരുമേനിയുടെ കണ്ണുകൾ തിളങ്ങുന്നതു കണ്ടപ്പോൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: മുസ്ലിമീങ്ങളേ! സന്തോഷിക്കുവിൻ! ഇത് നബി(സ)തിരുമേനിയാകുന്നു.ഇതു കേട്ടപ്പോൾ നബി(സ)തിരുമേനി നിശബ്ദനായിരിക്കാൻ കൈകൊണ്ട് ആംഗ്യം കാണിച്ചു.

മുസ്ലിമീങ്ങൾ നബി(സ)തിരുമേനിയെ തിരിച്ചറിഞ്ഞപ്പോൾ അവർ നബി(സ)തിരുമേനിയുടെ കൂടെ താഴ്വാരത്തേക്ക് പുറപ്പെട്ടു. നബി(സ)യുടെ കൂടെ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് അലി, ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം, ഹാരിഥ് ബിൻ സ്വിമ്മ തുടങ്ങിയ സ്വഹാബാക്കളുണ്ടായിരുന്നു. നബി(സ) തിരുമേനി സ്വഹാബാക്കളുടെ ഒരു സംഘത്തോടൊപ്പം ഒരു കുന്നിലെത്തിയതും പെട്ടെന്ന് ഖുറയ്ശികളുടെ ഒരു സംഘം മലമുകളിലെത്തി. ആ സംഘത്തിൽഖാലിദ് ബിൻ വലീദുമുണ്ടായിരുന്നു. നബി(സ)തിരുമേനി ശത്രുക്കളെ മുകളിൽ കണ്ടപ്പോൾ ഇങ്ങനെ ദുആ ചെയ്തു:

*അല്ലാഹുമ്മ ഇന്നഹു ലാ യൻബഗീ ലഹും അൻ യഅ്ലൂന*
*അല്ലാഹുമ്മ ലാ ഖുവ്വത്ത ലനാ ഇല്ലാ ബിക്ക*

അല്ലാഹുവേ!അവർ ഞങ്ങളെ ജയിച്ചടക്കുന്നത് അവർക്ക് അനുവദനീയമല്ല. അല്ലാഹുവേ! ഞങ്ങൾക്ക് നിന്നിൽനിന്നുള്ള ശക്തിയും കഴിവുമല്ലാതെ മറ്റൊന്നുമില്ല.

അതേസമയം ഹദ്റത്ത് ഉമർ ഫാറൂഖ്(റ)മുഹാജിരീങ്ങളുടെ ഒരു സംഘത്തോടൊപ്പം അവരെ നേരിടുകയും അവരെ പിന്നിലേക്ക് തള്ളിമാറ്റി മലയിൽനിന്ന് താഴെ ഇറങ്ങാനുള്ള നിർബന്ധിതാവസ്ഥയിലെത്തിക്കുകയും ചെയ്തു.

**(സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 323, ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റുത്ത്)(സുബുലുൽഹുദാ വാള്യം 4, പേജ് 210, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)**

സീറത്ത് ഖാത്തമുന്നബിയ്യീനിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

> നബി(സ)മലയിടുക്കിലെത്തിയപ്പോൾ ഖുറയ്ശികളുടെ ഒരു സൈനികസംഘം ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ മലമുകളിൽ കയറി ആക്രമിക്കാൻ ആഗ്രഹിച്ചു. എന്നാൽ, നബി(സ)തിരുമേനിയുടെ കൽപ്പന പ്രകാരം ഹദ്റത്ത് ഉമർ ഏതാനും മുഹാജിരീങ്ങളേയും കൂട്ടി അവരെ നേരിടുകയും പരാജയപ്പെടുത്തുകയും ചെയ്തു.

**(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 97)**

ഈ യുദ്ധത്തിന്റെ മറ്റൊരു നിവേദനം ഒരു ചരിത്രത്തിൽ ഇപ്രകാരം കാണാം.

> ഹദ്റത്ത് സുബയ്ർ (റ)നിവേദനം. നബി(സ)തിരുമേനി ഉഹുദ് ദിവസം രണ്ട് പടച്ചട്ടയണിഞ്ഞിരുന്നു.

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**
**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുളളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുളളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.ABDUL AMEER
AHMADIYYA MUSLIM JAMAATH, MANJERI

നബി(സ)തിരുമേനി പാറയുടെമുകളിൽ കയറാനാഗ്രഹിച്ചെങ്കിലും പടച്ചട്ടകളുടെ ഭാരം നിമിത്തവും തലയിൽ മുറിവേറ്റ പരിക്കുകളിൽനിന്ന് രക്തം വാർന്നൊലിക്കുന്നത് കാരണവും അവിടന്ന് ക്ഷീണിതനായിരുന്നു. അതുകൊണ്ട് പാറയുടെ മുകളിൽ കയറാൻ കഴിഞ്ഞില്ല. അപ്പോൾ ഹദ്റത്ത് ത്വൽഹ(റ)താഴെ ഇരിക്കുകയും നബി(സ)തിരുമേനി അദ്ദേഹത്തിന്റെമേൽ ചവുട്ടി പാറയിൽ കയറുകയും ചെയ്തു. ഹദ്റത്ത് സുബയ്ർ(റ)പറയുന്നു: ഞാൻ ആ നേരത്ത് നബി(സ)തിരുമേനി ഇങ്ങനെ പറയുന്നത് കേട്ടു. ത്വൽഹ തനിക്ക് സ്വർഗം നിർബന്ധമാക്കിയിരിക്കുന്നു.

**(ഉസുദുൽഗാബ, ഭാഗം 3, പേജ് 85, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)**

മറ്റൊരു നിവേദനത്തിൽ പറയുന്നു:

നബി(സ)താഴ്‌വരയിലെ മലമുകളിൽ കയറാൻ ആഗ്രഹിച്ചു. എന്നാൽ, നബി(സ)തിരുമേനി കയറാൻ തുടങ്ങിയപ്പോൾ ശിരസിലെ മുറിവിൽനിന്ന് രക്തം വരുന്നതും ക്ഷീണവും കാരണം കയറാൻ കഴിഞ്ഞില്ല. കൂടാതെ രണ്ട് പടച്ചട്ടയുടെ ഭാരവുമുണ്ടായിരുന്നു. ഇത് കണ്ടപ്പോൾ ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് വേഗം വന്ന് നബി(സ)തിരുമേനിക്കുമുമ്പിൽ താഴെ ഇരിക്കുകയും നബി(സ)തിരുമേനി അദ്ദേഹത്തിന്റെമേൽ ചവുട്ടി പാറയിൽ കയറുകയും ചെയ്തു. ഹദ്റത്ത് സുബയ്ർ(റ)പറയുന്നു: ഞാൻ ആ നേരത്ത് നബി(സ)തിരുമേനി ഇങ്ങനെ പറയുന്നത് കേട്ടു: ത്വൽഹ തനിക്ക് സ്വർഗം നിർബന്ധമാക്കിയിരിക്കുന്നു.

**(സീറത്തുൽഹൽബിയ്യ, വാള്യം 2, അവസാനഭാഗം, പേജ് 181(മുത്തർറജിം), ദാറുൽഇശാഅത്ത് കറാച്ചി)**

പറഞ്ഞുവന്നതുപോലെ ഈ യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ പരിശുദ്ധ പല്ല് ശഹീദാക്കപ്പെടുകയുണ്ടായി. ആ സമയത്തുള്ള ദൃശ്യം ഹദ്റത്ത് അബൂബക്ർ(റ)വിവരിച്ചതിനെ പറ്റി ഹദ്റത്ത് ആഇശ(റ) പറയുന്നു:

ഹദ്റത്ത് അബൂബക്ർ(റ), ഉഹുദ് ദിവസത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു: അന്നത്തെ ദിവസം ത്വൽഹയുടേതായിരുന്നു. അതിന്റെ വിശദീകരണത്തിൽ പറയുന്നു: ഞാൻ ഉഹുദ് ദിവസം നബി(സ)തിരുമേനിയുടെ അടുക്കൽ തിരിച്ചെത്തിയവരിൽ ഉൾപ്പെടുന്നു. ഞാൻ, നബി(സ)തിരുമേനിയുടെ അടുക്കൽ ഒരാൾ നബി(സ)തിരുമേനിയെ സംരക്ഷിച്ചുകൊണ്ട് പോരാടുന്നത് കണ്ടു.

നിവേദകൻ പറയുന്നു:

ഞാൻ കരുതുന്നത് അവിടെ അതായത് ഹദ്റത്ത് അബൂബക്ർ പറഞ്ഞു, അയാൾ നബി(സ)തിരുമേനിയെ രക്ഷപ്പെടുത്തുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ പറയുന്നു: അത് ത്വൽഹ ആയിരുന്നെങ്കിലെന്ന് ഞാൻ പറഞ്ഞുപോയി. എനിക്കേതായാലും അവസരം കിട്ടിയില്ല. ഞാൻ എന്റെ മനസ്സിൽ പറഞ്ഞു. അത് എന്റെ ജനതയിൽപെട്ട ആരെങ്കിലും ആയിരുന്നെങ്കിൽ അതെനിക്ക് ഏറെ പ്രിയങ്കരമായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ)ആ നേരത്ത് ചിന്തിച്ചു: എനിക്കും നബി(സ)തിരുമേനിക്കുമിടയിൽ ഒരാളുണ്ട്. അയാളെ എനിക്ക് തിരിച്ചറിയാൻ കഴിയുന്നുണ്ടായിരുന്നില്ല. വാസ്തവത്തിൽ ഞാൻ അയാളേക്കാളും നബി(സ)തിരുമേനിയുടെ സമീപത്തായിരുന്നു. അയാൾ വളരെ ശീഘ്രഗതിയിൽ നടക്കുന്നുണ്ടായിരുന്നു. അത്രയും വേഗത്തിൽ എനിക്ക് നടക്കാൻ കഴിയുമായിരുന്നില്ല. അത് അബൂ ഉബയ്ദ ബിൻ ജർറാഹ് ആയിരുന്നു. പിന്നെ ഞാൻ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. തിരുനബിയുടെ കൂടെ രണ്ടാളുകൾ ഹദ്റത്ത് ത്വൽഹയും ഉബയ്ദ് ബിൻ ജർറാഹുമുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ താഴെയുള്ള മുന്നിലെ നാല് പല്ലുകളിൽ കോമ്പല്ലിനും തൊട്ടടുത്ത പല്ലിനും ഇടയിലുള്ള ഒരു പല്ല് പൊട്ടിയിട്ടുണ്ടായിരുന്നു. മുഖത്ത് പരിക്ക് പറ്റിയിരുന്നു. നബി(സ)തിരുമേനിയുടെ പരിശുദ്ധ മുഖത്ത് ഇരുമ്പ് തൊപ്പിയുടെ ആണിതറച്ചിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളിരുവരും നിങ്ങളുടെ സഹോദരനെ സഹായിക്കൂ. നബി(സ)തിരുമേനി ത്വൽഹയെയാണ് ഉദ്ദേശിച്ചത്. അദ്ദേഹത്തിൽനിന്ന് രക്തമൊലിക്കുന്നുണ്ടായിരുന്നു. നബി(സ)തിരുമേനിയെ സംരക്ഷിച്ചിരുന്നതുകൊണ്ട് ഹദ്റത്ത് ത്വൽഹക്ക് വളരെയേറെ പരിക്ക് പറ്റിയിരുന്നു. നബി(സ)തിരുമേനി, തന്നെശ്രദ്ധിക്കൂ എന്ന് പറയുന്നതിനു പകരം ത്വൽഹയെ പോയി നോക്കാനാണ് പറഞ്ഞത്. ഞങ്ങൾ അദ്ദേഹത്തെ വിട്ടു മുന്നോട്ട് നീങ്ങി. ഹദ്റത്ത് ത്വൽഹയെ ശ്രദ്ധിച്ചില്ല. മറിച്ച് ഞങ്ങൾ നബി(സ)തിരുമേനിയുടെ മുഖത്ത് തറച്ചിരുന്ന ഇരുമ്പ് തൊപ്പിയുടെ ആണികൾ പുറത്തെടുക്കാനാണ് ശ്രമിച്ചത്. അപ്പോൾ ഹദ്റത്ത് അബൂ ഉബയ്ദ(റ) പറഞ്ഞു: അല്ലാഹുവാണ! താങ്കൾ അതെനിക്കു വിട്ടുതന്നാലും. അങ്ങനെ ഞാൻ അതുപേക്ഷിച്ചു. അതായത് അബൂഉബയ്ദ(റ) താൻ അത് എടുക്കാമെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ അപേക്ഷ അനുസരിച്ച് ഹദ്റത്ത് അബൂബക്ർ പിന്മാറി. ഹദ്റത്ത് അബൂഉബയ്ദ(റ) കൈകൊണ്ട് അതു വലിച്ചെടുക്കാൻ ഇഷ്ടപ്പെട്ടില്ല. അതുകാരണം നബി(സ)തിരുമേനിയ്ക്ക് പ്രയാസമുണ്ടാകുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അങ്ങനെ അദ്ദേഹം പ്രസ്തുത ആണികൾ തന്റെ വായകൊണ്ട് വലിച്ചെടുക്കാൻ ശ്രമിച്ചു. ഒരു ആണി എടുത്തപ്പോൾ അതോടൊപ്പം അദ്ദേഹത്തിന്റെ മുന്നിലെ പല്ലും പൊട്ടിപ്പോയി. പിന്നെ രണ്ടാമത്തെ ആണി പുറത്തെടുക്കാൻ അങ്ങനെതന്നെ ചെയ്യാമെന്ന് കരുതി ഞാൻ മുന്നോട്ടാഞ്ഞു. ഹദ്റത്ത് അബൂബക്ർ(റ)പറയുന്നു: ഞാനും അങ്ങനെതന്നെ രണ്ടാമത്തെ ആണി പുറത്തെടുക്കാമെന്ന് കരുതി. അപ്പോൾ അബൂ ഉബയ്ദ(റ) പറഞ്ഞു അല്ലാഹുവാണ! അത് താങ്കൾ എനിക്കുവിട്ടുതന്നാലും. അതായത് രണ്ടാമത്തെ ആണിയും ഞാൻ തന്നെ പുറത്തെടുക്കാം. ഇങ്ങനെ അദ്ദേഹം ഹദ്റത്ത് അബൂബകറിനോട് പറഞ്ഞപ്പോൾ അദ്ദേഹം പിന്മാറി. പിന്നെ അദ്ദേഹം നേരത്തെ ചെയ്തതുപോലെ തന്നെ ചെയ്തു. അബൂ ഉബയ്ദയുടെ രണ്ടാമത്തെ പല്ലും ആണിയോടൊപ്പം പൊട്ടിപ്പോയി. ഹദ്റത്ത് അബൂബക്ർ(റ) ഇങ്ങനെ പറയുമായിരുന്നു. അബൂ ഉബയ്ദ, മുൻനിരയിൽ പല്ല് കൊഴിഞ്ഞ ആളുകളിൽ ഏറെ സുന്ദരനായിരുന്നു.

പിന്നെ ഞങ്ങൾ നബി(സ)തിരുമേനിയെ ശുശ്രൂഷിച്ചതിനുശേഷം ത്വൽഹയുടെ അടുക്കലെത്തി. അദ്ദേഹം കുഴിയിൽ വീണുകിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ കല്ലും അമ്പും വാളും കൊണ്ടതിന്റെ 70 മുറിവുകളെങ്കിലുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിരലും മുറിഞ്ഞുപോയിരുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ മുറിവ് കെട്ടുകയുണ്ടായി.

**(സുബുലുൽഹുദാ, വാള്യം 4, പേജ് 199–200, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് )(ലുഗാത്തുൽഹദീഥ് റബായീ എന്ന പദം)**

ഹദ്റത്ത് അബൂ ഉബയ്ദയെ കൂടാതെ ഹദ്റത്ത് ഉഖ്ബ ബിൻ വഹബിനേയും ഹദ്റത്ത് അബൂബക്റിനേയും കുറിച്ചും നിവേദനം ലഭിക്കുന്നുണ്ട്. അതായത് അവരാണ് ഈ ആണികൾ പുറത്തെടുത്തതെന്ന്.

**(ശറഹ് സർഖാനീ, വാള്യം 2, പേജ് 425, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)**

പക്ഷേ, ഏതായാലും ആദ്യത്തെ നിവേദനമാണ് കൂടുതൽ ശരിയായിട്ടുള്ളത്.

ഹദ്റത്ത് അബൂ സയീദ് ഖുദ്രി(റ)നിവേദനം. നബി(സ)തിരുമേനിയുടെ പരിശുദ്ധ മുഖത്തുനിന്ന് രണ്ട് ആണികൾ പുറത്തെടുത്തപ്പോൾ വെള്ളം നിറച്ച പാത്രത്തിൽനിന്ന് വെള്ളമൊഴുകുന്നതുപോലെ രക്തം വരാൻ തുടങ്ങി. മാലിക് ബിൻ സനാൻ തന്റെ വായകൊണ്ട് പ്രസ്തുത രക്തം വലിച്ചു കുടിക്കാൻ തുടങ്ങി. നബി(സ)തിരുമേനി അദ്ദേഹത്തോട് ചോദിച്ചു. നീ രക്തം കുടിക്കുകയാണോ? അദ്ദേഹം പറഞ്ഞു. അതേ. നബി(സ)തിരുമേനി പറഞ്ഞു. ആരുടെ രക്തത്തെയാണോ എന്റെ രക്തം സ്പർശിച്ചത് അയാളെ അഗ്നി സ്പർശിക്കുന്നതല്ല.

**(സുബുലുൽഹുദാ വർറശാദ്, വാള്യം 4 പേജ് 200, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)**

ഇത് സുബുലുൽ ഹുദാ വർറശാദിന്റെ ഒരു നിവേദനമാകുന്നു. പക്ഷേ, ഈ നിവേദനവും ഇദ്ദേഹത്തിന്റെ ചില നിവേദനങ്ങളും പര്യാലോചനക്ക് വിധേയമാക്കേണ്ടതാണ്. ഏതായാലും ഇത് എത്രമാത്രം ശരിയാണെന്ന് അല്ലാഹുവിനേ അറിയൂ. രക്തം ഇങ്ങനെയാണ് തടയുന്നതെങ്കിൽ രക്തം നിൽക്കുന്നതിന് പകരം കൂടുതൽ വരികയാണ് ചെയ്യുക. കൂടുതൽ ക്ഷീണം അനുഭവപ്പെടുകയും ചെയ്യും.ഏതായാലും അടുത്ത നിവേദനത്തിൽ ഇതിനുള്ള മറുപടിയും വരുന്നുണ്ട്. ഈ നിവേദനം പ്രബലമല്ലെന്നാണ് ഞാൻ കരുതുന്നത്.

ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനിക്ക് പരിക്കു പറ്റിയത് സംബന്ധിച്ച് ബുഖാരിയിലും നിവേദനമുണ്ട്. ഹദ്റത്ത് സഹ്ൽ ബിൻ സഅ്ദിനോട് നബി(സ)തിരുമേനിക്ക് പരിക്കുപറ്റിയതിനെ പറ്റി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്നോടാണോ ചോദിക്കുന്നത്? അല്ലാഹുവാണ! ആരാണ് നബി(സ)തിരുമേനിയുടെ മുറിവ് കഴുകിയിരുന്നതെന്നും ആരാണ് വെള്ളം ഒഴിച്ചുകൊടുത്തതെന്നും എന്ത് മരുന്നാണ് വെച്ചതെന്നുമെല്ലാം എനിക്ക് നല്ലപോലെ അറിയാം. അതായത് ആ ദൃശ്യങ്ങൾ എല്ലാം എന്റെ കൺമുന്നിലുണ്ട്. ഹദ്റത്ത് സഹ്ൽ(റ)പറഞ്ഞു: നബി(സ)തിരുമേനിയുടെ മകൾ ഹദ്റത്ത് ഫാത്വിമ (റ)മുറിവ് കഴുകിക്കൊണ്ടിരുന്നു. ഹദ്റത്ത് അലി(റ)പാത്രത്തിൽനിന്ന് വെള്ളം ഒഴിച്ചുകൊണ്ടിരുന്നു. വെള്ളം ഒഴിക്കുമ്പോൾ രക്തം കൂടുതൽ വരുന്നത് കണ്ടപ്പോൾ ഹദ്റത്ത് ഫാത്വിമ ഒരു ചാക്കിന്റെ കഷണമെടുത്ത് കത്തിക്കുകയും അതിന്റെ ചാരം മുറിവിൽ വെക്കുകയും ചെയ്തു. അങ്ങനെ രക്തമൊലിപ്പ് നിലച്ചു. അന്ന് നബി(സ)തിരുമേനിയുടെ മുന്നിലെ പല്ലും പൊട്ടിപ്പോയിരുന്നു. മുഖത്തും പരിക്കേറ്റിരുന്നു. നബി(സ) തിരുമേനിയുടെ തലയിലെ ഇരുമ്പ് തൊപ്പി പൊട്ടിപ്പോയിരുന്നു. **(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ഹദീഥ് നമ്പർ 4075)**

ഇവിടെ രക്തം തടയുന്നതിന്റേയും കഴുകുന്നതിന്റേയും പരാമർശമാണുള്ളത്. രക്തം വലിച്ചു കുടിക്കുന്ന പരാമർശമില്ല. ഇതാണ് ബുഖാരിയുടെ നിവേദനം. ഇതുതന്നെയാണ് ശരിയും.

നബി(സ)തിരുമേനി താഴ്‌വാരത്തിന്റെ മുമ്പിലെത്തിയപ്പോൾ അലി ബിൻ അബീത്വാലിബ് മിഹ്റാസിലെ വെള്ളം തന്റെ പാത്രത്തിൽ നിറച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. ഉഹുദ് മലയിൽ, ചെറുതും വലുതുമായ കുഴികളിൽ മഴവെള്ളം കെട്ടിനിന്നിരുന്നു. ഈ കുഴികൾ മിഹ്റാസ് എന്നാണ് അറിയപ്പെട്ടിരുന്നത്. മിഹ്റാസിന്റെ വിവക്ഷിതം ഇതാണെന്ന് എഴുതിയിരിക്കുന്നു. ഈ സ്ഥലം ഹദ്റത്ത് ഹംസത്ത്(റ) ശഹീദായ സ്ഥലത്തിനടുത്താണ്. നബി(സ)തിരുമേനി അവിടെനിന്ന് വെള്ളം കുടിക്കുകയായിരുന്നു. പക്ഷേ, വെള്ളത്തിന്റെ ദുർഗന്ധം കാരണം അത് കുടിച്ചില്ല. മുഖത്തുണ്ടായിരുന്ന മുറിവ് കഴുകുകയും ശിരസിൽ ഒഴിക്കുകയും ചെയ്തു. നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹു അവന്റെ നബിയുടെ മുഖത്ത് പരിക്കേൽപ്പിച്ചവനുമേൽ കോപാകുലനാകുന്നു.

മുഹമ്മദ് ബിൻ മസ്‌ലമ, വെള്ളം വാങ്ങാൻ സ്ത്രീകളുടെ അടുത്തുപോയി. നബി(സ)തിരുമേനിക്ക് നല്ല ദാഹമുണ്ടായിരുന്നു. മുഹമ്മദ് ബിൻ മസ്‌ലമ ഒരു അരുവിയിൽപോയി അവിടെനിന്ന് ശുദ്ധജലം കൊണ്ടുവന്നു. നബി(സ)തിരുമേനി പ്രസ്തുത വെള്ളം കുടിക്കുകയും അദ്ദേഹത്തിന്റെ നന്മയ്ക്കുവേണ്ടി ദുആഇരക്കുകയും ചെയ്തു. ത്വബ്റാനിയിൽ സഹ്ൽ ബിൻ സഅ്ദിൽനിന്നുള്ള നിവേദനം. നബി(സ)തിരുമേനിയുടെ പരിശുദ്ധ മുഖത്ത് ഉഹുദ് ദിവസം പരിക്കേല്ക്കുകയുണ്ടായി. നബി(സ)തിരുമേനിയുടെ പരിശുദ്ധ ദന്തം ശഹീദായി. ശിരസ്സിലുണ്ടായിരുന്ന പടത്തൊപ്പി പൊട്ടുകയുണ്ടായി. മുശ്രിക്കീങ്ങൾ പോയപ്പോൾ സ്ത്രീകൾ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അവരിൽ ഫാത്വിമയും ഉണ്ടായിരുന്നു. അവർ നബി(സ)തിരുമേനിയെ കണ്ടപ്പോൾ കെട്ടിപ്പിടിച്ചു. നബി(സ) തിരുമേനിയുടെ മുറിവ് കഴുകാൻ തുടങ്ങി. ഹദ്റത്ത് അലി പാത്രത്തിൽനിന്ന് വെള്ളമൊഴിച്ചുകൊണ്ടിരുന്നു. അപ്പോൾ കൂടുതൽ രക്തം വരികയാണ് ചെയ്തത്. അതേതുടർന്ന് ഹദ്റത്ത് ഫാത്വിമ, പായയുടെ കുറച്ചു ഭാഗം കത്തിച്ച് ചാരമുണ്ടാക്കുകയും അതു മുറിവിൽപൊത്തുകയും ചെയ്തു. അതോടെ രക്തം വരവ് നിലച്ചു. നബി(സ)തിരുമേനിയുടെ മുഖത്തുനിന്ന് രക്തം ഉറ്റുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി സ്വയംതന്നെ മുഖം തുടച്ചുകൊണ്ടിരുന്നു. അതോടൊപ്പം ഇങ്ങനെ പറയുന്നുണ്ടായിരുന്നു: കയ്ഫ യുഫ്‌ലിഹു ഖൗമുൻ ശജ്ജൂ നബിയ്യഹും വ കസറൂ റബായിയത്തഹൂ വഹുവ യദുഊഹും ഇലല്ലാഹി തങ്ങളുടെ നബി, അല്ലാഹുവിലേക്ക് വിളിക്കുമ്പോൾ അദ്ദേഹത്തിന് പരിക്കേൽപിക്കുകയും അദ്ദേഹത്തിന്റെ മുൻനിരയിലുള്ള പല്ല് പൊട്ടിക്കുകയും ചെയ്യുന്ന സമുദായം എങ്ങനെ വിജയം വരിക്കാനാണ്?

ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

ഫലസ്തീനുവേണ്ടി ഞാൻ ദുആക്ക് പറഞ്ഞുകൊണ്ടിരിക്കുന്നു. ഇപ്പോൾ മുസ്‌ലിമീങ്ങളുടെ അവസ്ഥ അവരൊന്നിച്ചുനിന്ന് ഫലസ്തീനിനെ രക്ഷിക്കാൻ ചിന്തിക്കുന്നതിനു പകരം മുസ്‌ലിം രാഷ്ട്രങ്ങൾ പരസ്പരം പോരടിക്കാൻ തുടങ്ങിയിരിക്കുന്നു എന്നതാണ്. പാക്കിസ്താനും ഇറാനുമിടയിൽ അസ്വസ്ഥതകളുണ്ടായെന്നും പരസ്പരം അവർ ബോംബ് വർഷിക്കുന്നുവെന്നും കേൾക്കുന്നു. വളരെ ഭയാനകാവസ്ഥ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹുതന്നെ ഈ മുസ്‌ലിം നാടുകളിലെ നേതാക്കന്മാർക്ക് ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ. അവർക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് തങ്ങളുടെ ലക്ഷ്യം ശരിയായി മനസ്സിലാക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. അവർ ഒരൊറ്റ ഉമ്മത്തായി മാറട്ടെ.

നമസ്കാരത്തിനു ശേഷം ഞാൻ രണ്ട് ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്.

ഒന്ന് സയ്യിദ് മൗലൂദ് അഹ്മദ് സാഹിബ് ഇബ്നു സയ്യിദ് ദാഊ

ദ് മുളഫ്ഫർ ശാഹ് സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസം അദ്ദേഹം വഫാത്തായി. 76 വയസ്സായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റേയും ഹദ്റത്ത് സയ്യിദ ഉമ്മുത്വാഹിർ(റ. ഹാ) യുടേയും ദൗഹിത്രനും സാഹിബ്സാദി അമത്തുൽഹക്കീം സാഹിബയുടേയും സയ്യിദ് ദാഊദ് മുളഫ്ഫർ ശാഹ് സാഹിബിന്റേയും മകനുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. എന്റെ മാതൃസഹോദരി പുത്രനും എന്റെ ഭാര്യയുടെ മൂത്ത സഹോദരനുമായിരുന്നു.

ഇദ്ദേഹത്തിന്റെ പിതാമഹൻ സയ്യിദ് മഹ്മൂദുല്ലാഹ് ശാഹ് സാഹിബ്, സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബിന്റെ മകനായിരുന്നു. അബ്ദുസ്സത്താർ ശാഹ് സാഹിബ് തഖ്‌വായിലും പരിശുദ്ധിയിലും പാരമ്യതയിലെത്തിയ ആളായിരുന്നു. അദ്ദേഹത്തിൽ വിനയവും എളിമയുമുണ്ടായിരുന്നു. അല്ലാഹുവിനോടുള്ള കടമകളും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകളും നിർവഹിക്കുന്നതിൽ വളരെ വളർന്നയാളായിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)അദ്ദേഹത്തെ കുറിച്ച് ഒരു നിവേദനം ചെയ്തിട്ടുണ്ട്. പറയുന്നു: അദ്ദേഹം എന്നോടു നേരിട്ട് പറഞ്ഞതാണ്, അതായത് ഡോക്ടർ സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബ്, ഹദ്റത്ത് മിയാ ബശീർ അഹ്മദ് സാഹിബിനോടുസ്വയം പറഞ്ഞു:ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന് തീരെ സുഖമില്ലാതെയായി. ഇത് അദ്ദേഹം ഹുദൂറിന്റെ(അ) വീട്ടിൽ താമസിച്ചിരുന്ന കാലത്ത് നടന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ആടുകളെ സ്വദഖ കൊടുത്തു. ഡോക്ടർ സാഹിബ് പറയുന്നു:ഞാനും അവിടെ ഉണ്ടായിരുന്നു. ഞാൻ രാത്രിയിൽ ഹദ്റത്ത് ഖലീഫ അവ്വലിന്റെ അടുത്തിരുന്ന് മരുന്നു കുടിപ്പിച്ചുകൊണ്ടിരുന്നു. രാവിലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നു. ഖലീഫ അവ്വൽ പറഞ്ഞു:ഹുദൂർ! ഡോക്ടർ സാഹിബ് രാത്രി മുഴുവൻ എന്റെയടുത്ത് ഉറക്കമിളച്ചിരുന്നു. മരുന്നുകളും മറ്റു കൃത്യമായി തന്നുകൊണ്ടിരുന്നു. ഇക്കാര്യം കേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)വളരെ സന്തോഷിച്ചു. പറഞ്ഞു:നമുക്കും ഇദ്ദേഹത്തിനുമേൽ അസൂയ ഉണ്ടാകുന്നു, ഇത് സ്വർഗീയ കുടുംബമാണ്. കുറച്ചുപ്രാവശ്യം ഈ വാക്കുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞുകൊണ്ടിരുന്നു. ഹദ്റത്ത് ഡോക്ടർ അബ്ദുസ്സത്താർ ശാഹ് സാഹിബിനെ കുറിച്ച് ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു.(സീറത്തുൽമഹ്ദി, വാല്യം 1, ഭാഗം 3, പേജ് 545, രിവായത്ത് നമ്പർ 563)

സയ്യിദ് മൗലൂദ് ശാഹ് സാഹിബ് റബ്‌വയിലാണ് പഠിച്ചത്. മെട്രിക് ചെയ്തു. എഫ് എസ് സി ചെയ്തു. പിന്നീട് അദ്ദേഹത്തിന് ലാഹോറിൽ എഞ്ചിനിയറിംഗ് യൂണിവേഴ്സിറ്റി കോളേജിൽ പ്രവേശനം കിട്ടി. മെക്കാനിക്കൽ എഞ്ചിനിയറിംഗിൽ ഡിഗ്രി കരസ്ഥമാക്കി. പാക്കിസ്താനിലും വിവിധ കമ്പനികളിൽ ജോലി ചെയ്തു. പിന്നീട് കുറച്ചുവർഷം നൈജീരിയായിലും ഒരു കമ്പനിയിൽ എഞ്ചിനിയറായി ജോലി ചെയ്തു. അവിടെ ജോലി ചെയ്യുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല നിലയിൽ ജീവിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ നിക്കാഹ് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)ആണ് നടത്തിയത്. അതിൽ ഹുദൂർ നടത്തിയ ഖുത്വ്ബ ഇങ്ങനെയായിരുന്നു: ദാമ്പത്തിക ബന്ധം ഒട്ടുമരം പോലെയാകുന്നു. അവയെ ആരംഭത്തിൽ വളരെ സൂക്ഷിച്ചു വെക്കേണ്ടിവരുന്നു.

ഈ ചില പഴയഖുത്വ്ബകൾ നിക്കാഹിൽ ഞാൻ വായിച്ചു തരുന്നത്, ധാരാളമാളുകൾ തങ്ങൾക്കെങ്ങനെ നല്ല ബന്ധം നിർവഹിക്കാൻ കഴിയുമെന്ന് ചോദിക്കുന്നതുകൊണ്ടാണ്. ഈ സന്മാർഗങ്ങൾ അവർ മുന്നിൽ വെക്കുക. വളരെ ഹ്രസ്വമാണ്. അതുകൊണ്ട് ഞാൻ ചിലപ്പോൾ ഖുത്വ്ബ കൊടുക്കുമ്പോൾ ചില ഘട്ടങ്ങളിൽ നിക്കാഹുകളിൽ മുൻകഴിഞ്ഞ ഖലീഫമാരുടേയും മാർഗനിർദേശങ്ങളും വിവരിക്കാറുണ്ട്. എന്തായാലും അവിടന്ന് പറയുന്നു: ഇവ ആരംഭത്തിൽത്തന്നെ നിയന്ത്രിച്ച് വെക്കേണ്ടിവരുന്നു.

വിശുദ്ധഖുർആനിന്റെ മാർഗനിർദേശമനുസരിച്ച് ഈ തുന്നിച്ചേർക്കലിനെ ഖൗലെസദീദിന്റെ അതായത് ചൊവ്വായ സംസാരത്തിന്റെ നൂലുകൊണ്ട് കെട്ടേണ്ടതായിവരുന്നു. അതായത് തികച്ചും സത്യസന്ധമായ പൂർണമായും സത്യസന്ധമായ നൂലുകൊണ്ട് കെട്ടേണ്ടതായിവരുന്നു. അപ്പോഴാണ് അതിന്റെ സംരക്ഷണം നടക്കുന്നത്.

അതിന്റെ ഉത്തരവാദിത്വം ദമ്പതികളിൽ മാത്രമല്ല, പ്രത്യുത കുടുംബങ്ങളുടെമേലും അവരുടെ ചുറ്റുപാടുളുടെമേലും എന്നല്ല അവരുടെ ചങ്ങാതിമാരിലും ഉണ്ടാകേണ്ടതുണ്ട്. കാരണം ഒരുപാടു തിന്മകൾ തെറ്റായ ധാരണകളാലും ഏഷണി പറയുന്നതുകൊണ്ടും അക്ഷമകൊണ്ടും കോപംകൊണ്ടും ഉണ്ടാകാറുണ്ട്. അത് തടയുന്നതിന് ഖൗലെസദീദ് അഥവാ ചൊവ്വായ സംസാരം വളരെ ശക്തമായൊരു നൂലാണ്. പിന്നീട് അവിടന്ന്(റഹ്)പറഞ്ഞു:ഏതൊരു നിക്കാഹ് ആണോ ഞാനിപ്പോൾ വിളംബരം ചെയ്യാൻ പോകുന്നത് അതു ഇരു കുടുംബങ്ങൾക്കും അനുഗ്രഹീതമാകുമാറാകട്ടെ. ജമാഅത്തിനും അനുഗ്രഹീതമാകുമാറാകട്ടെ. മാനവികതയ്ക്കും അനുഗ്രഹീതമാകുമാറാകട്ടെ. ദീനിന്റെ സേവകരായ തലമുറ ഇവരിൽനിന്നുണ്ടാകുമാറാകട്ടെ. പിന്നീട് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്) പറഞ്ഞു:ബന്ധം എന്റെ ചെറിയ സഹോദരി അമത്തുൽഹക്കീമും സയ്യിദ് ദാഊദ് മുളഫ്ഫർ ശാഹിന്റെ മകൻ സയ്യിദ് മൗലൂദ് അഹ്മദും തമ്മിലാണ്. അത് ഡോക്ടർ സയ്യിദ് ഗുലാം മുജ്തബായുടെ മകൾ ലുബ്നാ ശാഹ്‌വാറുമായി സമ്മതിച്ചിരിക്കുന്നു. പിന്നീട് ഡോക്ടർ സാഹിബിനെ കുറിച്ചും അവിടന്ന് പറഞ്ഞു:ഡോക്ടർ സാഹിബ് പശ്ചിമാഫ്രിക്കയിൽ വഖ്ഫ് എന്ന നിലയിൽ ഡോക്ടർ ജോലി ചെയ്ത ആദ്യകാല ഡോക്ടർമാരിൽപ്പെട്ടയാളാണ്. അദ്ദേഹത്തിന്റെ കൈകൾകൊണ്ട് അല്ലാഹു ധാരാളം രോഗികൾക്ക് ശിഫാ നല്കി. വലിയ വിദഗ്ധനായ സർജൻ എന്ന നിലയിൽ ആദ്യം ഘാനയിലും അദ്ദേഹം ജോലി ചെയ്തുകൊണ്ടിരുന്നു. പിന്നീടു കുറച്ചുകാലത്തിനുശേഷം അദ്ദേഹത്തെ നൈജീരിയായിലും അയച്ചിരുന്നു. അവിടേയും അദ്ദേഹം തന്റെ താൽക്കാലിക വഖ്ഫു പൂർത്തിയാക്കി. പിന്നീട് ഹൃദയസംബന്ധമായ രോഗം അദ്ദേഹത്തെ ഗ്രസിച്ചു. ഇക്കാരണത്താൽ മടങ്ങിപ്പോരേണ്ടിവന്നു. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ് അദ്ദേഹത്തിനുവേണ്ടി ദുആയും ചെയ്തു; അല്ലാഹു അദ്ദേഹത്തെ ആരോഗ്യത്തോടെ വെക്കുമാറാകട്ടെ. രണ്ടാമതും ആഫ്രിക്കയിൽപോകാൻ അദ്ദേഹത്തിന് തൗഫീഖ് നല്കുമാറാകട്ടെ. ഈ ദുആയും അല്ലാഹു സ്വീകരിച്ചു. അതിനുശേഷവും അദ്ദേഹം പോയി. ദീർഘകാലം അവിടെ ആഫ്രിക്കയിൽ സേവനം ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് കിട്ടി. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ് അദ്ദേഹത്തിനുവേണ്ടി ഇങ്ങനെയും ദുആ ചെയ്തു: അല്ലാഹു സയ്യിദ് മൗലൂദ് അഹ്മദിനും ദീനീസേവനം ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. അതിനുശേഷം തന്റേതായ നിലയിൽ ചെയ്യാൻ കഴിയുന്ന ഐച്ഛികമായ സേവനം ചെയ്തു.

**(ഖുത്വ്ബാത്തെ നാസ്വിർ, വാല്യം 10, പേജ് 656–657, ഖുത്വ്ബ നിക്കാഹ് 1977 നവംബർ 25)**

അദ്ദേഹത്തിന്റെ മകൻ സുഊദ് അഹ്മദ് പറയുന്നു:എന്റെ പിതാവ് ആരംഭംമുതൽത്തന്നെ കൃത്യമായി നമസ്കരിക്കുകയും സ്വുബ്ഹി നമസ്കാരത്തിനുശേഷം പതിവായി തിലവത്തു ചെയ്യുകയും ചെയ്യുമായിരുന്നു. എന്നല്ല എനിക്കറിയാം അദ്ദേഹം തഹജ്ജുദ് നമസ്കരിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ വിശുദ്ധ ഖുർആൻ പാരായണവും നല്ല ശബ്ദത്തിലായിരുന്നു. വീണ്ടും പറയുന്നു: രാത്രിയിൽ ഉറങ്ങുന്നതിനുമുമ്പേ ഞങ്ങൾക്ക് മുൻകടന്നുപോയ മഹാത്മാക്കളുടെ ജീവിതാനുഭവങ്ങളും സംഭവ കഥകളും കേൾപ്പിക്കുമായിരുന്നു. ചന്ദ കൊടുക്കുന്നതിൽ കൃത്യത പാലിച്ചിരുന്നു. ചന്ദ കൃത്യമായി കൊടുക്കണമെന്ന് പറഞ്ഞ് ഞങ്ങളേയും ഉപദേശിക്കുമായിരുന്നു. പോക്കറ്റുചെലവും തന്നിരുന്നു. ചന്ദകൊടുത്തിട്ട് വരാൻ പറയുമായിരുന്നു. പെരുന്നാൾപൊടി കിട്ടുമ്പോൾ അതിൽനിന്നും ചന്ദ കൊടുക്കാൻ പറഞ്ഞിരുന്നു. ഓരോരുത്തരുടേയും പ്രത്യേകം പ്രത്യേകം ഫയൽ ഉണ്ടാക്കിയിരുന്നു. ഇപ്രകാരംതന്നെ കുട്ടികളേയും വസ്വിയ്യത്ത് ചെയ്യിക്കുമ്പോൾ അവർക്കും പ്രത്യേകം ഫയൽ വെക്കുമായിരുന്നു. അവരുടെ റെക്കോർഡും സൂക്ഷിക്കുമായിരുന്നു. ചന്ദ അദ്ദേഹം തന്നെ ക്ലിയറാക്കി വെക്കുമായിരുന്നു. റമളാനിലെ നോമ്പിനുപുറമെ ശവ്വാലിലെ നോമ്പും നോറ്റിരുന്നു. വുശുദ്ധ ഖുർആൻ രണ്ടുവട്ടം ഖത്തം ചെയ്യുമായിരുന്നു. മൂന്നാമത്തെ വട്ടവും റമളാനിൽത്തന്നെ പൂർത്തിയാക്കാൻ ശ്രമിക്കുമായിരുന്നു.

പിന്നീട് അദ്ദേഹം ഇതും എഴുതിയിരിക്കുന്നു. വളരെ നല്ല മനുഷ്യനായിരുന്നു. ശുദ്ധ പ്രകൃതിയ്ക്ക് ഉടമയായിരുന്നു. ചൊവ്വായും നേരെയും സംസാരിക്കുന്ന ആളായിരുന്നു. വളരെ സൗമ്യനായിരുന്നു. ആരെങ്കിലുമായി പഴയതോ പുതിയതോ ആയ ബന്ധം മുണ്ടായാൽ വീണ്ടും സ്വയമേവ അതു നിലനിറുത്തുമായിരുന്നു. എന്തെങ്കിലുമൊക്കെ സന്ദർഭമുണ്ടാക്കി സുഖവിവരങ്ങൾ അന്വേഷിക്കുമായിരുന്നു. ചെറിയവരോടും വലിയവരോടും നല്ല രീതിയിൽ പെരുമാറിയിരുന്നു. ആരോടും പക വെക്കുമായിരുന്നില്ല. ആരോടും പക്ഷപാതപരമായി പെരുമാറുമായിരുന്നില്ല. ആര് അതിക്രമം കാണിച്ചാലും അവരോടു നല്ല രീതിയിൽ പെരുമാറുമായിരുന്നു. ആരെങ്കിലും കൂടുതൽ അതിക്രമം കാണിച്ചാൽ നേരിട്ടുപോയി അവരുമായി ബന്ധം നിലനിറുത്തുമായിരുന്നു. ഇക്കാര്യം മക്കൾ മാത്രമല്ല മറ്റുള്ളവരും എഴുതിയിട്ടുണ്ട്. എന്നല്ല ഞാനും കണ്ടിട്ടുണ്ട് യഥാർഥത്തിൽ ഈ ഗുണങ്ങൾ അദ്ദേഹത്തിലുണ്ടായിരുന്നു. ഞാനും ഇതു കണ്ടിട്ടുള്ളതാണ്. അദ്ദേഹം കുറിച്ചറിയുന്ന ധാരാളമാളുകൾ അനുശോചനം അറിയിച്ചിട്ടുണ്ട്. അതിൽ ഇത് രേഖപ്പെടുത്തിയിട്ടുമുണ്ട്.

മകൻതന്നെ എഴുതിയിരിക്കുന്നു:ഒരിക്കൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വെളിയിലെവിടെയോ യാത്രപോയി. ഇദ്ദേഹത്തിനുവേണ്ടി എന്തോ കളിപ്പാട്ടം കൊണ്ടുകൊടുത്തു. ഇത് അദ്ദേഹം തുറന്ന് കഷണംകഷണമാക്കി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അദ്ദേഹത്തോടു പറഞ്ഞു:ഞാൻ നിനക്ക് സമ്മാനം തന്നതാണ്. നീ അത് കഷണംകഷണമാക്കിയോ? പറഞ്ഞു: ഞാനിപ്പോൾ അത് ശരിയാക്കിത്തരാം.പിന്നിട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ മുമ്പിൽത്തന്നെ അതു ശരിയാക്കുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അദ്ദേഹത്തിന്റെ മാതാവിനോടു പറഞ്ഞു:ഇവനെ എഞ്ചിനിയറാക്കണം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറഞ്ഞ ഇക്കാര്യവും പുലർന്നു. പിന്നീട് അദ്ദേഹം എഞ്ചിനിയറുമായി. വളരെ നല്ല എഞ്ചിനിയറായിരുന്നു.

ഇനി എല്ലാവർക്കും ഗുണപ്രദമായ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഒരു ഉപദേശവും വിവരിച്ചുതരാം.

ഒരിക്കൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സിന്ധിലുണ്ടായിരുന്ന തന്റെ ഫാമിൽ പോയി. ഇദ്ദേഹം അക്കാലത്ത് അവിടെയുണ്ടായിരുന്നു. ഇദ്ദേഹവും തന്റെ പിതാവിന്റെ കൂടെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനോടൊപ്പം സ്ഥലം പരിശോധിക്കുകയായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പോകുന്നിടത്തെല്ലാം ഇദ്ദേഹവും പോയിക്കൊണ്ടിരുന്നു. അത് മാമ്പഴത്തിന്റെ കാലമായിരുന്നു. കരാറുകാരൻ മാമ്പഴം അറുത്ത് താഴെ വെച്ചിരുന്നു. കരാറനുസരിച്ചുള്ളത് വിൽക്കും. ബാക്കിയുള്ളത് കരാർകൊടുക്കുന്ന ആളുടേതാണ്. അതിൽനിന്ന് കുറച്ച് ഉടമസ്ഥനു നല്കും. എന്തായാലും മാമ്പഴം അറുത്ത് താഴെ വെച്ചിരുന്നു. ഇവർ കുട്ടികളായിരുന്നു. ഇദ്ദേഹം അതിൽനിന്ന് ഒരു മാമ്പഴം എടുത്തു. ഹ്ദറത്ത് മുസ്‌ലിഹ് മൗഊദ്(റ)അതു തിരിച്ചുകൊണ്ടുപോയി വെച്ചിട്ട് പറഞ്ഞു. ഇത് ഇപ്പോൾ നിങ്ങളുടെ ഉടമസ്ഥതിയിലുള്ളതല്ല. ഇതു കരാറുകാരന്റെ സ്വത്താണ്.

ഹ്ദറത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ശിക്ഷണ രീതി ഇങ്ങനേയുമായിരുന്നു. മിച്ചമുള്ളത് നമുക്കു കിട്ടുന്നതാണെന്നും അതിൽനിന്ന് ഇതു കുറയ്ക്കാമെന്നും അതുകൊണ്ട് പ്രശ്നമില്ലെന്നും പറയാമായിരുന്നു. പക്ഷേ, അങ്ങനെയല്ല. ഇങ്ങനെയാണ് തന്റെ ദൗഹിത്രന് ഹ്ദറത്ത് മുസ്‌ലിഹ് മൗഊദ്(റ) ശിക്ഷണം നല്കിയത്.

സയ്യിദ് മൗലൂദിന്റെ മകൾ അസീസ മാരിയ പറയുന്നു:വിശുദ്ധ ഖുർആനും, റൂഹാനീ ഖസാഇനും മൽഫൂദാത്തും നിരന്തരം പാരായണം ചെയ്യുമായിരുന്നു. ഇപ്രകാരം തഫ്സീറെ കബീറും പാരായണം ചെയ്തിരുന്നതും എനിക്കറിയാം. അഗാധമായ അറിവായിരുന്നു. ആളുകളുടെ ഇടയിലിരുന്ന് തന്റെ അറിവ്

## • കലാമുൽ ഇമാം •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**




SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • കലാമുൽ ഇമാം •

**'അല്ലയോ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ.825)**


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

പ്രകടിപ്പിക്കുമായിരുന്നില്ല. ഇനി ആരെങ്കിലും ചോദിച്ചാൽ, എവിടെയെങ്കിലും സംസാരമുണ്ടായാൽ നല്ല ഉദ്ധരണികൾ നല്കുമായിരുന്നു. മറ്റുള്ളവരും എനിക്ക് ഇതെഴുതിയിട്ടുണ്ട്. ദീനീപരവും ഭൗതികപരവുമായ അടിസ്ഥാനത്തിൽ പറയുന്നു: ഞങ്ങളെന്തെങ്കിലും പ്രശ്നം ചോദിച്ചാൽ നല്ല പരിഹാരം പറഞ്ഞുതരുമായിരുന്നു. ദുആയിലേക്ക് ശ്രദ്ധിക്കാൻ ഉപദേശിക്കുമായിരുന്നു. നിങ്ങൾ ദുആ ചെയ്യുക, പിന്നിട് കാര്യം അല്ലാഹുവിന് വിടുക എന്നു പറയുമായിരുന്നു.

അല്ലാഹു അദ്ദേഹത്തോടു കരുണയോടും പൊറുമയോടും പെരുമാറട്ടെ. അദ്ദേഹത്തിന്റെ ഭാര്യയുടേയും മക്കളുടേയും സംരക്ഷകനായിരിക്കട്ടെ. അദ്ദേഹത്തിന്റെ നന്മകൾ തുടർന്നു കൊണ്ടുപോകാൻ തൗഫീഖു നല്കുമാറാകട്ടെ.

അദ്ദേഹത്തിന്റെ ഒരു സഹോദരനാണ് സ്വുഹയ്ബ്. അദ്ദേഹവും ഇതുതന്നെയാണ് എഴുതിയിട്ടുള്ളത്. വളരെയേറെ ഉൽക്കൃഷ്ട ഗുണങ്ങളുണ്ടായിരുന്നു. ദുഃഖത്തിന്റേയും സന്തോഷത്തിന്റേയും അവസരങ്ങളിൽ ആദ്യമെതന്നെ പ്രതികരിക്കുമായിരുന്നു. രോഗികളെ കാണാൻ പോകുമായിരുന്നു.

ഹനീഫ് മഹ്മൂദ് സാഹിബ് മുറബ്ബിയാണ്. അദ്ദേഹം എഴുതുന്നു. ഇസ്‌ലാമാബാദിൽനിന്നാണ് പരിചയപ്പെട്ടത്. സാധാരണക്കാരൻ, ശുഭ്രവസ്ത്രധാരി, ശാന്തസ്വഭാവി, ദർവേശ്, മലക്കിനെപ്പോലുള്ള മനുഷ്യൻ! ജീവിതം അർപ്പണം ചെയ്തവരെ പ്രത്യേകം ആദരിക്കുകയും ബഹുമനിക്കുകയും ചെയ്തിരുന്നു. റബ്‌വയിൽ വന്നപ്പോൾ ഇസ്‌ലാമാബാദിൽനിന്ന് തുടങ്ങിയ ആ ബന്ധം ഇവിടേയും നിലനിറുത്തി. മിക്കപ്പോഴും അന്വേഷിച്ച് മസ്ജിദിൽ കൂടിക്കാണുമായിരുന്നു. അദ്ദേഹത്തോടു ദുആ ചെയ്യാൻ പറയുമ്പോൾ ദുആയ്ക്കുശേഷം എല്ലാ വവരങ്ങളും ചോദിക്കുമായിരുന്നു.

ഞാൻ പറഞ്ഞതുപോലെ അല്ലാഹു അദ്ദേഹത്തിന്റെ നന്മകൾ അദ്ദേഹത്തിന്റെ മക്കളിലും തുടർന്നുകൊണ്ടുപോകുമാറാകട്ടെ.

രണ്ടാമത്തെ ജനാസ സ്വദ്ർ ജമാഅത്ത് മഹ്ദിയാബാദ് ഡോറീ റീജ്യൻ ബുർക്കിനോ ഫാസോ അക്മീദ് ആഗ് മുഹമ്മദ് സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസം 65-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ രണ്ടു ഭാര്യമാരും പത്ത് ആൺമക്കളും അഞ്ച് പെൺമക്കളുമുണ്ട്.

മിഷണറി ഇൻചാർജ് സാഹിബ് എഴുതുന്നു:ഇദ്ദേഹം വളരെ ഊർജസ്വലനായിരുന്നു. കഴിഞ്ഞ ദിവസം അവിടെ ഡോറിയിൽ പോയിരുന്നു. ശഹീദുമാരുടെ കുടുംബങ്ങളുടെ വീട് ഇദ്ദേഹംതന്നെ സെറ്റു ചെയ്യുകയായിരുന്നു. ജമാഅത്ത് ശഹീദുമാരുടെ കുടുംബങ്ങൾക്ക് പുതിയവീടുകൾവച്ചു നല്കിയിട്ടുണ്ട്. പിന്നീട് രണ്ടു ദിവസം കഴിഞ്ഞാണ് വീട്ടിൽ പോയത്. അവിടെ ബോധംകെട്ടു വീണു. കഠിനമായ ഹൃദയാഘാതമുണ്ടായി. അങ്ങനെ അദ്ദേഹം മരിച്ചു.

1999-ൽ അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യം കിട്ടി. അഹ്മദിയായതിനുശേഷം അൽഹാജ് ഇബ്‌റാഹീം ബിദിഗ സാഹിബിന്റെ അടുത്ത് മഹ്ദിയാബാദിലേക്ക് താമസം മാറി. അൽഹാജ് ഇബ്‌റാഹീം ബിദിഗ സാഹിബിനോടൊപ്പം അടുത്ത ഗ്രാമങ്ങളിൽ തബ്‌ലീഗിനും പോയിരുന്നു. തബ്‌ലീഗിന്റെ ഫലമായി ധാരാളം ജമാഅത്ത് അദ്ദേഹം സ്ഥാപിച്ചു. വനം വകുപ്പിൽ ഫോറസ്റ്റ് ഗാർഡിന്റെ പ്രതിനിധിയെന്ന നിലയിൽ സർക്കാരുദ്യോഗസ്ഥനായിരുന്നു. അവിടെ ഭീകരവാദികൾ കാരണത്താൽ ജോലി ഉപേക്ഷിച്ചു. വിളവു കൊയ്യുമ്പോൾ എല്ലാ സഹോദരന്മാരിൽനിന്നും അവരുടെ സക്കാത്ത് വിഹിതം മാറ്റിവെപ്പിക്കുമായിരുന്നു. എല്ലവരുടേയും സക്കാത്തിന്റെ കണക്ക് തയ്യാറാക്കി സെക്രട്ടറി മാലിനു കൊടുത്ത് രസീത് മുറിപ്പിക്കുമായിരുന്നു. അഞ്ചുവർഷം മഹ്ദിയാബാദ് ജമാഅത്തിന്റെ സ്വദ്ർ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. മൃദുല സ്വഭാവിയായിരുന്നു. ഒരിക്കലും ദ്വേഷപ്പെടുമായിരുന്നില്ല. 2023 ജനുവരി 11 ന് മഹ്ദിയാബാദിൽ തീവ്രവാദികൾ ആക്രമണം നടത്തിയപ്പോൾ, ആ ദിവസം ഇദ്ദേഹം നമസ്കരിച്ച് അവിടെനിന്ന് വീട്ടിൽ പോയിക്കഴിഞ്ഞിരുന്നു. ഈ സംഭവത്തിനുശേഷം ജമാഅത്തിൽ വളരെ ഭയവും പേടിയും നിലനിന്നിരുന്നു. ശഹാദത്തുകൾ കാരണത്താൽ ആളുകൾ വളരെ തളരുകയും ചെയ്തിരുന്നു. ഇദ്ദേഹം അവർക്ക് വളരെ ധൈര്യം പകർന്നു. പിന്നീട് വീണ്ടും ഞാൻ മഹ്ദിയാബാദ് ജമാഅത്തിലെ ആളുകളെ ഡോറിനഗരത്തിലേക്ക് മാറ്റാൻ അദ്ദേഹത്തോടു പറഞ്ഞപ്പോൾ അദ്ദേഹം വളരെ പ്രയാസപ്പെട്ട് ഈ എല്ലാ ജോലികളും ചെയ്തു. ആളുകൾക്ക് ധൈര്യം പകർന്നു. അവരെ അധിവസിപ്പിച്ചു. എല്ലാ ജമാഅത്തംഗങ്ങളേയും തന്റെ മേൽന്നോട്ടത്തിൽ ഡോറിയിലേക്ക് മാറ്റാനുള്ള പ്രവൃത്തികൾ ചെയ്തു. പിന്നീട് മരണംവരെ ശഹീദുമാരുടെ കുടുംബാവശ്യങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

റാണാ ഫാറൂഖ് സാഹിബ് ഡോറിയിലെ മുബല്ലിഗാണ്. അദ്ദേഹം പറയുന്നു:സ്വുബ്ഹി നമസ്കാരത്തിനുശേഷം നിത്യവും ശഹീദുമാരുടെ എല്ലാ വീടുകളിലും സലാം പറയാൻ പോകുമായിരുന്നു. സുഖവിവരങ്ങൾ അന്വേഷിക്കുമായിരുന്നു. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ എത്രയും വേഗം അതു നിറവേറ്റാൻ ശ്രമിക്കുമായിരുന്നു. പറയുന്നു: ഈ നേരത്ത് ഡോറിയിൽ വിവിധ ജമാഅത്തുകളിലെ 800-ൽ അധികം ദുരന്തബാധിതരുണ്ട്. അവർ ഇവിടെ താമസിക്കുന്നു. അവരെ എല്ലാവരേയും ശ്രദ്ധിക്കുമായിരുന്നു. അവരുടെ സേവനത്തിന് സദാ തയ്യാറായിരുന്നു. നമസ്കാരങ്ങളിൽ വളരെ കൃത്യതയും ജമാഅത്തിന്റെ വ്യവസ്ഥിതിയുമായി പൂർണമായും സഹകരിക്കുന്നയാളും അതിനുവേണ്ടി മറ്റുള്ളവരെ ഉപദേശിക്കുന്ന ദേഹവുമായിരുന്നു.

അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും ബന്ധുക്കൾക്കും ക്ഷമയും ധൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ. (വിവർത്തനം എച്ച്. ശംസുദ്ദീൻ കാവശേരി, ടൈപ്പ് സെറ്റിംഗ്: പി.യം.വസീം അഹ് മദ് ചേലക്കര)

**( പേജ് 1 ൽനിന്ന്)**

ഗോത്രത്തിലെ ആളുകൾ വളരെ കുറച്ചേയുള്ളു. ഇവരുടെ എണ്ണമാണെങ്കിൽ വളരെ കൂടുതലും!അവർ ഇങ്ങനെ സംസാരിക്കുന്നതേ ഉണ്ടായിരുന്നുള്ളു, ഇരുട്ടിൽ ശബ്ദം കേട്ടു, അബൂ ഹൻള്വല!(ഇതു അബൂസുഫിയാന്റെ ഓമനപ്പേരായിരുന്നു). അബൂസുഫിയാൻ ശബ്ദം തിരിച്ചറിഞ്ഞു. അയാൾ പറഞ്ഞു:അബ്ബാസേ! താങ്കളെവിടെയാണ്? അദ്ദേഹം പറഞ്ഞു: മുന്നിൽ നബി(സ)തിരുമേനിയുടെ സൈന്യമുണ്ട്. താങ്കൾ താങ്കളുടെ ജീവന് നല്ലതാഗ്രഹിക്കുന്നെങ്കിൽ എത്രയുംവേഗം എന്റെ പിന്നിൽ യാത്രാവാഹനത്തിലിരിക്കുക. ഇല്ലെങ്കിൽ ഉമർ എന്റെ പിന്നാലെ വരുന്നുണ്ട്. അദ്ദേഹം നിന്നെ ശിക്ഷിക്കും. അങ്ങനെ അബൂസുഫിയാന്റെ ഇഷ്ട സുഹൃത്തായിരുന്ന അബ്ബാസ് അയാളുടെ കൈ പിടിച്ച് തന്റെ പിന്നിലേക്ക് വലിച്ചു കയറ്റി ഇരുത്തി. യാത്രാവാഹനം ഓടിച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ അടുത്തെത്തി. അവിടെ ചെന്നുടനെ അദ്ദേഹം അബൂസുഫിയാനെ നബി(സ)തിരുമേനിയുടെ കാൽച്ചുവട്ടിലേക്ക് തള്ളിയിട്ടു. യാ റസൂലല്ലാഹ്! അബൂ സുഫിയാൻ ബയ്അത്ത് ചെയ്യുന്നതിന് ഹാജറായിരിക്കുന്നുവെന്ന് പറയുകയും ചെയ്തു.

ഹദ്റത്ത് അബ്ബാസിന്റെ സമ്മർദംകൊണ്ട്, അയാളുടെ രണ്ടുസ്നേഹിതന്മാരും ബയ്അത്തു ചെയ്ത കാരണത്താലും അയാളും ഇസ്‌ലാം സ്വീകരിച്ചു. പിന്നീട് അബൂസുഫിയാൻ പറഞ്ഞു:യാ റസൂലല്ലാഹ്! മക്കയിലെ ജനങ്ങൾ വാളുയർത്തിയില്ലെങ്കിൽ അവർ സമാധാനത്തിലായിരിക്കുമോ? അവിടന്ന്(സ)പറഞ്ഞു: അതേ. തന്റെ വീടിന്റെ വാതിൽ അടയ്ക്കുകയും നേരിടാൻ വരാതിരിക്കുകയും ചെയ്യുന്ന ഓരോ വ്യക്തിയ്ക്കും സമാധാനം നല്കപ്പെടുന്നതായിരിക്കും. ഹദ്റത്ത് അബ്ബാസ്(റ) പറഞ്ഞു: യാ റസൂലല്ലാഹ്!അബൂസുഫിയാന് തന്റെ ബഹുമതിയെകുറിച്ച് കൂടുതൽ ചിന്തയുണ്ട്. അയാളുടെ മാന്യതയ്ക്കും എന്തെങ്കിലും ചെയ്താലും. അവിടന്ന് പറഞ്ഞു: ആരാണോ അബൂസുഫിയാന്റെ വീട്ടിൽ അഭയം തേടുന്നത് അയാൾക്കും സമാധാനം നല്കപ്പെടുന്നതായിരിക്കും. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! മക്കയിലെ ജനസംഖ്യ നോക്കുമ്പോൾ അബൂസുഫിയാന്റെ വീട് വളരെ ചെറുതാണ്. അവിടന്ന് പറഞ്ഞു: ആരാണോ ഹക്കീം ബിൻ ഹസ്സാമിന്റെ വീട്ടിൽ അഭയം തേടുന്നത് അയാൾക്കും അഭയം നല്കപ്പെടുന്നതായിരിക്കും. ആരാണോ തന്റെ ആയുധം വലിച്ചെറിയുന്നത് അയാൾക്കും അഭയം നല്കപ്പെടുന്നതായിരിക്കും. ആരാണോ കഅ്ബദേവാലയത്തിലേക്ക് പോകുന്നത് അയാൾക്കും അഭയം നല്കപ്പെടുന്നതായിരിക്കും. അയാൾ പറഞ്ഞു: യാ റസൂലല്ലാഹ്! ഈ സ്ഥലങ്ങളും മക്കയിലെ ജനങ്ങളെവച്ചുനോക്കുമ്പോൾ മതിയായതല്ല. അവിടന്ന് പറഞ്ഞു: എനിക്ക് കുറച്ചു തുണി തരുക. അങ്ങനെ തുണികൊണ്ടുവരപ്പെട്ടപ്പോൾ അവിടന്ന് അതുകൊണ്ട് ഒരു പതാക ഉണ്ടാക്കി. പിന്നീട് ആ പതാക ഒരു സ്വഹാബിയായ അബൂറുവയ്ഹായ്ക്ക് നല്കി. അദ്ദേഹം ഹദ്റത്ത് ബിലാലിന്റെ സഹോദരനാക്കപ്പെട്ടിരുന്നു. പറഞ്ഞു: ഇത് ബിലാലിന്റെ പതാകയാണ്. ആരാണോ ഇതിന്റെ താഴെ വന്ന് നിൽക്കുന്നത് അവനും മാപ്പ് കൊടുക്കുന്നതായിരിക്കും.

ഈ ചരിത്രസംഭവം പറയുന്നത് അബൂ സുഫിയാൻ മക്കയിൽപ്പോയി വിളംബരം ചെയ്തിട്ടുണ്ടാകുമെന്നാണ്. അങ്ങനെ വന്നപ്പോൾ എപ്രകാരമാണ് ആളുകൾ ഭ്രാന്തന്മാരെപ്പോലെ അവരവരുടെ വീടുകളിലേക്കും കഅ്ബ ദേവാലയത്തിലേക്കും ബിലാലിന്റെ പതാക നില്ക്കുന്ന സ്ഥലത്തേക്കും അബൂസുഫിയാനിന്റേയും ഹക്കീം ബിൻ ഹസ്സാമിന്റേയും വീട്ടിലേക്കും ഓടിയിട്ടുണ്ടാകുക! എങ്ങനെയായിരിക്കും അവരുടെ മനസ്സ് ആ നേരത്ത് കിടുകിടെ വിറച്ചിട്ടുണ്ടാകുക. കാലുകൾ അടിപതറിയിട്ടുണ്ടാകുക. അവരുടെ ബോധം മറിഞ്ഞുപോയിട്ടുണ്ടാകുക? ആ നേരത്ത് നബി(സ)തിരുമേനി ബിലാലിനുവേണ്ടി പതാക കെട്ടിയപ്പോൾ അത് മക്കക്കാരെ നിന്ദ്യരാക്കുന്നതിനും ബിലാലിന്റെ മനസ്സിനെ സന്തോഷിപ്പിക്കുന്നതിനുമുള്ള സൂക്ഷ്മമായൊരു മാർഗമായിരുന്നു. ബിലാൽ ഇസ്‌ലാം സ്വീകരിച്ച കാരണത്താൽ മക്കക്കാർ വർഷങ്ങളോളം അദ്ദേഹത്തെ മർദിക്കുമായിരുന്നു. നബി(സ)തിരുമേനി തന്റെ ജനതയ്ക്ക് മാപ്പുകൊടുത്തു. എന്നാൽ. തന്റെ നെഞ്ചിലും മാറിടത്തും ഏറ്റ മുറിവുകൾക്ക് ഒരുപകരംവീട്ടലും നടത്തിയില്ലെന്ന് ബിലാൽ മനസ്സിൽ പറയുമായിരിക്കുമെന്ന് നബി(സ)തിരുമേനിക്ക് തോന്നി!അതുകൊണ്ട് അവിടന്ന് അദ്ദേഹത്തിന്റെ പതാക ഉണ്ടാക്കി വളർത്തുസഹോദരന്റെ കൈയിൽ നല്കിക്കൊണ്ടു പറഞ്ഞു:ആരാണോ ബിലാലിന്റെ കൊടിക്കീഴിൽവന്ന് നിൽക്കുന്നത് അവനും മാപ്പു നല്കുന്നതായിരിക്കും.(സീറത്തുൽഹൽബിയ്യ വാല്യം 3, പേജ് 93) ഇപ്രകാരം ഒരേ സമയത്ത് അവിടന്ന് തന്റെ കരുണയ്ക്കുള്ള തെളിവും നല്കി. ബിലാലിന്റെ മുറിവുകൾക്ക് പഞ്ഞിവെക്കുകയും ചെയ്തു. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ വ ബാരിക് വ സല്ലിം.(തഫ്സീറെ കബീർ വാല്യം 6, പേജ് 6, പ്രസാധനം 2010 ഖാദിയാൻ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ**
**670 303.**
**ismayeel.ha@gmail.com**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

## ഖുത്ബ് ജുമുഅ

- നബി(സ)തിരുമേനിയുടെ കാരുണ്യം പൂർണമായും അല്ലാഹുവിന്റെ കാരുണ്യവുമായി താദാത്മ്യം പ്രാപിച്ചിരുന്നു. അതുതന്നെയാണ് ഈ അവസ്ഥയിലും മികച്ചുനിന്നത്. അതേസമയം അപ്പോൾ നബി(സ)തിരുമേനിക്ക് പരിക്കു പറ്റിയിരുന്നു. രക്തം വരികയും ചെയ്യുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി തുടർന്ന് പ്രസ്തുത ദുആ ചെയ്യുകയുണ്ടായി. ജനങ്ങൾ അല്ലാഹുവിന്റെ നബിയെ, അവന് പ്രിയപ്പെട്ടവനെ ആക്രമിക്കുമ്പോൾ അവന്റെ കോപം ആളിക്കത്തുന്നതാണ്. എന്നാൽ, അല്ലാഹുവേ! അജ്ഞതയും വിവരക്കേടും കാരണമാണ് ഇവർ ഈ അക്രമങ്ങൾ ചെയ്യുന്നത്. അവർക്ക് പൊറുത്തു കൊടുക്കേണമേ! അവർക്കുമേൽ അവരുടെ തെറ്റുകൾ കാരണം ശിക്ഷ ഇറക്കരുതേ, അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദ് ഇത് എത്രമാത്രം അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും ദൃശ്യമാണ്?
- ആ മഹാത്മാവിനെ കുഴിയിൽനിന്ന് പുറത്തെടുത്തപ്പോൾ ബോധം വീണിരുന്നു. ശത്രുക്കൾ തനിക്ക് പരിക്കേൽപിച്ചുവെന്നോ തന്റെ പല്ല് പൊട്ടിച്ചുവെന്നോ തന്റെ ബന്ധുമിത്രാദികളെ ശഹീദാക്കിയെന്നോ ഉള്ള ചിന്തപോലും ഉണ്ടായിരുന്നില്ല. പ്രത്യുത നബി(സ)തിരുമേനിക്ക് ബോധം വന്നപ്പോൾ ക്ഷണത്തിൽ ഇങ്ങനെ ദുആ ചെയ്തു: റബ്ബിഗ്ഫിർ ലിഖൗമീ ഫഇന്നഹും ലാ യഅ്ലമൂൻ അല്ലാഹുവേ, ഇവർക്ക് എന്റെ സ്ഥാനം മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് നീ അവർക്ക് പൊറുത്തുകൊടുക്കേണമേ, അവരുടെ പാപങ്ങൾ മാപ്പാക്കേണമേ!
- ഉഹുദ് യുദ്ധത്തിൽ കാണപ്പെട്ട മലക്കുകളുടെ ശിരസിൽ ചെമന്ന തലപ്പാവാണുണ്ടായിരുന്നത്. ചെമന്ന നിറം അല്പം ദുഃഖത്തേയും സൂചിപ്പിക്കുന്നു. കാരണം ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനിക്ക് പരിക്കേറ്റ കാരണത്താൽ സ്വഹാബാക്കൾക്കുണ്ടായ സങ്കടം നബി(സ) തിരുമേനിയുടെ ജീവിതത്തിൽ മറ്റൊരിക്കലും സ്വഹാബാക്കൾക്ക് അനുഭവിക്കേണ്ടി വന്നിട്ടില്ല. അവർക്ക് ഒരു ദുഃഖത്തിന് ശേഷം മറ്റൊരു ദുഃഖത്തിന്റെ വാർത്ത വന്നുകൊണ്ടിരുന്നു. അവർ ദുഃഖം കാരണം നിശ്ചലരായി മാറി. ചുരുക്കത്തിൽ ഈ യുദ്ധത്തിൽ മലക്കുകളുടെ അടയാളത്തിന് വേണ്ടി തിരഞ്ഞെടുത്ത നിറത്തിലും ദുഃഖത്തിന്റെയും രക്തത്തിന്റെയും വശമുണ്ടായിരുന്നു.
- അദ്ദേഹത്തിന്റെ ശരീരത്തിൽ വാളുകൊണ്ടുള്ളതോ കുന്തം കൊണ്ടുള്ളതോ അമ്പുകൊണ്ടുള്ളതോ ആയ 80-ൽപരം മുറിവുകൾ കാണുകയുണ്ടായി. ഞങ്ങൾ അദ്ദേഹത്തെ കാണുമ്പോൾ അദ്ദേഹം ശഹീദായിട്ടുണ്ടായിരുന്നു. മുശ്രികീങ്ങൾ അദ്ദേഹത്തിന്റെ മൃതദേഹം വികൃതമാക്കിയിരുന്നു. അദ്ദേഹത്തിന്റെ സഹോദരിക്കല്ലാതെ മറ്റാർക്കും അദ്ദേഹത്തെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. അവർ വിരലിലെ രേഖയിൽ നിന്നാണ് അദ്ദേഹത്തെ തിരിച്ചറിഞ്ഞത്.
- ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനിക്കേറ്റ ബുദ്ധിമുട്ടുകളുടേയും, മലക്കുകളുടെ ഇറക്കത്തിന്റേയും സ്വഹാബാക്കളുടെ ജീവാർപണത്തിന്റേയും ഈമാൻ ദൃഢഗാഢമാക്കുന്ന ചർച്ച.
- യമനിലെ അഹ്മദികൾക്കും മുസ്‌ലിം ഉമ്മത്തിനും ലോകത്തിന്റെ അവസ്ഥകൾക്കുംവേണ്ടി ദുആ ചെയ്യാൻ ആഹ്വാനം.
- ഇപ്പോൾ യമനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവർ ഇപ്പോൾ വളരെയേറെ ബുദ്ധിമുട്ടിലാണ്. അതുപോലെ മുസ്‌ലിം ഉമ്മത്തിനുവേണ്ടിയും ദുഃആ ചെയ്യുക. അല്ലാഹു അവരിൽ ഒരുമയും ഐക്യവും ഉണ്ടാക്കുകയും ബുദ്ധിയും വിവേകവും നല്കുകയും ചെയ്യുമാറാകട്ടെ. ലോകത്തിന്റെ പൊതുവായ അവസ്ഥക്ക് വേണ്ടിയും ദുആ ചെയ്യുക. വളരെവേഗം ലോകം യുദ്ധത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ.
- സിയറ ലിയോൺ ജമാഅത്ത് അമീർ ഹാഫിള് ഡോക്ടർ അബ്ദുൽഹമീദ് ഗാമാങ്കാ സാഹിബ്, ജമാഅത്തിന്റെ മുറബ്ബി റശീദുദ്ദീൻ സാഹിബിന്റെ ഭാര്യ ത്വാഹിറ നദീർ ബീഗം സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2024 ജനുവരി 26, 1403 സ്വുൽഹ് 26**
**മസ്ജിദ് മുബാറക്ക് ഇസ്‌ലാമാബാദ് യു.കെ**

**ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

നബി(സ)തിരുമേനിക്ക് യുദ്ധത്തിൽ പരിക്കുപറ്റിയതിനെ സംബന്ധിച്ചുള്ള വിശദീകരണത്തിൽ ചില നിവേദനങ്ങൾ ഇപ്രകാരമാകുന്നു:

ഹദ്റത്ത് ഇബ്നു അബ്ബാസി(റ)ന്റെ നിവേദനമനുസരിച്ച് ഈ സന്ദർഭത്തിൽ നബി(സ)തിരുമേനി പറഞ്ഞു:ഇശ്ത്തദ്ദ ഗളബുല്ലാഹി അലാ മൻ ഖത്തലഹുന്നബിയ്യു ഫീ സബീലില്ലാഹി ഇശ്ത്തദ്ദ ഗളബുല്ലാഹി അലാ ഖൗമിൻ ദമ്മൗ വജ്ഹന്നബിയില്ലാഹി

അല്ലാഹുവിന്റെ മാർഗത്തിൽ, അല്ലാഹുവിന്റെ നബി കൊലപ്പെടുത്തിയവനോട് അല്ലാഹുവിന്റെ കോപം കഠിനമായിരിക്കും. നബി(സ)തിരുമേനിയുടെ മുഖത്തെ രക്തപങ്കിലമാക്കിയ സമൂഹത്തിനുമേൽ അല്ലാഹുവിന്റെ കോപം കഠിനതരമായിരിക്കും.

ത്വബ്റാനിയുടെ നിവേദനത്തിൽ പറയുന്നു; നബി(സ)തിരുമേനിക്ക് പരിക്കു പറ്റിയപ്പോൾ പറഞ്ഞു: ഇശ്ത്തദ്ദ ഗളബുല്ലാഹി അലാ ഖൗമിൻ കല്ലമൂ വജ്ഹ റസൂലില്ലാഹി നബി(സ)തിരുമേനിയുടെ പരിശുദ്ധ മുഖത്തിന് പരിക്കേല്പിച്ച സമുദായത്തിനുമേൽ അല്ലാഹുവിന്റെ കോപം കഠിനതരമായിരിക്കും. തുടർന്ന് അല്പം നിറുത്തിയ ശേഷം പറഞ്ഞു: അല്ലാഹുമ്മഗ്ഫിർ ലീ ഖൗമീ ഫഇന്നഹും ലാ യഅ്ലമൂൻ അല്ലാഹുവേ എന്റെ സമുദായത്തിന് പൊറുത്തു കൊടുക്കേണമേ, കാരണം അവർ അജ്ഞരാകുന്നു.

സ്വഹീഹയ്നിലുള്ള(ബുഖാരി മുസ്‌ലിം)നിവേദനത്തിലും ഇതുതന്നെയാണുള്ളത്. നബി(സ)തിരുമേനി ഇങ്ങനെ തുടരത്തുടരെ പറഞ്ഞു കൊണ്ടിരുന്നു:അല്ലാഹുമ്മഗ്ഫിർ ലീ ഖൗമീ ഫഇന്നഹും ലാ യഅ്ലമൂൻ അല്ലാഹുവേ എന്റെ സമുദായത്തിന് പൊറുത്തു കൊടുക്കേണമേ, കാരണം അവർ അജ്ഞരാകുന്നു.(സീറത്ത് എൻസൈക്ലോപീഡിയ, വാള്യം 6, പേജ് 252-253, ദാറുസ്സലാം രിയാള്)

ചുരുക്കത്തിൽ നബി(സ)തിരുമേനിയുടെ കാരുണ്യം പൂർണമായും അല്ലാഹുവിന്റെ കാരുണ്യവുമായി താദാത്മ്യം പ്രാപിച്ചിരുന്നു. അതുതന്നെയാണ് ഈ അവസ്ഥയിലും മികച്ചുനിന്നത്. അതേസമയം അപ്പോൾ നബി(സ)തിരുമേനിക്ക് പരിക്കു പറ്റിയിരുന്നു. രക്തം വരികയും ചെയ്യുന്നുണ്ടായിരുന്നു. നബി(സ) തിരുമേനി തുടർന്ന് പ്രസ്തുത ദുആ ചെയ്യുകയുണ്ടായി. ജനങ്ങൾ അല്ലാഹുവിന്റെ നബിയെ, അവന് പ്രിയപ്പെട്ടവനെ ആക്രമിക്കുമ്പോൾ അവന്റെ കോപം ആളിക്കത്തുന്നതാണ്. എന്നാൽ, അല്ലാഹുവേ! അജ്ഞതയും വിവരക്കേടും കാരണമാണ് ഇവർ ഈ അക്രമങ്ങൾ ചെയ്യുന്നത്. അവർക്ക് പൊറുത്തു കൊടുക്കേണമേ! അവർക്കുമേൽ അവരുടെ തെറ്റുകൾ കാരണം ശിക്ഷ ഇറക്കരുതേ, അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദ് ഇത് എത്രമാത്രം അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും ദൃശ്യമാണ്?

സ്വഹീഹ് ബുഖാരിയിൽ ഈ നിവേദനം ഇങ്ങനെ കാണാം. ഖാല അബ്ദുല്ലാഹി: ക അന്നീ അൻളുറു ഇലന്നബിയ്യി യഹ്ക്കീ നബിയ്യൻ മിനൽ അമ്പിയാഇ ളറബഹൂ ഖൗമുഹൂ ഫഅദ്മൗഹു വ ഹുവ യംസഹുദ്ദമ അൻ വജ്ഹിഹീ വ യഖൂലു:അല്ലാഹുമ്മഗ്ഫിർ ലിഖൗമീ ഫഇന്നഹും ലാ യഅ്ലമൂൻ (ബുഖാരി കിതാബു അഹാദീഥുൽ അമ്പിയാഇ, ഹദീ

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക.(വിശുദ്ധ ഖുർആൻ 26:215 – 216)**


tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫുദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

**ഥ് 3477)**

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)നിവേദനം. നബി(സ) തിരുമേനി നബിമാരിൽ ഒരു നബിയുടെ അവസ്ഥ കേൾപിച്ചുകൊണ്ടിരുന്നത് ഇപ്പോഴും എന്റെ കൺമുന്നിലുണ്ട്. ഒരു ജനത തങ്ങളുടെ നബിയെ മർദിച്ച് രക്തത്തിൽ കുളിപ്പിച്ചു. അദ്ദേഹം തന്റെ കൈയാൽ രക്തം തുടച്ചുകൊണ്ട് ഇങ്ങനെ പറയുന്നുണ്ടായിരുന്നു. അല്ലാഹുവേ എന്റെ ജനതക്ക് പൊറുത്തു കൊടുക്കേണമേ, കാരണം അവർ അജ്ഞരാകുന്നു. ഇതേപറ്റി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)തന്റെ സീറത്ത് ഖാത്തമുന്നബിയ്യീനിൽ വിശദമായി എഴുതിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: മലയിടുക്കിലെത്തി നബി(സ)തിരുമേനി ഹദ്റത്ത് അലിയുടെ സഹായത്തോടെ മുറിവുകൾ വൃത്തിയാക്കുകയായിരുന്നു. രണ്ട് ആണികൾ നബി(സ)തിരുമേനിയുടെ മുഖത്ത് തറഞ്ഞിരുന്നു. അത് അബൂ ഉബയ്ദ ബിൻ ജർറാഹ്(റ)വളരെ പ്രയാസപ്പെട്ട് തന്റെ പല്ലുകൾകൊണ്ട് വലിച്ചു ഊരിയെടുത്തു. അത് ഊരിയെടുക്കാനുള്ള ശ്രമത്തിൽ അദ്ദേഹത്തിന്റെ രണ്ട് പല്ലുകൾ പൊട്ടിപ്പോകുകയുണ്ടായി. ആ സമയത്ത് നബി(സ)തിരുമേനിയുടെ മുറിവുകളിൽനിന്ന് വളരെയേറെ രക്തം ഒഴുകിക്കൊണ്ടിരുന്നു. നബി(സ)തിരുമേനി ആ രക്തംകണ്ട് വളരെ പ്രയാസത്തോടുകൂടി പറഞ്ഞു:കയ്ഫ യഫ്ലഹു ഖൗമുൻ ഖളബൂ വജ്ഹ നബിയ്യിഹിം ബിദ്ദമി വഹുവ യദ്ഊഹും ഇലാ റബ്ബിഹിം അതായത് തങ്ങളുടെ നബിയുടെ മുഖം രക്തപങ്കിലമാക്കിയ സമുദായം എങ്ങനെ മോക്ഷം പ്രാപിക്കാനാണ്? അദ്ദേഹത്തിന്റെ കുറ്റം അദ്ദേഹം അവരെ അല്ലാഹുവിലേക്ക് വിളിക്കുന്നു എന്നതായിരുന്നു. പിന്നെ അല്പസമയം അവിടന്ന് മൗനംദീക്ഷിച്ചതിനുശേഷം പറഞ്ഞു:അല്ലാഹുമ്മഗ്ഫിർ ലിഖൗമീ ഫഇന്നഹും ലാ യഅ്ലമൂൻ അല്ലാഹുവേ! എന്റെ ജനതക്ക് മാപ്പ് കൊടുത്താലും. കാരണം അവരുടെ ഈ കുറ്റം അജ്ഞതയും വിവരക്കേടും കൊണ്ടുണ്ടായതാണ്.നിവേദനത്തിൽ പറയുന്നു: ആ സമയത്ത് ഈ ഖുർആനിക വചനമിറങ്ങി.ലയ്സലക്ക മിനൽഅംരി ശയ്ഉൻ അതായത് ശിക്ഷയുടെയും മാപ്പിന്റെയും കാര്യം അല്ലാഹുവിന്റെ കൈയിലാകുന്നു. അതിൽ നിങ്ങൾക്കൊരു കൈയുമില്ല. അല്ലാഹു താനിഷ്ടപ്പെടുന്നവർക്ക് മാപ്പാക്കുകയും താനിച്ഛിക്കുന്നവർക്ക് ശിക്ഷ കൊടുക്കുകയും ചെയ്യുന്നു.തുടർന്നെഴുതുന്നു: നബി(സ)തിരുമേനിയെ സംബന്ധിച്ച് ഭയാനകമായ വാർത്തകേട്ട് ഫാത്വിമത്തുസ്സഹ്റ(റ)മദീനയിൽനിന്ന് പുറപ്പെട്ട് വന്നിരുന്നു. അവർ ഏതാനും സമയം കൊണ്ട് ഉഹുദിലെത്തി. എത്തിയതും നബി(സ)തിരുമേനിയുടെ മുറിവുകൾ കഴുകാൻ തുടങ്ങി. പക്ഷേ, ഒരു നിലയ്ക്കും രക്തം നിലയ്ക്കുന്നുണ്ടായിരുന്നില്ല. അവസാനം ഫാത്വിമ(റ)ഒരു കഷണം പായ കത്തിച്ച് അതിന്റെ ചാരം നബി(സ)തിരുമേനിയുടെ മുറിവിൽവച്ചുകെട്ടി. അങ്ങനെ രക്തം വരുന്നത് നിലച്ചു. മറ്റു സ്ത്രീകളും ആ സന്ദർഭത്തിൽ മുറിവേറ്റ സ്വഹാബാക്കൾക്ക് സേവനം ചെയ്തുകൊണ്ട് പുണ്യം കരസ്ഥമാക്കുകയുണ്ടായി. **(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)പേജ് 497–498)**

ഹദ്റത്ത് ഖലീഫത്തുൽ മസീഹുഥ്ഥാനി(റ)ഈ സംഭവം ഇപ്രകാരം വിവരിക്കുന്നു: ഉഹുദ് യുദ്ധവേളയിൽ ഒരു കല്ല് നബി(സ)തിരുമേനിയുടെ പടത്തൊപ്പിയിൽ പതിച്ചു. അതിന്റെ ആണി നബി(സ)തിരുമേനിയുടെ തലയിൽ തറയ്ക്കുകയും ചെയ്തു. അവിടന്ന് തനിക്കു ചുറ്റും പടപൊരുതി ശഹീദായ സ്വഹാബാക്കളുടെ മൃതദേഹങ്ങൾക്കുമേൽ മോഹാലസ്യപ്പെട്ട് വീണു. അതിനുശേഷം മറ്റു സ്വഹാബാക്കളുടെ മൃതദേഹങ്ങൾ നബി(സ)തിരുമേനിയുടെ പരിശുദ്ധദേഹത്ത് വീണു. ആളുകൾ നബി(സ)തിരുമേനി വധിക്കപ്പെട്ടുവെന്ന് കരുതി. എന്നാൽ, ആ മഹാത്മാവിനെ കുഴിയിൽനിന്ന് പുറത്തെടുത്തപ്പോൾ ബോധം വീണിരുന്നു. ശത്രുക്കൾ തനിക്ക് പരിക്കേൽപിച്ചുവെന്നോ തന്റെ പല്ല് പൊട്ടിച്ചുവെന്നോ തന്റെ ബന്ധുമിത്രാദികളെ ശഹീദാക്കിയെന്നോ ഉള്ള ചിന്തപോലും ഉണ്ടായിരുന്നില്ല. പ്രത്യുത നബി(സ)തിരുമേനിക്ക് ബോധം വന്നപ്പോൾ ക്ഷണത്തിൽ ഇങ്ങനെ ദുആ ചെയ്തു: റബ്ബിഗ്ഫിർ ലിഖൗമീ ഫഇന്നഹും ലാ യഅ്ലമൂൻ അല്ലാഹുവേ, ഇവർക്ക് എന്റെ സ്ഥാനം മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് നീ അവർക്ക് പൊറുത്തുകൊടുക്കേണമേ, അവരുടെ പാപങ്ങൾ മാപ്പാക്കേണമേ! **(തഫ്സീറെ കബീർ, വാള്യം, പേജ് 67–68, 2004 പതിപ്പ്)**

ഉഹുദിൽ മലക്കുകൾ പ്രത്യക്ഷപ്പെട്ടതും അവർ യുദ്ധം ചെയ്തതു സംബന്ധിച്ചും പരാമർശങ്ങൾ കാണാൻ കഴിയുന്നുണ്ട്. സഅ്ദ് ബിൻ അബീ വഖാസ്(റ)നിവേദനം. അദ്ദേഹം പറയുന്നു: ഞാൻ ഉഹുദ് ദിവസം നബി(സ)തിരുമേനിയുടെ ഇടത്തും വലത്തും രണ്ടാളുകളെ കണ്ടു. അവർ വെള്ള വസ്ത്രം ധരിച്ചിരുന്നു. ശക്തമായി പൊരുതുന്നുണ്ടായിരുന്നു. ഞാൻ അവരെ രണ്ടുപേരേയും അതിനുമുമ്പോ ശേഷമോ കണ്ടിട്ടില്ല. അതായത് ഹദ്റത്ത് ജിബ്രീൽ(അ)ഉം ഹദ്റത്ത് മീക്കാഈൽ(അ) ഉം. ഇത് ബയ്ഹഖി നിവേദനം ചെയ്തതാണ്. പിന്നീട് മുജാഹിദും നിവേദനം ചെയ്തിട്ടുണ്ട്. പറയുന്നു: മലക്കുകൾ ബദ്ർ ദിവസം മാത്രമാണ് യുദ്ധം ചെയ്തത്. ബയ്ഹഖി പറയുന്നു: അവരുടെ വിവക്ഷിതം ഇതാണ്. അതായത് മുസ്ലിമീങ്ങൾ നബി(സ)തിരുമേനിയെ ധിക്കരിക്കുകയും അവിടന്ന് നല്കിയ കല്പനയിൽ ക്ഷമ കാണിക്കുകയും ചെയ്യാതിരുന്നപ്പോൾ മലക്കുകൾ യുദ്ധം ചെയ്തില്ല. ഈ സൂചന മലയിടുക്കിൽ ഉണ്ടായിരുന്നവരെപറ്റിയാണ്. അവർ അനുസരണത്തിന്റെ മാതൃക കാണിക്കുകയും ക്ഷമ കൈകൊള്ളുകളും ചെയ്തപ്പോൾ മലക്കുകൾ സംരക്ഷിക്കുകയായിരുന്നു. എന്നാൽ, അവർ അക്ഷമ കാണിച്ചപ്പോൾ മലക്കുകൾ തങ്ങളുടെ നിഴൽ എടുത്തുമാറ്റുകയുണ്ടായി. വല്ലാഹു അഅ്ലമു.

ഇത് സംബന്ധിച്ച് മുഹമ്മദു ബിൻ ഉമർ തന്റെ ഗുരുവര്യന്മാരിൽനിന്ന് ദൈവ വചനമായ ബലാ ഇൻ തസ്ബിറൂ വതത്തഖൂ എന്നതിനെപറ്റി നിവേദനം:അവർ ക്ഷമ കാണിക്കാതിരിക്കയും ഓടിക്കളയുകയും ചെയ്തപ്പോൾ അവരെ സഹായിക്കുകയുണ്ടായില്ല. അദ്ദേഹത്തിൽ നിന്നുള്ള മറ്റൊരു നിവേദനത്തിൽ പറയുന്നു: അദ്ദേഹത്തിന്റെ ഗുരുവര്യന്മാർ പറഞ്ഞു, മുസ്അബ് ബിൻ ഉമയ്റിന്റെ രൂപത്തിൽ ഒരു മലക്ക് പതാക പിടിക്കുകയുണ്ടായി. അന്ന് മലക്കുകൾ ഇറങ്ങിയെങ്കിലും യുദ്ധം ചെയ്യുകയുണ്ടായില്ല.

ഹാരിഥ് ബിൻ സ്വിമ്മ ഈ അവസ്ഥകളുടെ ചിത്രം കോറിയിട്ടുകൊണ്ട് പറയുന്നു: ഉഹുദ് ദിവസം നബി(സ)തിരുമേനി താഴ്വരയിലായിരുന്നു. അവിടന്ന് എന്നോടു അബ്ദുർറഹ്മാൻ ബിൻ ഔഫിനെ കുറിച്ച് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: ഞാൻ അദ്ദേഹത്തെ മലയുടെ ഭാഗത്ത് കണ്ടിരുന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: തീർച്ചയായും മലക്കുകൾ അദ്ദേഹത്തോടൊപ്പം യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു. ഹാരിഥ്(റ)പറയുന്നു: ഞാൻ അബ്ദുർറഹ്മാൻ ബിൻ ഔഫ് (റ)തിരിച്ചുവന്നപ്പോൾ അദ്ദേഹത്തിന്റെ മുന്നിൽ ഏഴ് കാഫിരീങ്ങൾ മരിച്ചതായി കണ്ടു. ഞാൻ പറഞ്ഞു: നിന്റെ വലംകൈ വിജയിച്ചിരിക്കുന്നു. ഇവരെയെല്ലാം താങ്കളാണോ കൊന്നത്? അദ്ദേഹം പറഞ്ഞു: ഇയാളെ ഞാനാണ് വധിച്ചത്. മറ്റുള്ളവരെ കൊന്നയാളെ ഞാൻ കണ്ടിട്ടില്ല. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ഞങ്ങളോടു പറഞ്ഞത് സത്യമാകുന്നു. അതായത് മലക്കുകൾ അദ്ദേഹത്തോടൊപ്പം യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞത്!

ഇബ്നു സഅ്ദ്(റ), അബ്ദുല്ലാഹ് ബിൻ ഫള്ൽ ബിൻ അബ്ബാസിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ഉഹുദ് ദിവസം നബി(സ)തിരുമേനി മുസ്അബ് ബിൻ ഉമയ്റിന് പതാക നല്കി. മുസ്അബ് ശഹീദായപ്പോൾ മുസ്അബിന്റെ രൂപത്തിൽ ഒരു മലക്ക് വന്ന് പതാക പിടിക്കുകയുണ്ടായി. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: മുസ്അബ് മുന്നോട്ടു ഗമിക്കൂ. അപ്പോൾ മലക്ക് നബി(സ)തിരുമേനിക്കു നേരെ തിരിഞ്ഞുകൊണ്ട് പറഞ്ഞു: ഞാൻ മുസ്അബ് അല്ല. നബി(സ)തിരുമേനി അത് മലക്കാണെന്ന് തിരിച്ചറിഞ്ഞു. ആ മലക്ക് മുഖേന നബി(സ) തിരുമേനിക്ക് സഹായം നല്കപ്പെട്ടു.

മുഹമ്മദ് ബിൻ ഥാബിത്ത്(റ)നിവേദനം. നബി(സ)തിരുമേനി ഉഹുദ് ദിവസം പറഞ്ഞു: മുസ്അബേ! മുന്നോട്ട് കുതിക്കൂ! അപ്പോൾ അബ്ദുർറഹ്മാൻ ബിൻ ഔഫ് ചോദിച്ചു: യാ റസൂലുല്ലാഹ്! മുസ്അബ് ശഹീദാക്കപ്പെട്ടില്ലേ? നബി (സ) തിരുമേനി പറഞ്ഞു: തീർച്ചയായും! എന്നാൽ, ഒരു മലക്ക് അദ്ദേഹത്തിന്റെ സ്ഥാനത്ത് വരുകയുണ്ടായി. അദ്ദേഹത്തിന്റെ പേര് ആ മലക്കിന് നല്കപ്പെടുകയും ചെയ്തു.

അല്ലാമ ഇബ്നു അസാക്കിർ, സഅ്ദ് ബിൻ അബീ വഖാസിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ഉഹുദ് ദിവസവും ഞാൻ സ്വയം അമ്പെയ്യുന്നതായി കണ്ടു. പ്രസ്തുത അമ്പുകൾ ശുഭ്രവസ്ത്രധാരിയായ ഒരാൾ തിരിച്ചെടുത്ത് കൊണ്ടുവരുന്നതായും ഞാൻ കാണുകയുണ്ടായി. എനിക്ക് അയാളെ അറിയില്ലായിരുന്നു. അത് മലക്കാണെന്ന് ഞാൻ അനുമാനിക്കുന്നു.

ഉമയ്ർ ബിൻ ഇസ്ഹാഖ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: ഉഹുദ് ദിവസം ജനങ്ങൾ നബി(സ)തിരുമേനിയിൽനിന്ന് ഒരുപാട് അകന്നുപോയിരുന്നു. സഅ്ദ്, നബി(സ)തിരുമേനിയുടെ മുന്നിൽ അമ്പെയ്തുകൊണ്ടിരുന്നു. ഒരു യുവാവ് അദ്ദേഹത്തിന് അമ്പുകളെടുത്ത് കൊടുത്തിരുന്നു. അദ്ദേഹം അമ്പെയ്യുമ്പോഴെല്ലാം അയാൾ അതെടുത്തുകൊണ്ടുവന്നിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: അബൂ ഇസ്ഹാഖേ! അമ്പെയ്യുക! യുദ്ധം കഴിഞ്ഞപ്പോൾ പിന്നീടെവിടേയും ആ യുവാവിനെ ഞങ്ങൾ കണ്ടില്ല. ഞങ്ങൾക്ക് ആർക്കും അയാളെ അറിയില്ലായിരുന്നു താനും.

അല്ലാമ ബയ്ഹഖി, ഉർവയിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ വചനം വലഖദ് സ്വദഖക്കുമുല്ലാഹു വഅ്ദഹു എന്നതിനെ പറ്റി അല്ലാഹു അവരോടു നിങ്ങൾ സ്വബ്റും തഖ്വയും കൈക്കൊളളുകയാണെങ്കിൽ 5000 മലക്കുകളെക്കൊണ്ട് സഹായിക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അല്ലാഹു അങ്ങനെ തന്നെ ചെയ്യുകയുമുണ്ടായി. എന്നാൽ, അവർ നബി(സ)തിരുമേനിയെ ധിക്കരിക്കുകയും അണികളെ ഉപേക്ഷിക്കുകയും അമ്പെയ്ത്തുകാരോട് നിങ്ങൾ അവിടെനിന്ന് മാറരുതെ ന്ന് ആജ്ഞാപിച്ചതിന് വിപരീതമായി അത് ഒഴിവാക്കുകയും ഭൗതികതയെ ലക്ഷ്യം വെക്കുകയും ചെയ്തപ്പോൾ അവർക്കുണ്ടായിരുന്ന മലക്കുകളുടെ സഹായവും എടുത്തുമാറ്റി. അല്ലാഹു ഈ ആയത്ത് അവതരിപ്പിച്ചു. വലഖദ് സ്വദഖക്കുമുല്ലാഹു വഅ്ദഹൂ ഇദ് തഹുസ്സൂനഹും ബിഇദ്നിഹി(3:153) അല്ലാഹു നിങ്ങൾക്ക് തന്റെ വാഗ്ദാനം സത്യമായി കാണിച്ചുതന്നു. നിങ്ങളാകട്ടെ അവന്റെ കൽപ്പന ലംഘിക്കുകയായിരുന്നു. അപ്പോൾ അല്ലാഹു തന്റെ വാഗ്ദാനം സത്യമാക്കി കാണിച്ചു. അവർക്ക് വിജയം കാണിച്ചുകൊടുത്തു. എന്നാൽ, അവർ കൽപ്പന ലംഘിച്ചപ്പോൾ അവരെ പരീക്ഷണത്തിൽ അകപ്പെടുത്തി. **(സുബുലുൽഹുദാ വർറശാദ്, വാള്യം 4, പേജ് 205–206, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)**

തന്റെ ഒരു ഖുത്വ്ബയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം(റഹ്) ഈ സംഭവം വിവരിച്ചിട്ടുണ്ട്. സ്വഹാബാക്കൾ റളിയല്ലാഹു അൻഹും പറയുന്നു: ബദ്റിൽ ഇറങ്ങിയ മലക്കുകളുടെ ശിരസിൽ ചെമപ്പ് തലപ്പാവാണുണ്ടായിരുന്നത്. അവർ ഒരേ യൂണിഫോമിൽ ആയിരുന്നു. സ്വഹാബാക്കൾ മലക്കുകളെ വ്യത്യസ്ത സാഹചര്യത്തിൽ കണ്ടപ്പോൾ ഇതേപോലെ മലക്കുകൾ ചെമന്ന തലപ്പാവ് കെട്ടിയിട്ടുണ്ടായിരുന്നു. നിവേദനങ്ങൾ ഒരുമിച്ചു കൂടിയപ്പോൾ അവർ അത്ഭുതപ്പെട്ടുപോയി. എന്നാൽ, നബി(സ)തിരുമേനി മുസവ്വിമീൻ എന്നതിന് നല്കിയ തഫ്സീർ തന്നെയാണ് ഉണ്ടായത്. അതുകൊണ്ടുതന്നെയാണ് വിധിക്കപ്പെട്ടിരുന്നതും. ഇപ്രകാരംതന്നെ ഉഹുദ് യുദ്ധത്തിൽ കാണപ്പെട്ട മലക്കുകളുടെ ശിരസിൽ ചെമന്ന തലപ്പാവാണുണ്ടായിരുന്നത്.

**(അദ്ദുർറുൽമൻഥൂർ, ബലാ ഇൻ തസ്ബിറൂ വ തത്തഖൂ ആലു ഇംറാൻ 126)**

ചെമന്ന നിറം അല്പം ദുഃഖത്തേയും സൂചിപ്പിക്കുന്നു. കാരണം ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനിക്ക് പരിക്കേറ്റ കാരണത്താൽ സ്വഹാബാക്കൾക്കുണ്ടായ സങ്കടം നബി(സ) തിരുമേനിയുടെ ജീവിതത്തിൽ മറ്റൊരിക്കലും സ്വഹാബാക്കൾ

## • ഹദീഥുന്നബ്വി(സ) •

'അല്പമുളളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുളളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)

ത്വാലിബെ ദുആ:
RAHMAN SHAKEErR& FAMILY
AHMADIYYA JAMA'ATH KARULAI, KERALA

ത്വാലിബെ ദുആ:
C.K.MUHAMMED SHAREEF &FAMILY
AHMADIYYA MUSLIM JAMA'ATH VANIYAMBALAM, KERALA

ക്ക് അനുഭവിക്കേണ്ടി വന്നിട്ടില്ല. അവർക്ക് ഒരു ദുഃഖത്തിന് ശേഷം മറ്റൊരു ദുഃഖത്തിന്റെ വാർത്ത വന്നുകൊണ്ടിരുന്നു. അവർ ദുഃഖം കാരണം നിശ്ചലരായി മാറി. ചുരുക്കത്തിൽ ഈ യുദ്ധത്തിൽ മലക്കുകളുടെ അടയാളത്തിന് വേണ്ടി തിരഞ്ഞെടുത്ത നിറത്തിലും ദുഃഖത്തിന്റെയും രക്തത്തിന്റെയും വശമുണ്ടായിരുന്നു.(**ഖുത്വ്ബാത്തെ ത്വാഹിർ, വാള്യം 2, പേജ് 76, ഖുത്വ്ബ ജുമുഅ 11-2-1983**)

അതായത് ചെമന്ന നിറം.സ്വഹാബാക്കളുടെ സ്ഥൈര്യത്തിന്റെയും ജീവത്യാഗത്തിന്റെയും നിരവധി സംഭവങ്ങളുണ്ട്. എങ്ങനെയാണ് അവർ നബി(സ)തിരുമേനിയെ സംരക്ഷിച്ചുകൊണ്ട് തങ്ങളുടെ ജീവൻ സമർപ്പിച്ചത്!

ഹദ്റത്ത് അനസ് ബിൻ നള്ർ അൻസ്വാരിയെപറ്റി പറയുന്നു: ഹദ്റത്ത് അനസ് വിവരിക്കുന്നു, എന്റെ പിതൃവ്യൻ ഹദ്റത്ത അനസ്ബിൻ നള്റിന് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് മുശ്രികീങ്ങളോടു ചെയ്ത ആദ്യ യുദ്ധത്തിൽ ഞാനുണ്ടായിരുന്നില്ല. അല്ലാഹു മുശ്രികീങ്ങളുമായുള്ള യുദ്ധത്തിൽ എന്നേയും ഉൾപെടുത്തുകയാണെങ്കിൽ ഞാനെന്താണ് ചെയ്യുകയെന്നത് തീർചയായും അവൻ കാണുന്നതാണ്. അങ്ങനെ ഉഹുദ് ദിനം വരുകയും മുസ്ലിമീങ്ങൾ രണാങ്കണത്തിൽനിന്ന് പിന്മാറുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവേ! ഇവർ ചെയ്തതിന് ഞാൻ നിന്നോട് ക്ഷമയാചിക്കുന്നു.അദ്ദേഹം തന്റെ കൂടെയുണ്ടായിരുന്ന മുസ്ലിമീങ്ങളെയാണ് ഉദ്ദേശിച്ചത്. അതായത് മുസ്ലിമീങ്ങൾ ചിതറിപ്പിരിഞ്ഞുപോയിരുന്നു. തുടർന്ന് പറഞ്ഞു: ഞാൻ നിന്നോടു അവർ ചെയ്തതിനും ക്ഷമ യാചിക്കുന്നു. അതായത് മുശ്രികീങ്ങളെയാണ് അദ്ദേഹം ഉദ്ദേശിച്ചത്. പിന്നെ മുന്നോട്ട് കുതിച്ചപ്പോൾ ഹദ്റത്ത് സഅദ് ബിൻ മുആദിനെ(റ) മുന്നിൽ കാണുകയുണ്ടായി. അദ്ദേഹം പറഞ്ഞു: സഅ്ദ് ബിൻ മുആദേ!(റ). സ്വർഗം! തുടർന്ന് പറഞ്ഞു: നള്റിന്റെ നാഥനാണ! എനിക്ക് ഉഹുദിന്റെ ഭാഗത്തുനിന്ന് അതിന്റെ സുഗന്ധം വരുന്നു.

ഹദ്റത്ത് സഅ്ദ് പറഞ്ഞു: യാ റസൂലല്ലാഹ്! എനിക്ക് ചെയ്യാൻ കഴിയാത്തതെന്താണ് അദ്ദേഹം ചെയ്തു കാണിച്ചത്? അദ്ദേഹം ഈ സംഭവം നബി(സ)തിരുമേനിയുടെ സവിധത്തിൽ വിവരിക്കുകയായിരുന്നു. പറഞ്ഞു: അദ്ദേഹം നിർഭയനായി ചെയ്തുകൊണ്ടിരുന്ന പോരാട്ടം എനിക്ക് ചെയ്യാൻ കഴിഞ്ഞിരുന്നില്ല.

ഹദ്റത്ത് അനസ്(റ)വിവരിച്ചു:ഞങ്ങൾ അദ്ദേഹത്തിന്റെ ശരീരത്തിൽ വാളുകൊണ്ടുള്ളതോ കുന്തം കൊണ്ടുള്ളതോ അമ്പുകൊണ്ടുള്ളതോ ആയ 80-ൽപരം മുറിവുകൾ കാണുകയുണ്ടായി. ഞങ്ങൾ അദ്ദേഹത്തെ കാണുമ്പോൾ അദ്ദേഹം ശഹീദായിട്ടുണ്ടായിരുന്നു. മുശ്രികീങ്ങൾ അദ്ദേഹത്തിന്റെ മൃതദേഹം വികൃതമാക്കിയിരുന്നു. അദ്ദേഹത്തിന്റെ സഹോദരിക്കല്ലാതെ മറ്റാർക്കും അദ്ദേഹത്തെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. അവർ വിരലിലെ രേഖയിൽ നിന്നാണ് അദ്ദേഹത്തെ തിരിച്ചറിഞ്ഞത്. ഹദ്റത്ത് അനസ്(റ)വിവരിച്ചു: ഞങ്ങൾ മനസ്സിലാക്കിയിരുന്നു അല്ലെങ്കിൽ ഇങ്ങനെ പറഞ്ഞു: മിനൽ മുഅ്മിനീന രിജാലുൻ സ്വദഖൂ മാ ആഹദുല്ലാഹ അലയ്ഹി(33:24)(വിശ്വാസികളിൽ ചിലർ, അവർ അല്ലാഹുവുമായി ചെയ്തിട്ടുള്ള തങ്ങളുടെ വാഗ്ദാനം സത്യമാക്കികാണിച്ചു) എന്ന ആയത്ത് ഇറങ്ങിയത് അദ്ദേഹത്തെ പറ്റിയോ അദ്ദേഹത്തെപോലെയുള്ളവരെ പറ്റിയോ ആണെന്ന് കരുതുന്നു.(**സ്വഹീഹുൽ ബുഖാരി, കിതാബുൽജിഹാദ് വസ്സയ്ർ ഹദീഥ് 2805**)

ഇബ്നു ഇസ്ഹാഖ്(റ)പറയുന്നു: ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ഉമർ ബിൻ ഖത്വാബ് തുടങ്ങിയ മുഹാജിർ, അൻസാർ ആളുകളുടെ അടുക്കലൂടെ അനസ് ബിൻ മാലിക്കിന്റെ പിതൃവ്യൻ അനസ് ബിൻ നള്ർ കടന്നുപോകാനിടയായി. അവർ ഇരിക്കുകയായിരുന്നു. അനസ് ചോദിച്ചു: നിങ്ങളെന്താണ് ഇരിക്കുന്നത്? അവർ പറഞ്ഞു: റസൂലുല്ലാഹ്(സ)വധിക്കപ്പെട്ടിരിക്കുന്നു. അനസ്(റ)പറഞ്ഞു: എങ്കിൽ പിന്നെ നബി(സ) തിരുമേനിക്കുശേഷം നിങ്ങൾ ജീവിച്ചിരുന്നിട്ടെന്താണ് ചെയ്യുക? നബി(സ)തിരുമേനി മരണപ്പെട്ടതുപോലെ നിങ്ങളും മരിക്കുവിൻ. തുടർന്ന് അനസ്(റ)കാഫിരീങ്ങളിലേക്ക് തിരിക്കുകയും ശഹീദാകുന്നതുവരെ പൊരുതുകയും ചെയ്തു. അദ്ദേഹത്തിന്റെ പേരിലാണ് അനസ് ബിൻ മാലിക്കിന്റെ എന്ന പേരു വെക്കപ്പെട്ടത്.

അനസ് ബിൻ മാലിക്(റ)വിവരിക്കുന്നു: ഞങ്ങൾ ആ ദിവസം അനസ് ബിൻ നള്റിനെ ശരീരത്തിൽ 70 മുറിവുകൾ പറ്റിയ അവസ്ഥയിലാണ് കണ്ടത്. അദ്ദേഹത്തിന്റെ സഹോദരിക്കല്ലാതെ മറ്റാർക്കും അദ്ദേഹത്തെ തിരിച്ചറിയാൻ കഴിഞ്ഞില്ല. അവർ വിരലുകളിലെ രേഖകൾ നോക്കിയാണ് അദ്ദേഹത്തെ തിരിച്ചറിഞ്ഞത്.(**സീറത്തുന്നബി(സ)ലി ഇബ്നി ഹിശാം പേജ് 535, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത് 2001)**

ഇതേപറ്റി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇങ്ങനെ എഴുതുന്നു: ആ നേരത്ത് ഘോരയുദ്ധം നടക്കുകയായിരുന്നു. അത് മുസ്ലിമീങ്ങളെ സംബന്ധിച്ചിടത്തോളം വളരെ കഠിനമായ പരീക്ഷണത്തിന്റെ ഘട്ടമായിരുന്നു. നബി(സ) തിരുമേനി ശഹീദായെന്ന വാർത്തകേട്ട് വളരെയേറെ സ്വഹാബാക്കൾക്ക് ധൈര്യം ചോർന്നുപോയിരുന്നു. ആയുധങ്ങൾ വലിച്ചെറിഞ്ഞ് യുദ്ധമൈതാനത്ത് ഒരു ഭാഗത്തേക്ക് അവർ മാറിപ്പോയി. അവരിൽ ഹദ്റത്ത് ഉമറുമുണ്ടായിരുന്നു. അങ്ങനെ അവർ യുദ്ധമൈതാനത്ത് ഒരു മൂലയിൽ ഇരിക്കുകയായിരുന്നു. അവിടെ ഒരു സ്വഹാബി അനസ് ബിൻ നള്ർ അൻസാരി(റ)വന്നു. അവരെ കണ്ടപ്പോൾ ചോദിച്ചു: നിങ്ങളിവിടെ എന്താണ് ചെയ്യുന്നത്? അവർ പറഞ്ഞു: നബി(സ)തിരുമേനി ശഹീദായിരിക്കുന്നു. ഇനി യുദ്ധം ചെയ്തിട്ടെന്ത് കാര്യം!

അനസ്(റ)പറഞ്ഞു: ഇതുതന്നെയാണ് യുദ്ധം ചെയ്യേണ്ട സന്ദർഭം. അങ്ങനെ നബി(സ)തിരുമേനി വരിച്ച മരണം നമുക്കും വരിക്കാം. നബി(സ)തിരുമേനിയുടെ മരണത്തിനുശേഷം ജീവിതത്തിന് എന്ത് സുഖമാണുള്ളത്?

പിന്നീട് അവരുടെ മുമ്പിൽ സഅ്ദ് ബിൻ മുആദ്(റ)വന്നു. അദ്ദേഹം പറഞ്ഞു: സഅ്ദേ! എനിക്ക് മലയിൽനിന്ന് സ്വർഗത്തിന്റെ സുഗന്ധം വരുന്നു. ഇതു പറഞ്ഞതും അനസ് ശത്രുക്കളുടെ അണികളിലേക്ക് നുഴഞ്ഞു കയറുകയും പൊരുതിക്കൊണ്ട് ശഹീദാകുകയും ചെയ്തു. യുദ്ധത്തിനുശേഷം നോക്കിയപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിൽ 80-ൽപരം മുറിവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മൃതദേഹം ആർക്കും തിരിച്ചറിയാൻ കഴിഞ്ഞില്ല. അവസാനം അദ്ദേഹത്തിന്റെ സഹോദരി അദ്ദേഹത്തിന്റെ വിരലുകൾകണ്ടാണ് തിരിച്ചറിഞ്ഞത്.(**സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 494-495**)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയും ഇത് സംബന്ധിച്ച് വിവരിച്ചിട്ടുണ്ട്. ഹദ്റത്ത് അനസിന്റെ പിതൃവ്യനും ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം നല്ലവണ്ണം ധൈര്യം പ്രകടിപ്പിച്ചു. നല്ലപോലെ യുദ്ധം ചെയ്യുകയും നബി(സ)തിരുമേനിയെ ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് നല്ലവണ്ണം പ്രതിരോധിക്കുകയും മുസ്ലിമീങ്ങൾ ശത്രുക്കളെ ബന്ദികളാക്കുന്നതിലും അവരുടെ സമ്പത്തും സാമഗ്രികളും സ്വരുക്കൂട്ടുന്നതിലും വ്യാപൃതരാകുകയും ചെയ്തു. വിവരദോഷികളായ ശത്രുക്കൾ ഇതിനെ കൊള്ളയടിച്ചു എന്നാണ് പറയുന്നത്. ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ)പറയുന്നു: യുദ്ധം അവസാനിക്കുമ്പോൾ യുദ്ധ മുതലുകൾ സ്വരുക്കൂട്ടുന്നതിനെ ശത്രുക്കൾ കൊള്ളയടി എന്നാണ് പറയുന്നത്. വാസ്തവത്തിൽ ഇത് കൊള്ളയടിക്കലല്ല. മറിച്ച് ശത്രുക്കളെ ദുർബലരാക്കാനുള്ള ഒരു മാർഗമാകുന്നു. ഏതായാലും ഹദ്റത്ത് അനസ്(റ)തന്റെ കടമ നിറവേറ്റിയെന്ന് കരുതി. അദ്ദേഹത്തിന് വിശക്കുന്നുണ്ടായിരുന്നു. ഏതാനും ഈന്തപ്പഴങ്ങൾ അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു. അദ്ദേഹം യുദ്ധ മൈതാനത്തുനിന്ന് അല്പം പിറകിൽ വിജയത്തിന്റെ സന്തോഷത്തിൽ ഉലാത്തുകയായിരുന്നു. ഈന്തപ്പഴങ്ങൾ തിന്നാൻ തുടങ്ങി. അദ്ദേഹം അതു തിന്നുകൊണ്ടും ഉലാത്തിക്കൊണ്ടും ഒരു ഭാഗത്തെത്തിയപ്പോൾ അവിടെ ഒരു കല്ലിൽ ഹദ്റത്ത് ഉമർ(റ) ഇരുന്ന് കരയുന്നതു കണ്ടു. അദ്ദേഹം ഹദ്റത്ത് ഉമറിനെ കണ്ടപ്പോൾ അത്ഭുതപ്പെട്ടു. ചിരിക്കേണ്ടതും സന്തോഷിക്കേണ്ടതും ആശംസകൾ നേരേണ്ടതുമായ ഈ അവസരത്തിൽ ഇദ്ദേഹമെന്തിനാണ് കരഞ്ഞുകൊണ്ടിരിക്കുന്നത്? അദ്ദേഹം ഹദ്റത്ത് ഉമറിനെ സംബോധന ചെയ്തുകൊണ്ടു ചോദിച്ചു. സ്നേഹിതാ! ഇന്ന് സന്തോഷിക്കേണ്ട ദിവസമാണ്. അല്ലാഹു മുസ്ലിമീങ്ങൾക്ക് വിജയം നല്കിയിരിക്കുന്നു. നിങ്ങളാകട്ടെ ഇരുന്ന് കരയുകയാണല്ലോ? ഹദ്റത്ത് ഉമർ (റ)പറഞ്ഞു: വിജയത്തിനുശേഷം എന്ത് സംഭവിച്ചുവെന്ന് ഒരു പക്ഷേ താങ്കൾക്ക് അറിയില്ല. അദ്ദേഹം ചോദിച്ചു എന്തുപറ്റി? ഹദ്റത്ത് ഉമർ(റ)പറഞ്ഞു: ശത്രുസൈന്യം പിന്നിലൂടെ വന്ന് വീണ്ടും ആക്രമിക്കുകയും അതുകാരണം മുസ്ലിം സൈന്യം ചിതറിപിരിയുകയും നബി(സ) തിരുമേനി ശഹീദാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ആ അൻസ്വാരി പറഞ്ഞു: ഉമർ! അങ്ങനെയാണെങ്കിൽ പോലും ഇതിങ്ങനെ കരയേണ്ട സന്ദർഭമാണോ?ഒരു ഈന്തപ്പഴം അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു. അദ്ദേഹം ഉടൻതന്നെ അത് വലിച്ചെറിഞ്ഞു. എന്നിട്ട് ഉമറിനേയോ ഈന്തപ്പഴത്തേയോ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: നിന്റേയും എന്റെ അല്ലാഹുവിന്റേയുമിടയിൽ ഈന്തപ്പഴമല്ലാതെ മറ്റെന്താണുള്ളത്? പിന്നീട് അദ്ദേഹം ഹദ്റത്ത് ഉമറിനെ നോക്കിക്കൊണ്ട് പറഞ്ഞു:നബി(സ)തിരുമേനി ശഹീദായിട്ടുണ്ടെങ്കിൽപ്പിന്നെ ഈ ലോകത്ത് നമുക്കെന്ത് പണിയാണുള്ളത്? നബി(സ)തിരുമേനി പോയിടത്തേക്ക് നമുക്കും പോകാം. ഇത്രയും പറഞ്ഞുകൊണ്ട് അദ്ദേഹം വാളുമുയർത്തി ഒറ്റക്ക് ആയിരക്കണക്കിന് വരുന്ന ശത്രു സൈന്യത്തിലേക്ക് കയറിപ്പൊരുതാൻ തുടങ്ങി. ഒരു വ്യക്തിക്ക് ആയിരങ്ങൾക്ക് മുന്നിൽ എന്ത് പ്രസക്തിയാണുള്ളത്! നാലുഭാഗത്തുനിന്നും അദ്ദേഹത്തിനുമേൽ അക്രമണമുണ്ടായി. അങ്ങനെ അദ്ദേഹം ശഹീദാക്കപ്പെട്ടു. യുദ്ധത്തിന് ശേഷം നബി(സ)തിരുമേനി അദ്ദേഹത്തിന്റെ മൃതദേഹം തിരഞ്ഞു കണ്ടുപിടിക്കാൻ ഏർപാടാക്കി. അദ്ദേഹത്തിന്റെ ശരീരത്തിന്റെ എഴുപതു കഷണങ്ങളാണ് കിട്ടിയത്. ചില നിവേദനങ്ങളിൽ പറയുന്നു: അദ്ദേഹത്തിന്റെ മൃതദേഹം തിരിച്ചറിയാൻ കഴിയുന്നുണ്ടായിരുന്നില്ല. അവസാനം വിരലിലെ ഒരു അടയാളം മുഖേന അദ്ദേഹത്തിന്റെ ഒരു സഹോദരിയോ മറ്റേതോ ബന്ധുവോ അദ്ദേഹത്തെ തിരിച്ചറിയുകയാണുണ്ടായത്.(**ഖുത്വ്ബാത്തെ മഹ്മൂദ്, വാള്യം 23, പേജ് 442-443, ഖുത്വ്ബ ജുമുഅ 9-10-1942**)

അദ്ദേഹം മറ്റൊരു സ്ഥലത്ത് ഈ സംഭവം ഇപ്രകാരം വിവരിക്കുന്നു: ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനി ശഹീദായി എന്ന വാർത്ത പരന്നപ്പോൾ അദ്ദേഹം അതായത് ഹദ്റത്ത് അനസ്(റ)ന്റെ പിതൃവ്യൻ ഹദ്റത്ത് ഉമറിനെ ഒരു കുന്നിലിരുന്ന് കരയുന്നതു കണ്ടു. അദ്ദേഹം ചോദിച്ചു? ഉമർ എന്തിനാണ് കരയുന്നത്? മുസ്ലിമീങ്ങൾ വിജയം വരിച്ചിരിക്കുന്നുവല്ലോ? ഹദ്റത്ത് ഉമർ(റ) പറഞ്ഞു: നബി (സ)തിരുമേനി ശഹീദായത് താങ്കൾ അറിഞ്ഞില്ലേ?

ഹദ്റത്ത് അനസിന്റെ പിതൃവ്യൻ അപ്പോൾ ഈന്തപ്പഴം തിന്നുകയായിരുന്നു. ഒന്ന് അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു. അദ്ദേഹം അത് വലിച്ചെറിഞ്ഞിട്ടു പറഞ്ഞു: എനിക്കും അല്ലാഹുവിനുമിടയിൽ തടസ്സമായി ഇതല്ലാതെ മറ്റെന്താണുള്ളത്? അദ്ദേഹം നബി (സ)തിരുമേനിയോടുണ്ടായിരുന്ന അനുരക്തി കാരണം ഹദ്റത്ത് ഉമറിനെ നിന്ദയോടെ വീക്ഷിച്ചുകൊണ്ട് പറഞ്ഞു: "ഉമറേ!നബി(സ)തിരുമേനി പരലോകത്തു പോയെങ്കിൽ ഇവിടെ ഇരുന്ന് കരഞ്ഞിട്ട് എന്തുകാര്യം? നബി (സ) തിരുമേനി പോയിടത്തേക്ക് നമുക്ക് പോകാം." അദ്ദേഹം ഒറ്റക്ക് 3000 വരുന്ന ശത്രുസൈന്യത്തോടു പൊരുതി. കാഫിരീങ്ങൾ അദ്ദേഹത്തെ ഭ്രാന്തനെന്ന് കരുതിക്കാണും. അദ്ദേഹം പൊരുതിക്കൊണ്ടുതന്നെ വീരമൃത്യു വരിച്ചു. യുദ്ധത്തിനുശേഷം അദ്ദേഹത്തിന്റെ മൃതദേഹം തിരഞ്ഞപ്പോൾ 70 കഷണമായിട്ടാണ് കിട്ടിയത്. ഓരോ സന്ധിബന്ധവും വെവ്വേറെയായി കഴിഞ്ഞിട്ടുണ്ടായിരുന്നു.(**ഖുത്വ്ബാത്തെ മഹ്മൂദ്, വാള്യം 23, പേജ് 373, ഖുത്വ്ബ ജുമുഅ 4-9-1942**)

ഇദ്ദേഹത്തിന്റെ ശഹാദത്ത് സംഭവം ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) വ്യത്യസ്ത സന്ദർഭങ്ങളിൽ വിശദമായി വിവരിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിലുള്ള വിശദീകരണം കൂടുതലാണ്. ചിലയിടത്ത് കുറവും. ഒരിടത്ത് അവിടന്ന് പറയുന്നു: ഹദീഥിൽ പറയുന്നു: ഒരു അൻസ്വാരി സ്വഹാബിയായ ഹദ്റത്ത് മാലിക് ബിൻ അനസിന് അബദ്ധവശാൽ ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹം ബദ്രീ സ്വഹാബാക്കളിൽനിന്ന് ബദ്ർ യുദ്ധത്തിന്റെ കാര്യങ്ങൾ കേൾക്കുമ്പോൾ ആവേശപൂർവം എഴുന്നേറ്റ് ഉലാത്തിക്കൊണ്ട് പറയുമായിരുന്നു: എന്തു ചെയ്യാനാണ്? എനിക്ക് അവസരം കിട്ടിയാൽ വിശ്വാസി എങ്ങനെയാണ് ത്യാഗങ്ങൾ ചെയ്യുന്നതെന്ന് ഞാൻ പറഞ്ഞുതരുമായിരുന്നു. അങ്ങനെ ഉഹുദ് യുദ്ധത്തിൽ അദ്ദേഹം ഭാഗഭാക്കായി. പിന്നിലൂടെ അപ്രതീക്ഷിതമായി ആക്രമണമുണ്ടായപ്പോൾ മുസ്ലിമീങ്ങളുടെ ചുവടുകൾ അസ്ഥിരപ്പെടുകയും അവർ യുദ്ധമൈതാനത്തുനിന്ന് കുറേ ദൂരെയായിപ്പോകുകയും ചെയ്തു. അവിടന്ന് തനിച്ചാകുകയും കാഫിരീങ്ങളുടെ കല്ലേറിൽ പരിക്കേറ്റ് മറ്റു പരിക്കേറ്റവരുടെ ശരീരങ്ങളുടെ മേൽ മറിഞ്ഞുവീഴുകയും ചെയ്തു. അപ്പോഴേക്കും വേറെചിലർ പരിക്കേറ്റ നബിയുടെമേൽ വീണു. ഏതാനും നിമിഷങ്ങൾക്കകം നബി(സ)തിരുമേനി അപ്രത്യക്ഷനായതുകണ്ടപ്പോൾ അവിടന്ന് ശഹീദായെന്ന് സ്വഹാബാക്കൾ ധരിച്ചു. അതേതുടർന്ന് ചിലർ മദീനയിലേക്കോടി. അത് ഉഹുദിന് അടുത്ത് തന്നെയായിരുന്നു. അവിടെയെത്തി നബി(സ)തിരുമേനി ശഹീദായെന്ന് പറഞ്ഞു. അതങ്ങനെ പരന്നു. ഈ വാർത്ത യുദ്ധമൈതാനത്തിന് അല്പം അകലെയുണ്ടായിരുന്നവരിൽ ഇടിത്തീപോലെയാണ് വന്ന് പതിച്ചത്. അവരിൽ ഹദ്റത്ത് ഉമറുമുണ്ടായിരുന്നു. അദ്ദേഹം കല്ലിനുമേലിരുന്ന് കരയുകയായിരുന്നു. യുദ്ധത്തിന് മുമ്പേ ഭക്ഷണം കഴിച്ചിട്ടില്ലാത്ത മാലിക് ബിൻ അനസ്(റ)രണ്ടു മൂന്ന് ഈന്തപ്പഴങ്ങൾ കഴിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അടുക്കലൂടെ കടന്നുപോകുകയായിരുന്നു. അദ്ദേഹം മുസ്ലിമീങ്ങൾ വിജയിക്കുകയും ശത്രുക്കൾ പരാജയപ്പെടുകയും ചെയ്തിരുന്ന സമയത്താണ് രണാങ്കണത്തിൽനിന്ന് വന്നത്. എന്നാൽ, ഹദ്റത്ത് ഉമർ(റ) ശത്രുക്കൾ പിന്നിലൂടെ ആക്രമണം നടത്തിയ ശേഷമാണ് യുദ്ധമൈതാനത്തുനിന്ന് വന്നിരുന്നത്. അപ്പോൾ നബി(സ)തിരുമേനി പരിക്കേറ്റു വീണിരുന്നു. ചില സ്വഹാബാക്കൾ നബി(സ)തിരുമേനി ശഹീദായെന്ന് കരുതുകയും

ചെയ്തിരുന്നു. അതുകൊണ്ട് അദ്ദേഹം അതായത് ഹദ്റത്ത് ഉമർ(റ) കരയുകയായിരുന്നു. വിജയം വരിച്ചെന്ന് ധരിച്ച മാലിക്കാകട്ടെ സന്തോഷവാനായിരുന്നു. അതുകൊണ്ട് ഉമർ(റ) ഇരുന്ന് കരയുന്നത് മാലിക്കിനെ അത്ഭുതപ്പെടുത്തി. അദ്ദേഹം ആശ്ചര്യത്തോടെ ഹദ്റത്ത് ഉമറിനെ നോക്കിക്കൊണ്ട് ചോദിച്ചു: ഉമറേ! ഇത് സന്തോഷിക്കേണ്ട സന്ദർഭമാണോ അതോ കരയേണ്ട അവസരമാണോ? അല്ലാഹു മുസ്‌ലിമീങ്ങൾക്ക് വിജയം നല്കിയിരിക്കുന്നു. നമ്മൾ സന്തോഷിക്കേണ്ടതാണ്. ഹദ്റത്ത് ഉമർ തലയുയർത്തി അദ്ദേഹത്തെ നോക്കിക്കൊണ്ട് പറഞ്ഞു: മാലിക്കേ! പിന്നീട് യുദ്ധഗതി മാറിയത് നിങ്ങൾ അറിഞ്ഞിട്ടില്ല. ശത്രുക്കൾ മലയുടെ പിന്നിലൂടെ വീണ്ടും ആക്രമിച്ചു. അപ്രതീക്ഷിതമായ ആക്രമണത്തിന്റെ ആഘാതം താങ്ങാനാവാതെ മുസ്‌ലിം സൈന്യം ചിതറിപ്പിരിഞ്ഞു. നബി(സ)തിരുമേനി ശഹീദാകുകയും ചെയ്തു. ആ നേരത്ത് അവസാനത്തെ ഈന്തപ്പഴമാണ് മാലിക്കിന്റെ കൈയിലുണ്ടായിരുന്നത്. അദ്ദേഹം അത് നിലത്തേക്ക് വലിച്ചെറിഞ്ഞുകൊണ്ട് പറഞ്ഞു: എനിക്കും എന്റെ പ്രിയപ്പെട്ടവനുമിടയിൽ ഈ ഈന്തപ്പഴമല്ലാതെ മറ്റെന്താണ് തടസ്സമായിട്ടുള്ളത്?

തുടർന്ന് ഹദ്റത്ത് ഉമറിനെ നോക്കിക്കൊണ്ടു പറഞ്ഞു: നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽത്തന്നെയും ഇത് കരയാനുള്ള സന്ദർഭമല്ല. നമുക്കും നമ്മുടെ പ്രേമഭാജനം പോയ വഴിയിൽ പോകാൻ തയ്യാറാകാം. ഇത്രയും പറഞ്ഞുകൊണ്ട് അദ്ദേഹം വാൾ ഉറയിൽ നിന്നെടുത്ത് വലിയ ശത്രുനിരക്കു നേരെ കുതിച്ചു.

ഒരാൾ ഒറ്റക്ക് നൂറുക്കണക്കിന് ആളുകളെ എങ്ങനെ നേരിടാനാണ്? ഏതാനും നിമിഷങ്ങൾക്കകം അദ്ദേഹത്തിന്റെ ശരീരം കഷണം കഷണമായി ഭൂമിയിൽ വതറപ്പെട്ടു. പിന്നീട് അല്ലാഹു മുസ്‌ലിമീങ്ങൾക്ക് വിജയം നല്കിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: മാലിക്ക് ബിൻ അനസ് എവിടെയാണെന്ന് തിരഞ്ഞ് കണ്ടുപിടിക്കൂ. ജനങ്ങൾ വന്ന് പറഞ്ഞു, അദ്ദേഹത്തെ എവിടെയും കാണാൻ കഴിയുന്നില്ല. നബി (സ)തിരുമേനി വീണ്ടും അദ്ദേഹത്തെ തിരയാൻ ആജ്ഞാപിച്ചു. ഇതിന്നിടയിൽ നബി (സ)തിരുമേനി ശഹീദായെന്ന അസ്വസ്ഥഭരിതമായ വാർത്തകേട്ട് മാലിക്കിന്റെ സഹോദരി രണാങ്കണത്തിൽ കരഞ്ഞുകൊണ്ട് ഓടിയെത്തിയിരുന്നു. അവർ ഒരു സ്ഥലത്ത് ഒരു മൃതദേഹത്തിന്റെ കഷണം കാണാനിടയായി. അതിലെ ഒരു വിരൽ കണ്ടപ്പോൾ അത് തന്റെ സഹോദരൻ മാലിക്കിന്റെ മൃതദേഹമാണെന്ന് അവർ തിരിച്ചറിഞ്ഞു. നബി(സ)തിരുമേനിയെ വിവരം അറിയിക്കുകയും ചെയ്തു. ഇതായിരുന്നു നബി(സ) തിരുമേനിയോടുള്ള സ്വഹാബാക്കളുടെ അനുരക്തി. ഈ വിവരണം ഇനിയും ഇൻശാ അല്ലാഹ് തുടരുന്നതാണ്.

ഇപ്പോൾ യമനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവർ ഇപ്പോൾ വളരെയേറെ ബുദ്ധിമുട്ടിലാണ്. അതുപോലെ മുസ്‌ലിം ഉമ്മത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരിൽ ഒരുമയും ഐക്യവും ഉണ്ടാക്കുകയും ബുദ്ധിയും വിവേകവും നല്കുകയും ചെയ്യുമാറാകട്ടെ. ലോകത്തിന്റെ പൊതുവായ അവസ്ഥക്ക് വേണ്ടിയും ദുആ ചെയ്യുക. വളരെ വേഗം ലോകം യുദ്ധത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ രണ്ടുജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ സിയറാ ലിയോൺ നാഇബ് അമീർ ഹാഫിള് ഡോക്ടർ അബ്ദുൽ ഹമീദ് ഗാമാങ്ക സാഹിബിന്റേതാണ്. ജനുവരി 13 ന് ചെറിയൊരു കാലത്തെ അസുഖത്തിനുശേഷം 47-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വി യായിരുന്നു. സിയറാ ലിയോൺ ജമാഅത്ത് അമീർ മൂസാ മേവ സാഹിബ് എഴുതുന്നു: ഡോക്ടർ ഗമാങ്ക സാഹിബ് സിയറാ ലിയോണിൽ ഏറ്റവുമധികം വസിയ്യത്ത് ചന്ദഃ കൊടുക്കുന്ന ആളായിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ പുതിയ ജൽസാഗാഹ് വാങ്ങുന്നതിനുവേണ്ടി സാമ്പത്തിക സഹായം നല്കാൻ അപേക്ഷിച്ചപ്പോൾ ഡോക്ടർ സാഹിബ് ഏറ്റവും കൂടുതൽ വാഗ്ദാനം നല്കുകയും തന്റെ വഫാത്തിന് മുമ്പേ 10,000 അമേരിക്കൻ ഡോളർ സംഭാവനയായി നല്കുകയും ചെയ്തു. ഡോക്ടർ സാഹിബ് നുസ്വ്റത്ത് ജഹാം സ്കീമിനുകീഴിൽ അഞ്ച് വർഷത്തെ വഖ്ഫു ചെയ്തിരുന്നു. അദ്ദേഹത്തെ നൈജീരിയയിലാണ് നിയമിച്ചത്. പക്ഷേ, ഇപ്പോൾ നടപടികൾ നടക്കുന്നതേയുണ്ടായിരുന്നുള്ളൂ. ഡോക്യുമെന്റുകൾ പൂർണമായിരുന്നില്ല. ഇതിന്നിടയിൽ നമ്മുടെ ഒരു പാക്കിസ്താനി ഡോക്ടർ പോയതിനാൽ അദ്ദേഹത്തിന് ഫ്രീടൗൺ ആശുപത്രിയിൽ സേവനത്തിന് അവസരം ലഭിച്ചു. വളരെ നല്ല രീതിയിൽ അദ്ദേഹം അവിടെ ജോലി ചെയ്യുകയുണ്ടായി. ഈ കാലയളവിൽ അദ്ദേഹത്തിന് ആശുപത്രിയിൽനിന്ന് ലഭിച്ച മുഴുവൻ തുകയും അദ്ദേഹം ആശുപത്രിക്കുതന്നെ സംഭാവനയായി നല്കുകയും അതിന്റെ മോഡികൂട്ടുകയും അറ്റകുറ്റപ്പണികൾ ചെയ്യുകയുമുണ്ടായി. ഇത് പ്രാദേശിക കറൻസി പ്രകാരം രണ്ട് ലക്ഷം ലിയോൺ ആണ്. ഖിലാഫത്തിനോട് വളരെയേറെ സ്നേഹമുണ്ടായിരുന്നു. കാലത്തിന്റെ ഖലീഫയെ കാണാൻ കഴിഞ്ഞിട്ടില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ സങ്കടം. അത് ഇടക്കിടെ പറഞ്ഞിരുന്നു. ഞാനുമായി മുലാഖാത്തിന് വളരെയേറെ ശ്രമിച്ചെങ്കിലും വിസ ലഭിച്ചില്ല. രണ്ടു പ്രാവശ്യം ശ്രമിക്കുകയുണ്ടായി. മെഡിക്കൽ സർവീസിനിടയിൽ ആവശ്യക്കാരായ രോഗികളെ സൗജന്യമായും ചികിത്സിച്ചിരുന്നു. കോളേജ് ഫീസ് അടക്കാൻ നിവൃത്തിയില്ലാത്ത നിരവധി അഹ്മദി വിദ്യാർഥികളുടെ മാതാപിതാക്കളുണ്ടായിരുന്നു. ഡോക്ടർ സാഹിബ് അവരെയും സഹായിച്ചിരുന്നു. വളരെയേറെ വിശ്വസ്തനും അധ്വാനിയും മറ്റുള്ളവരെ സഹായിക്കുന്ന വ്യക്തിയും ആയിരുന്നു. അദ്ദേഹം നമ്മുടെ ഇവിടെയുള്ള അറ്റാമികാലൂണ് സാഹിബിന്റെ ചെറിയ സഹോദരി കാദേ യട്ടാ ഗമാങ്കയേയാണ് വിവാഹം കഴിച്ചിരുന്നത്. ഇവർക്ക് രണ്ട് ചെറിയ മക്കളുണ്ട്. ഒരാൾക്ക് മൂന്നോ നാലോ വയസ്സുണ്ട്. മറ്റൊരാൾക്ക് രണ്ട് വയസും. ഒരു മകളും മകനുമാണ്.

അവിടെയുള്ള മുറബ്ബി സയീദുൽ ഹസ്സൻ ശാഹ് പറയുന്നു: അദ്ദേഹം നിരവധി ഗുണങ്ങളുടെ ഉടമയാണെന്ന് എനിക്ക് വ്യക്തിപരമായിത്തന്നെ അറിയാം. മൂസാ മേവാ സാഹിബ് പുതിയ അമീറായപ്പോൾ അദ്ദേഹത്തിന്റെ ടീമിലെ പ്രകടമായ വ്യക്തിത്വം ഡോക്ടർ ഗമാങ്ക സാഹിബിന്റേതായിരുന്നു. കെനിയയിൽ ഗൈനക്കോളജിസ്റ്റ് സ്പെഷ്യൽ ഡിഗ്രി എടുത്ത് സിയറാ ലിയോണിൽ വന്നതായിരുന്നു. തളരാതെ അധ്വാനിക്കലായിരുന്നു അദ്ദേഹത്തിന്റെ ഒരു പ്രത്യേകത. രാപ്പകൽ അധ്വാനിച്ചിരുന്നു. ഭാര്യാമക്കൾ അദ്ദേഹത്തെ കാത്തിരിക്കുന്നുണ്ടെന്ന് പോലും അദ്ദേഹം മറന്നിരുന്നു. ഖുർആൻ ഹാഫിളുമായിരുന്നു. നല്ല ഈണമുള്ള ശബ്ദത്തിൽ തിലാവത്ത് ചെയ്യുമായിരുന്നു. കഴിഞ്ഞ റമളാനിൽ ഹെഡ്ക്വാർട്ടറിൽ ഇദ്ദേഹമാണ് തറാവീഹ് നമസ്കരിപ്പിച്ചത്. ജനങ്ങൾ അത് ഏറെ ആസ്വദിക്കുകയുണ്ടായി. വിനയവും ഡോക്ടർ സാഹിബിന്റെ പ്രത്യേക ഗുണമായിരുന്നു. എപ്പോഴും പുഞ്ചിരിച്ചുകൊണ്ട് കൂടിക്കാഴ്ച്ച നടത്തിയിരുന്നു. തന്റെ രോഗത്തെയും പ്രയാസത്തെയും മറച്ചുവെച്ചിരുന്നു. മുറബ്ബി സഫീർ അഹ്മദ് സാഹിബ് പറയുന്നു: ഡോക്ടർ സാഹിബ് നിരവധി ഗുണങ്ങൾക്ക് ഉടമയായിരുന്നു. നാട്ടിൽ നല്ലപോലെ പ്രസിദ്ധനായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ കൈയിൽ രോഗശമനം വെച്ചിരിന്നു. ജനങ്ങൾ ചികിത്സക്കുവേണ്ടി അദ്ദേഹത്തിന്റെ അടുക്കൽ വരുമ്പോൾ അദ്ദേഹം ശാരീരിക ചികിത്സക്കൊപ്പം ആത്മീയ ചികിത്സയും നല്കിയിരുന്നു. അവർക്ക് അഹ്മദിയ്യാ പാഠങ്ങളെ പറ്റിയും പറഞ്ഞുകൊടുത്തിരുന്നു.

പരേതൻ നമസ്കാരം നോമ്പ് എന്നിവയിൽ ശുഷ്കാന്തിയുള്ളയാളും തഹജ്ജുദ് നമസ്കരിക്കുന്ന ആളുമായിരുന്നു. ചന്ദകൾ യഥാസമയം കൊടുത്തിരുന്നു. ജമാഅത്തീ സേവനങ്ങൾക്കുവേണ്ടി തന്റെ ഭൗതിക ജോലി ഒഴിവാക്കി ജമാഅത്തിന്റെ വിളിക്ക് ഉടൻതന്നെ ലബ്ബയ്ക്ക് പറഞ്ഞിരുന്നു. ജമാഅത്തിന്റെ ഭാരവാഹികളെയും മുറബ്ബിമാരെയും നല്ലപോലെ ബഹുമാനിച്ചിരുന്നു. ജുമുഅ നമസ്കാരത്തിന് പ്രത്യേകം ശ്രമിച്ചിരുന്നു. എല്ലാ തിരക്കുകളും മാറ്റിവെച്ച് പോർട്ട് ലോഗോയിലെ മസ്ജിദിൽ ജുമുഅ നമസ്കരിക്കാൻ എത്തിയിരുന്നു.

സെക്കന്റ് നാഇബ് അമീർ അബ്ദുൽ ഹയ് കോറോമ സാഹിബ് പറയുന്നു: ഡോക്ടർ ഗാമാങ്ക സാഹിബ് സിയറാ ലിയോൺ പ്രാദേശിക ഭാഷയായ മെന്റേയിൽ ഖുർആൻ തർജമ കമ്മിറ്റിയിൽ അംഗമായിരുന്നു. അഞ്ചുനേര നമസ്കാരത്തിൽ ബദ്ധശ്രദ്ധനും തഹജ്ജുദ് അനുഷ്ഠിക്കുന്ന ആളുമായിരുന്നു. പറയുന്നു: അദ്ദേഹം ശരിയായ അർഥത്തിൽ ജീവിതം വഖ്ഫുചെയ്ത ആളായിരുന്നു. സർക്കാർ ജോലിക്കുശേഷം അഹ്മദിയ്യാ ആശുപത്രിയിൽ പോയിരുന്നു. മഗ്‌രിബുവരെ അവിടെ ജോലി ചെയ്തിരുന്നു. അതിനുശേഷം മിഷൻ ഹൗസിൽ വരുമായിരുന്നു. ഒരുപാടു രാത്രിവരെ ജോലി ചെയ്തിരുന്നു. പിന്നെയാണ് വീട്ടിൽ പോയിരുന്നത്. അദ്ദേഹത്തിന് അധികവും സത്സ്വപ്നങ്ങൾ ഉണ്ടാകുമായിരുന്നു. അതിന്റെ സത്യാവസ്ഥയും വെളിപ്പെട്ടിരുന്നു.

പറയുന്നു: ജമാഅത്തിന് ഭാവിയിൽ കർമനിരതരായ ഒരുപാട് ആളുകളെ കിട്ടുന്നതിനുവേണ്ടി അദ്ദേഹം കാലത്തിന്റെ ഖലീഫയുടെ നിർദേശാനുസരണം ദശവാർഷിക വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കിയിരുന്നു. പറയുന്നു: നാ ഇബ് അമീർ എന്ന നിലക്ക് എനിക്ക് അദ്ദേഹവുമായി വളരെയേറെ അടുപ്പമുണ്ടായിരുന്നു. ജമാഅത്തിനോടുള്ള സ്നേഹം അല്ലാഹുവിനോടും അടിയാറുകളോടുമുള്ള കടപ്പാടുകൾ, ദാനധർമം, വിനയം, സാമ്പത്തിക ത്യാഗം തുടങ്ങി നിരവധി സൽഗുണങ്ങൾ അദ്ദേഹത്തിൽ ഉണ്ടായിരുന്നു.

അൽമാമി സീസാ സാഹിബ് പറയുന്നു: അദ്ദേഹം 1989-ൽ സിയറാ ലിയോൺ ജാമിഅത്തുൽ മുബശ്ശിരീനിൽ ചേർന്നു. 91-ൽ പഠനം പൂർത്തിയാക്കി. പഠനത്തിൽ വളരെ നല്ല മാർക്ക് വാങ്ങിയിരുന്നു. എപ്പോഴും ഉയർന്ന മാർക്കോടെയാണ് വിജയിച്ചിരുന്നത്. ആദ്യം നിയമിക്കപ്പെട്ട സ്ഥലത്ത് വെച്ചുതന്നെ വിശുദ്ധ ഖുർആൻ മനഃപ്പാഠമാക്കാൻ തുടങ്ങി. സ്വന്തം നിലക്ക് വിശുദ്ധ ഖുർആൻ മനഃപ്പാഠമാക്കിയതാണ്. സിയറാ ലിയോണിൽ നിയമിക്കപ്പെട്ടിരുന്ന എല്ലാ പാക്കിസ്താനി മുബല്ലിഗുമാർക്കും സിവിൽവാർ തുടങ്ങിയപ്പോൾ അവിടെനിന്ന് പോകേണ്ടിവന്നു. ഡോക്ടർ സാഹിബ് ഫ്രീടൗണിലെത്തി മിഷണറിയായി പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇക്കാലഘട്ടത്തിൽ ആക്ടിംഗ് അമീറുമായിരുന്നു. ഇവിടെ മർക്കസിൽനിന്ന് സിയറാ ലിയോൺ ജമാഅത്തിലേക്ക് കുറച്ച് സാധനങ്ങൾ അയച്ചിരുന്നു. കലാപകാരികൾ അതറിഞ്ഞപ്പോൾ അവർ മിഷൻ ഹൗസ് ആക്രമിച്ചു. ഏതായാലും അവർ മുകളിൽ സീലിംഗിലും മറ്റും ഒളിച്ചിരുന്നു. വിവരിക്കുന്ന ആൾ പറയുന്നു: പക്ഷേ, ഇദ്ദേഹം കലാപകാരികളുടെ കൈയിൽപ്പെട്ടു. അവർ അദ്ദേഹത്തിന്റെ തലയിൽ തോക്ക് വെച്ചുകൊണ്ട് സ്റ്റോറിന്റെ താക്കോൽ തന്നില്ലെങ്കിൽ കൊല്ലുമെന്ന് പറഞ്ഞു. ഈ അവസ്ഥ ശരിക്കും ഭീകരമാണെന്ന് കണ്ടപ്പോൾ ഡോക്ടർ ഗാമാങ്ക സാഹിബ് താഴെവന്നു. അദ്ദേഹത്തിന്റെ കൈയിൽ താക്കോലുണ്ടായിരുന്നു. അത് അവർക്ക് നല്കി. അവർ അതിൽനിന്ന് കുറച്ച് സാധനങ്ങൾ എടുത്ത ശേഷം പോയി.

ഖാലിദ് മഹ്മൂദ് സാഹിബ് എഴുതുന്നു: ഡോക്ടർ സാഹിബ് ഖിലാഫത്തിനോടു ഏറെ കൂറും ആത്മാർഥതയുമുള്ള അഹ്മദിയായിരുന്നു. എല്ലാവരോടും ആദരവോടെ പെരുമാറിയിരുന്നു. ജമാ അത്തിന്റെ കാര്യത്തിൽ വേദനയുള്ള ആളായിരുന്നു. വലിയവരോടും ചെറിയവരോടും നല്ല ആദരവോടെ പെരുമാറിയിരുന്നു. ജമാഅത്തിന്റെ പുരോഗതിക്കുവേണ്ടി എന്തെങ്കിലും അഭിപ്രായം പറഞ്ഞാൽ അപ്പോൾത്തന്നെ അത് അംഗീകരിച്ചിരുന്നു. ജമാഅത്തിൽ എല്ലാ നിമിഷവും ജമാഅത്തിന്റെ പുരോഗതിക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്ന ഇത്തരം ആത്മാർഥരായ ആളുകൾ ഉണ്ടായിരിക്കണമെന്ന് പറഞ്ഞിരുന്നു. തെറ്റിനെ തെറ്റാണെന്നും ശരിയെ ശരിയാണെന്നും പറയുന്ന വളരെ കുറച്ചുപേരെ മാത്രമേ കണ്ടിട്ടുള്ളൂ. ഡോക്ടർ സാഹിബ് ധീരനായ വ്യക്തിയായിരുന്നു. സംസാരരീതി വളരെ മനോഹരമായിരുന്നു. സൗമ്യമായ രീതിയിൽ എല്ലാവരോടും സംസാരിച്ചിരുന്നു. എല്ലാ ജോലിയും മാറ്റിവെച്ച് നമസ്കാരം അനുഷ്ഠിച്ചിരുന്നു. ആരെങ്കിലും പരുഷമായി സംസാരിച്ചാലും സൗമ്യമായി മറുപടി നല്കുമായിരുന്നു.

ലജ്ന ഇമാഇല്ലാഹ് യു.കെ, സിയറാ ലിയോണിൽ ഒരു മേട്രിനറ്റി ഹോസ്പിറ്റൽ ഉണ്ടാക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വലിയ പ്രൊജക്റ്റാണ്. മുൻ സ്വദ്ർ ലജ്ന ഡോക്ടർ ഫരീഹ അത് നോക്കാൻ അവിടെ പോയിരുന്നു. അവർ പറയുന്നു: ഞാൻ അദ്ദേഹത്തെ അങ്ങേയറ്റം ജനോപകാരിയായിട്ടാണ് കണ്ടത്. ലജ്നയുടെ മേട്രിനറ്റി ഹോസ്പിറ്റൽ കാണാൻ പോയപ്പോൾ ഡോക്ടർ സാഹിബുമായി മുലാഖാത്ത് ചെയ്തിരുന്നു. ലജ്നയുടെ ഹോസ്പിറ്റലിന് വളരെ വിലയേറിയ അഭിപ്രായങ്ങൾ നല്കുകയുണ്ടായി. അതിനുശേഷം തന്റെ സർക്കാർ ഹോസ്പിറ്റൽ കാണിച്ചുതന്നു. അദ്ദേഹത്തിന്റെ മനുഷ്യസേവന തൽപരത എന്നെ ഏറെ ആകർഷിച്ചു. വളരെ പ്രയാസമേറിയ അവസ്ഥയായിരുന്നിട്ടും രോഗികളുടെ ഒരു ശൃംഖലതന്നെ അദ്ദേഹത്തിന്റെ അടുക്കൽ വന്നിരുന്നു. പക്ഷേ, പുഞ്ചിരിയും സഹാനുഭൂതിയും മാത്രമേ അദ്ദേഹത്തിൽ ഉണ്ടായിരുന്നുള്ളൂ. താൻ തന്റെ ദരിദ്രരാജ്യത്തിലെ സാധുക്കളായ പൗരന്മാരെ സേവിക്കുകയാണെന്ന ഒരു പ്രത്യേക വികാരമായിരുന്നു അദ്ദേഹത്തിന്. മേട്രിനിറ്റി ഹോസ്പിറ്റൽ പൂർത്തിയായാൽ ഇദ്ദേഹത്തെ അവിടെ നിയമിക്കാമെന്നതായിരുന്നു അവർ കരുതിയത്. എന്നാൽ, അല്ലാഹു ചെയ്തത് മറ്റൊന്നായിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ കാദീയാത്ത പറയുന്നു:എന്റെ ഭർത്താവ് നല്ല മനുഷ്യനും ആത്മാർഥനും സർവവും സമർപിച്ച അഹ്മദിയുമായിരുന്നു. എപ്പോഴും തന്റെ സ്വന്തം കാര്യങ്ങളേക്കാൾ ജമാഅത്തിന് മുൻഗണന നല്കിയിരുന്നു. സെനഗലിൽ പോകുന്നതിനുമുമ്പേ അദ്ദേഹം ചികിത്സക്കുവേണ്ടി സെനഗലിൽ പോയിട്ടുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു:! നമുക്ക് വിശ്വാസവും അല്ലാഹുവിൽ തവക്കലുമുണ്ട്. അതാണ് നമ്മുടെ എല്ലാം! എന്തുതന്നെയായാലും നീ പരിഭ്രമിക്കരുത്! പറയുന്നു: അദ്ദേഹം തന്റെ രോഗികളെ പ്രത്യേകിച്ചും അഹ്മദികളെ സൗജന്യമായി ചികിത്സിച്ചിരുന്നു. അവരെ ഏറെ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ ഒരുപാടു നന്മകൾ പറയുന്നുണ്ട്. തന്റെ ഭർത്താവിന്റെ മരണശേഷം ജനങ്ങൾ

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 29 February 2024 Issue-9

**MANAGER**
**Sheik Mujahid**

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

പറഞ്ഞതാണിത്. പറയുന്നു: അദ്ദേഹം നമസ്കാരത്തിൽ കൃത്യനിഷ്ഠയും തഹജ്ജുദ് നമസ്കരിക്കുന്ന ആളും ഒരു ഉപേക്ഷയും വരുത്താതെ തന്റെ വസ്വിയ്യത്ത് എല്ലാതരം വരുമാനത്തിന്റെ കണക്കനുസരിച്ച് കൊടുക്കുന്ന ആളുമാണെന്ന് ഞാൻ സാക്ഷ്യം നല്കുന്നു. എല്ലാ വർഷവും റമളാനിൽ വിശുദ്ധ ഖുർആൻ ചുരുങ്ങിയത് ഒന്നോ രണ്ടോ തവണ ഓതിപ്പൂർത്തിയാക്കുകയും എന്നോട് അതിന് വേണ്ടി ഉപദേശിക്കുകയും ചെയ്തിരുന്നു. വളരെ നല്ല ഭർത്താവും പിതാവുമായിരുന്നു. എപ്പോഴും സന്തോഷം നല്കുന്ന ആളായിരുന്നു. അല്ലാഹു മർഹൂമിനോട് പൊറുക്കലോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യാമക്കൾക്ക് അവൻ സഹായിയും സംരക്ഷകനുമാകട്ടെ.

രണ്ടാമത്തെ അനുസ്മരണം ത്വാഹിറ നദീർ സാഹിബയുടേതാണ്. ത്വാഹിറ റശീദുദ്ദീൻ എന്നാണ് അറിയപ്പെട്ടിരുന്നത്. ഇവർ മുറബ്ബി സിൽസില ചൗദ്ദരി റശീദുദ്ദീൻ സാഹിബിന്റെ പത്നിയാണ്. കഴിഞ്ഞ ദിവസം വഫാത്തായി.ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയ ആയിരുന്നു. ഇവരുടെ കുടുംബത്തിൽ പിതാമഹൻ ഹദ്റത്ത് ചൗദ്ദരി ഗുലാം ഹുസയ്ൻ സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് വന്നത്. അതുപോലെ അവരുടെ മാതാമഹൻ ചൗദ്ദരി ഗുലാം ഹയ്ദർ സാഹിബ് ദർവേശും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. ഞാൻ പറഞ്ഞതുപോലെ ഇവർ ചൗദ്ദരി റശീദുദ്ദീൻ സാഹിബിന്റെ ഭാര്യയായിരുന്നു. 1958 ഡിസംബറിൽ മൗലാനാ ജലാലുദ്ദീൻ ശംസ് സാഹിബ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സാന്നിധ്യത്തിൽ ഇവരുടെ നിക്കാഹ് ഖുത്വ്ബ നിർവഹിക്കുകയുണ്ടായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ആണ് ദുആ ചെയ്തത്. ഇവർ തന്റെ ഒരു സ്വപ്നം വിവരിക്കുന്നുണ്ട്. പറയുന്നു: 1980-ൽ മജ്‌ലിസ് മുശാവറത്തിൽ പ്രതിനിധിയായി പങ്കെടുക്കാൻ എനിക്ക് അവസരം കിട്ടിയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥും മുശാവറത്തിൽ പങ്കെടുക്കുന്നുണ്ട്. മജ്‌ലിസിൽ പ്രായമനുസരിച്ച് ആരാണ് സ്വഹാബിയാകുക എന്നതിനെപ്പറ്റി ചർച്ച നടക്കുകയാണ്. പറയുന്നു: ഞാൻ വീട്ടിലെത്തി വളരെ സങ്കടത്തോടെ പറഞ്ഞു, അല്ലാഹുവേ ഞാനും അന്നുണ്ടായിരുന്നെങ്കിൽ ഞാനും സ്വഹാബിയാത്തിൽ ഉൾപ്പെടുമായിരുന്നു. പറയുന്നു: അതിനിടയിൽ ഞാൻ സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഉദ് (അ) നെ സന്ദർശിക്കുന്നത് സ്വപ്നം കണ്ടു. ഹുദൂർ(അ) എന്റെ വീട്ടിൽ വലതുവശം ചരിഞ്ഞു കിടക്കുന്നു. ഞാൻ ശിരസിന്റെ ഭാഗത്തുപോയി നില്ക്കുന്നു. ഹുദൂർ(അ)വളരെ സ്നേഹത്തോടെ എന്നെ നോക്കിയിട്ട് ചോദിച്ചു? എന്തിനാണ് വന്നിരിക്കുന്നത്? ഞാൻ പറഞ്ഞു: ഹുദൂർ! ഞാൻ അങ്ങയുടെ ശരീരം തിരുമ്മാൻ ആഗ്രഹിക്കുന്നു. ഹുദൂർ തന്റെ വലതുകൈ നീട്ടിത്തന്നു. ഞാൻ നല്ലപോലേ ആ കൈ തിരുമ്മിക്കൊണ്ടിരുന്നു. അതിനുശേഷം ഹുദൂർ മഗ്‌രിബ് നമസ്കാരത്തിന് വരാന്തയിലേക്ക് വന്നു. ഞാനും വരാന്തയിലേക്ക് വന്നപ്പോൾ വളരെയേറെ ആളുകളെകണ്ടു. ആളുകൾ വാതിലുകളിലും ജനാലകളിലും ഹുദൂറിനെ കാണാൻ കയറിനില്ക്കുന്നു. ഞാൻ അവരോടു ചോദിച്ചു? ഹുദൂർ എന്റെ വീട്ടിലുണ്ടെന്നനിങ്ങൾക്കെങ്ങനെ മനസിലായി? അവർ പറഞ്ഞു: നിങ്ങളുടെ വീട്ടിൽ വന്നാൽ ഞങ്ങൾ അറിയാതിരിക്കുമോ? പറയുന്നു: ചെക് 37 ലെ ഏതോ ഒരു സഹോദരി റൊട്ടി ഉണ്ടാക്കുകയായിരുന്നു. ഞാൻ അവരെ വിളിച്ചുകൊണ്ട് പറഞ്ഞു:റൊട്ടി ഉണ്ടാക്കുന്നത് ഒഴിവാക്കൂ. ഹുദൂർ ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്റെ വീട്ടിൽ വന്നിരിക്കുന്നു. അദ്ദേഹത്തെ വന്ന് കാണുക. പറയുന്നു: അതിനുശേഷം ശൂറയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടവർ സ്വഹാബാക്കളാണെന്ന് തീരുമാനമായി. എന്റെ വീട്ടിൽ ഹുദൂർ രണ്ട് പകലും ഒരു രാത്രിയും തങ്ങിയിട്ടുണ്ട്. ഞാനും സ്വഹാബാക്കളിൽ ഉൾപ്പെടുന്നു. അല്ലാഹുവിനോടുള്ള അനന്തമായ നന്ദി എനിക്ക് എങ്ങനെ പ്രകടിപ്പിക്കാൻ കഴിയും? അവരുടെ മകൻ ഡോക്ടർ അലീമുദ്ദീൻ ഇവിടെയാണ് താമസിക്കുന്നത്. ഇപ്പോൾ അയർലാൻഡിൽ ദേശീയ സ്വദ്റാണ്. അദ്ദേഹം പറയുന്നു: അല്ലാഹു ഞങ്ങളുടെ മാതാവിനെ നിരവധി നന്മകൾകൊണ്ട് അനുഗ്രഹിച്ചിരിക്കുന്നു. അതിൽ പ്രകടമായത് അല്ലാഹുവുമായിട്ടുള്ള ബന്ധവും അല്ലാഹുവിനോടുള്ള വ്യക്തിഗത സ്നേഹവും അനുരക്തിയുമാണ്. അല്ലാഹുവിൽ നിന്നുള്ള ദുആ സ്വീകാര്യതയുടെ സവിശേഷതയും വളരെ പ്രകടമായിരുന്നു. അവർ സൽസ്വപ്നങ്ങളും കശ്ഫുമുള്ള സ്ത്രീയായിരുന്നു. ഖിലാഫത്തിനോടുള്ള വ്യക്തിഗതമായ സ്നേഹബന്ധങ്ങൾ ജീവിതത്തിലുടനീളം പ്രകടമായിരുന്നു. തന്റെ മക്കളിലും അത് നിലനിറുത്താൻ അവർ ശ്രമിച്ചിരുന്നു. പറയുന്നു: ചെറുപ്പത്തിൽ ഞങ്ങളുടെ വീട്ടിൽ പറയപ്പെട്ടിരുന്ന മഹാന്മാരായ വ്യക്തിത്വങ്ങൾ ഭൗതികമായിട്ട് പ്രത്യേകതയുള്ളവരല്ലായിരുന്നു. മറിച്ച് ഖലീഫമാരായിരുന്നു. അല്ലെങ്കിൽ ചെറിയപ്രായം മുതലേ ഞങ്ങളുടെ കാതുകളിൽ കേട്ടിരുന്ന മഹതികളായ സ്ത്രീകളായിരുന്നു. അവരോടെല്ലാം ഉമ്മ ദുആക്കുവേണ്ടി എപ്പോഴും പറഞ്ഞുകൊണ്ടിരുന്നു. അല്ലാതെ സ്വന്തമായി ദുആ ചെയ്ത് മറ്റുള്ളവരോടു പറയാതിരുന്നിട്ടില്ല. മറ്റുള്ളവരുടെ അടുത്തുപോയി പറയുകയും ചെയ്തിരുന്നു. അദ്ദേഹം പറയുന്നു: മാതാവിന്റെ വ്യക്തിത്വത്തിൽ പ്രകടമായിട്ടുണ്ടായിരുന്ന മറ്റൊരു സവിശേഷത ജമാഅത്തിന്റെ അഭിമാനമായിരുന്നു. ഒരിക്കൽ ഞങ്ങളുടെ വീട്ടിൽ അകന്ന ബന്ധത്തിൽപ്പെട്ട ഒരാൾ ജമാഅത്തിനെപ്പറ്റി അനുചിതമായ വാക്കുകൾ പറയുകയുണ്ടായി. പൊതുവെ ആളുകൾ ഇങ്ങനെയുള്ളത് കേൾക്കുമ്പോൾ നിശബ്ദരായിരിക്കുകയാണ് ചെയ്യുക. എന്നാൽ, ഉമ്മ ഉടൻതന്നെ ശക്തമായി പ്രതികരിച്ചു. ആദ്യം അവരെ തടയുകയും പിന്നെ തിരുത്തുകയും ചെയ്തു. ബന്ധുക്കളോട് കലഹിക്കേണ്ടി വന്നാലും ജമാഅത്തിന്റെ അന്തസ്സിന് കോട്ടം തട്ടാൻ അനുവദിക്കുകയില്ല എന്നതാണ്.

അവരുടെ ഭർത്താവ് ചൗദ്ദരി റശീദുദ്ദീൻ സാഹിബ് വഖ്ഫ് ചെയ്തയാളും മുറബ്ബിയുമായിരുന്നു. രണ്ടുതവണ ആഫ്രിക്കയിൽ പോയിട്ടുണ്ട്. ഇവർ പാക്കിസ്താനിൽത്തന്നെയാണ് കഴിഞ്ഞത്. തന്റെ മക്കൾക്ക് നല്ല ശിക്ഷണം നല്കാൻ ശ്രമിച്ചു. പറയുന്നു: ഞങ്ങൾക്കോർമയുണ്ട്, ആൺകുട്ടികളായ ഞങ്ങൾസഹോദരങ്ങളുടെ ചങ്ങാതിമാരേയും അവർക്കറിയാമായിരുന്നു. അവർ ആരാണ് എങ്ങനെയുള്ളവരാണ് എന്നെല്ലാം. നാട്ടിലെ നല്ലവരും എഴുത്തും വായനയുമുള്ള കുട്ടികളുമായി സൗഹൃദമുണ്ടാക്കണമെന്നും അല്ലാതെ ഏതെങ്കിലും കുട്ടികളുമായി കൂട്ടുകൂടരുതെന്നും പറയുമായിരുന്നു. പറയുന്നു: ഞാൻ കണ്ടിട്ടുള്ളത് അവർക്കെപ്പോഴും അല്ലാഹുവിനോട് സ്നേഹമുള്ള സ്ത്രീകളുമായിട്ടായിരുന്നു സൗഹൃദമു ണ്ടായിരുന്നത്. ഭൗതികരുടെ സദസ്സിൽ എനിക്ക് രസം കിട്ടുന്നില്ലെന്നും പ്രത്യുത സാധാരണക്കാരും ദീനിൽ താൽപര്യമുള്ളവരുമായിട്ടാണ് തനിക്ക് താൽപര്യമെന്നും എപ്പോഴും പറയുമായിരുന്നു.

അവരുടെ മകൾ സബ്ദ സഹിബ, എന്നല്ല മൂന്നു പെൺമക്കളും ആബിദ, ത്വയ്യിബ, സബ്ദ പറയുന്നു: ഞങ്ങൾക്ക് ബോധമുണ്ടായ കാലം മുതൽ ഉമ്മയെ ഇബാദത്ത് ചെയ്യുന്നതായും ദുആ ചെയ്യുന്നതായും എല്ലാവരോടും ഇടപഴകുന്നതായും നല്ല സ്വഭാവമുള്ളതായിട്ടുമാണ് കണ്ടിട്ടുള്ളത്. ഇബാദത്തുകൾ വളരെ ആർദ്രമായും നഫ്ലുകളും തഹജ്ജുദും താൽപര്യപൂർവവും അനുഷ്ഠിച്ചിരുന്നു. എന്തെങ്കിലും പ്രയാസമുണ്ടാകുമ്പോൾ വാതിലടച്ച് ഒരുപാടുനേരം സുജൂദ് ചെയ്യുമായിരുന്നു. വഖ്ഫെ സിന്ദഗി ആയതുകൊണ്ട് ചിലപ്പോൾ അനിഷ്ടകരമായതും ഉണ്ടായിട്ടുണ്ടെങ്കിലും വളരെ ക്ഷമയോടെയും ആത്മവിശ്വാസത്തോടെയും അല്ലാഹുവിൽ ഭരമേല്പിച്ചും അതെല്ലാം സഹിക്കുമായിരുന്നു. അല്ലാഹുവിനോടാണ് ചോദിച്ചിരുന്നത്. ഹജ്ജിന് പോകാനും അവർക്ക് സൗഭാഗ്യം ലഭിച്ചിരുന്നു. അല്ലാഹു അവരുടെ ആ ആഗ്രഹവും നിറവേറ്റിക്കൊടുക്കുകയുണ്ടായി. 11 തവണ ഇഅ്തിക്കാഫ് ഇരുന്നിട്ടുണ്ട്. അവിടെ വന്നിരുന്ന ആളുകളുടെ പെൺമക്കളും സ്ത്രീകളും അവരുടെ വാത്സല്യത്തേയും സൽസ്വഭാവത്തേയും സൽപെരുമാറ്റത്തേയും പറ്റി അനുസമരിക്കുകയുണ്ടായി. ദീനിപുസ്തകങ്ങൾ പ്രത്യേകമായും വായിച്ചിരുന്നു. പ്രത്യേകിച്ചും ചരിത്ര പുസ്തകങ്ങൾ വളരെ താൽപര്യത്തോടെ വായിച്ചിരുന്നു. ജുമുഅ ദിവസം ഇബാദത്തിന് പ്രത്യേകമായും തയ്യാറായി മണിക്കൂറുകൾക്കു മുമ്പേ മസ്ജിദിൽ പോയി നഫ്ലുകൾ അനുഷ്ഠിക്കുമായിരുന്നു.

അവരുടെ ഒരു മകൻ സലീമുദ്ദീൻ സാഹിബ് മുറബ്ബിയും ഇപ്പോൾ റബ്‌വയിൽ നാള്വിർ ഉമൂറെ ആമയുമാണ്. പറയുന്നു: ഉമ്മ വഖ്ഫെ സിന്ദഗിയുടെ ഭാര്യയായിരുന്നു. ഞാൻ പറഞ്ഞുവന്നതുപോലെ ജലാലുദ്ദീൻ ശംസ് സാഹിബാണ് നിക്കാഹ് ഖുത്വ്ബ നിർവഹിച്ചത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ദുആ ചെയ്യിച്ചു.

അതേകുറിച്ചും അദ്ദേഹത്തിന്റെ പിതാവ് അവരോടു പറഞ്ഞിട്ടുണ്ട്. അതായത് അദ്ദേഹത്തിന്റെ പിതാവിന്റെ നിക്കാഹ് മറ്റൊരു സ്ഥലത്ത് നടക്കേണ്ടതായിരുന്നു. എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായി. മൗലാന അബുൽ അത്വാ ജലന്ധരി സാഹിബ് റബ്‌വയിലെ മസ്ജിദ് നുസ്വ്റത്തിൽ നിക്കാഹ് ഖുത്വ്ബ നിർവഹിക്കേണ്ടതായിരുന്നു. എല്ലാ ആളുകളുമെത്തിയിരുന്നു. ഹദ്റത്ത് മൗലാനാ അബുൽ അത്വാ സാഹിബ് ജലന്ധരി എല്ലാ നിക്കാഹുകളും വിളംബരപ്പെടുത്തിയെങ്കിലും ഇദ്ദേഹത്തിന്റേത് വിളംബരം ചെയ്തില്ല. അദ്ദേഹത്തോട് പറഞ്ഞു: നിങ്ങൾ വഖ്ഫെസിന്ദഗിയാണ്.നിങ്ങളുടെ നിക്കാഹ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് വിളംബരപ്പെടുത്തുന്നതാണ്. അഥവാ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ നടക്കുന്നതാണ്. ഏതായാലും കുറച്ചു ദിവസങ്ങൾക്കുശേഷം ഈ നിക്കാഹ് നടക്കേണ്ടിയിരുന്ന സ്ഥലത്ത് വേണ്ടെന്ന് പറഞ്ഞു. തുടർന്ന് അദ്ദേഹത്തിന്റെ നിക്കാഹ് ത്വാഹിറ സാഹിബയുമായി നടന്നു. ഈ വിവാഹം വളരെ അനുഗൃഹീതമാവുകയും ചെയ്തു.

ചന്ദഃയിൽ വളരെ കൃത്യനിഷ്ഠത പാലിച്ചിരുന്നു. കനഡ ലജ്നമാൽ സെക്രട്ടറി എഴുതുന്നു: ഞാൻ സ്വപ്നത്തിൽ റജിസ്റ്റർ തുറന്ന് ചന്ദയുടെ കണക്കുകൾ നോക്കുന്നതുകണ്ടു. ഇതിനിടയിൽ ത്വാഹിറ റശീദുദ്ദീൻ സാഹിബ വന്ന് അടുത്തിരിക്കുന്നു. ഞാൻ പറഞ്ഞു: ഇപ്പോൾ നിങ്ങൾ തഹ്‌രീക്കെജദീദ് 5000 ഡോളർ ചന്ദഃ എഴുതുകയാണെങ്കിൽ നിങ്ങളുടെ പേര് പാഞ്ച്ഹസാരി റജിസ്റ്റർ (അതായത് തഹ്‌രീക്കെ ജദീദിന്റെ ആദ്യത്തെ 5000 പേരുടെ റജിസ്റ്ററിൽ ഉൾപ്പെടുന്നതാണ്. ഈ സ്വപ്നത്തിൽ എന്നെ പ്രേരിപ്പിക്കുകയാണ്. ആ സമയത്ത് ഇവർ പാക്കിസ്താനിൽ പോയിട്ടുണ്ടായിരുന്നു. പാക്കിസ്താനിൽ നിന്ന് തിരിച്ചെത്തിയപ്പോൾ അവർക്ക് ഈ സ്വപ്നം കേൾപ്പിച്ചുകൊടുത്തു. അവർ പറയുന്നു: ഇവർ ഇങ്ങനെതന്നെ ചെയ്യുമെന്ന് എനിക്ക് പ്രതീക്ഷയുണ്ടായിരുന്നു. ഇപ്പോൾ അല്ലാഹു അവർക്ക് സമൃദ്ധി നല്കിയിരിക്കുന്നു. ഈ സ്വപ്നം കേൾപ്പിച്ചതും അവർ ഉടൻതന്നെ 5000 ഡോളർ നല്കുകയുണ്ടായി.

അല്ലാഹു അവരോട് പൊറുക്കലോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടരാൻ സൗഭാഗ്യം നല്കുമാറാകട്ടെ.

**സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാനിൽ ഡ്രൈവറിന്റെ ഒഴിവ്**

**നിബന്ധനകൾ:**(1)ഉദ്യോഗാർഥിയുടെ പ്രായം 18 വയസ്സിന് മുകളിലും 40 വയസ്സിന് താഴെയുമായിരിക്കണം(2)ഉദ്യോഗാർഥി കുറഞ്ഞത് 8-ാം ക്ലാസ്സ് പാസായിരിക്കണം.(3)10 വർഷം വാലീഡുള്ള ഡ്രൈവിംഗ് ലൈസൻസുണ്ടായിരിക്കണം. 10 വർഷത്തെ ഡ്രൈവിംഗ് പരിചയമുണ്ടായിരിക്കണം. പരിചയസമ്പന്നർക്ക് മുൻഗണന നല്കപ്പെടും. (4)തിരഞ്ഞെടുക്കപ്പെടുന്ന ഡ്രൈവർക്ക് ഗ്രേഡ് രണ്ടിന്റെ സമാനമായ അലൗൺസും മറ്റു സൗകര്യങ്ങളും നല്കുന്നതായിരിക്കും. (5)ഉദ്യോഗാർഥി ഖാദിയാൻ നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്. നൂർ ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥി സേവനത്തിന് അർഹനാകുക. (6)തിരഞ്ഞെടുക്കപ്പെട്ടാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. (7)യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.

ഇന്റർവ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്

കൂടുതൽ വിവരത്തിനു ബന്ധപ്പെടുക:
NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143 516
Mob:09682627592, 09682587713, Office:01872501130
Email:diwan@qadian.in

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin